പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 58 ലക്കം 7

ഒക്ടോബർ 2018

## കുതിച്ചുയരാം നവകേരളത്തിനായി

## പ്രളയകാല സന്നദ്ധപ്രവർത്തന മാതൃക തുടരാനാകണം

## പൊതുവിദ്യാലയങ്ങൾ മികവിലേക്ക്

## തദ്ദേശസ്വയംഭരണ സർവ്വീസ് യാഥാർത്ഥ്യത്തിലേക്ക്

## അധികാര വികേന്ദ്രീകരണ പാതയിൽ കേരളത്തിന് ഒരു പൊൻതൂവൽ



## ഹരിത പെരുമാറ്റച്ചട്ടം ഗാന്ധിയൻ പരിപ്രേക്ഷ്യം




# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ഒക്ടോബർ 2018


## അകത്ത്




ഹരിതപെരുമാറ്റച്ചട്ടം - ഗാന്ധിയൻ പരിപ്രേക്ഷ്യം 5
എസ്.എം. വിജയാനന്ദ്

കുതിച്ചുയരാം നവകേരളത്തിനായി 8
എച്ച്. ദിനേശൻ ഐ.എ.എസ്

പ്രളയകാല സന്നദ്ധപ്രവർത്തന മാതൃക തുടരാനാകണം 11
ഡോ.ആർ. അജയകുമാർ വർമ്മ

പൊതുവിദ്യാലയങ്ങൾ മികവിലേക്ക് 15
കെ.വി.മോഹൻ കുമാർ ഐ.എ.എസ്

തദ്ദേശസ്വയംഭരണ സർവ്വീസ് യാഥാർത്ഥ്യത്തിലേക്ക് 18
എം. വിജയകുമാരൻ നായർ



കേരളത്തിന് ഒരു പൊൻതൂവൽ 22
ഡോ. ജോയ് ഇളമൺ

മൃഗസംരക്ഷണ മേഖലയിലെ പുനരധിവാസം 24
ഡോ. പി. ജി. വത്സല

കാർഷിക മേഖലയിൽ അതിജീവനം അതിവേഗം 26
വിഷ്ണു എസ്.പി

മാലിന്യസംസ്ക്കരണ രംഗത്ത് കരുളായി മാതൃക 30
അസൈനർ വിശാരിയിൽ

പാണ്ടനാട് - ഒരു പ്രളയകുറിപ്പ് 32
രജിത്ത്കുമാർ

വൃക്കരോഗികൾക്ക് തലോടലായി 35
ശ്രീരാജ് എൻ.

മുത്തശ്ശിയോട് ചോദിക്കാം 39
ടി.ഷാഹൽ ഹമീദ്



ഭക്ഷണം കഴിക്കാനുള്ളതാണ് ... പാഴാക്കാനുള്ളതല്ല 40
നിസാർ മൊയ്തീൻ

### പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
എന്ന് വായനക്കാർ 42
കണ്ണും കാതും 42

ഒക്ടോബർ 2018
പുസ്തകം 59 ലക്കം 7
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

# മഹാത്മാവിന്റെ സന്ദേശം ഓർക്കുമ്പോൾ

ലോകത്തെ മാറ്റിമറിച്ച സമാധാനവിപ്ലവത്തിന്റെ സത്തും വിത്തുമായിരുന്ന ഗാന്ധിജി. ഭാരതീയധർമ്മത്തിന്റെ നക്ഷത്രതിളക്കമാണ് ഗാന്ധിയൻ ആശയങ്ങൾ. ചരിത്രത്തിന്റെ താളുകളിൽ രേഖപ്പെട്ട് അടങ്ങാനുള്ളതല്ല, നിത്യജീവിതത്തിന്റെ പ്രതിസന്ധികളിൽ നേർവഴിയായ് തെളിയുന്നതാണ് ആ ജീവിതം.

പല കാര്യങ്ങളിലും തീരുമാനമെടുക്കാൻ പ്രയാസപ്പെട്ട് നാം ധർമ്മസങ്കടത്തിലാവുമ്പോൾ ഏറ്റവും സാധാരണക്കാരന് പ്രയോജനപ്പെടുന്ന തീരുമാനത്തിലെത്തുക എന്ന മഹത്പരിഹാരം നമ്മെ ഉദ്ബോധിപ്പിച്ച ആ മഹാത്മാവിന്റെ 150-ാം ജന്മദിന വാർഷിക ആഘോഷങ്ങൾക്ക് തുടക്കംകുറിച്ചിരിക്കുകയാണ്. നമ്മുടെയെല്ലാം സ്വാതന്ത്ര്യത്തിനുവേണ്ടി സ്വജീവിതം സമർപ്പിച്ച് രക്തസാക്ഷിത്വം വരിച്ച ആ ധീരാത്മാവ് പകർന്ന വെളിച്ചം സമാധാനമാഗ്രഹിക്കുന്ന ഏതൊരു പൗരന്റെയും ഉള്ളിൽ കെടാദീപമായ് നില്ക്കും. ആയിരക്കണക്കിനു വർഷങ്ങൾ കഴിഞ്ഞാലും ഗാന്ധി എന്ന രണ്ടക്ഷരത്തിന്റെ വ്യാപ്തിയും ദീപ്തിയും ആഴവും പ്രസക്തിയും കെട്ടുപോകില്ല.

മനുഷ്യജീവിതത്തിന്റെയും രാഷ്ട്രനിർമ്മിതിയുടെയും അടക്കം എല്ലാ വിഷയങ്ങളിലും വ്യക്തമായ വീക്ഷണം ഗാന്ധിജിക്ക് ഉണ്ടായിരുന്നു. ശുചിത്വത്തിന് ഇത്രയധികം പ്രാധാന്യം നല്കിയ മറ്റൊരു ലോകനേതാവുമുണ്ടാകില്ല ചരിത്രത്തിൽ. വൃത്തിയും വെടിപ്പും വ്യക്തിയിൽ മാത്രം പോര സമൂഹത്തിലും മനസ്സിലും വേണമെന്ന സന്ദേശമാണ് നാം അദ്ദേഹത്തിൽ നിന്നും ഉൾക്കൊള്ളേണ്ടത്. പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന വെല്ലുവിളി ഈ മേഖലയുമായി ബന്ധപ്പെട്ടതാകുമ്പോൾ. മാലിന്യനിർമ്മാർജനം തദ്ദേശസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണെങ്കിൽ പോലും അവർ മാത്രം വിചാരിച്ചാൽ പരിഹരിക്കാൻ കഴിയുന്ന ഒരു പ്രശ്നമല്ല. ഇവിടെയാണ് ഗാന്ധിദർശനത്തിന്റെ പ്രസക്തി. ഓരോ വ്യക്തിയും ഓരോ കുടുംബവും സ്ഥാപനങ്ങളും ആത്മാർത്ഥമായി മുന്നിട്ടിറങ്ങിയാലെ സമ്പൂർണ്ണശുചിത്വം സാധ്യമാകൂ. ആഗസ്റ്റിലെ മഹാപ്രളയം വരുത്തിവച്ച ദുരിതങ്ങളിലൊന്ന് മാലിന്യപ്രശ്നമായിരുന്നു. നാം പുഴയിലേക്ക് വലിച്ചെറിഞ്ഞ മാലിന്യം ചെളിയോടൊപ്പം നമ്മുടെ വാസസ്ഥലങ്ങളിലേക്ക് തിരികെയെത്തി. സർക്കാർ സമയോചിതമായി ഇടപെട്ട് പ്രായോഗികമായ നടപടികളെടുത്തതും പൊതുജനങ്ങളും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ആത്മാർത്ഥമായി ശുചീകരണപ്രവർത്തനം നടത്തിയതും കൊണ്ടുമാത്രമാണ് പ്രശ്നം വലിയ  ഒരളവുവരെ പരിഹരിക്കാൻ കഴിഞ്ഞത്.

മാലിന്യനിർമ്മാർജന പ്രവർത്തനങ്ങളിൽ സർക്കാരും ഹരിതകേരളം മിഷനും നടത്തിയിട്ടുള്ള ചുവടുവെയ്പ്പുകൾ കേരളത്തെ ഹരിതാഭമാക്കുന്നതിലും പൊതുസമൂഹത്തിനിടയിൽ അവബോധം സൃഷ്ടിക്കുന്നതിലും നല്ല പങ്കുവഹിച്ചിട്ടുണ്ട്. പ്രളയാനന്തര കേരളത്തിൽ അത്തരം പ്രവർത്തനങ്ങളുടെ തുടർച്ച നാം ഊർജ്ജസ്വലമായി ഏറ്റെടുക്കേണ്ടതുണ്ട്. ഏതു ദുരന്തഘട്ടത്തെയും അതിജീവിക്കുവാൻ ശേഷിയും കരുത്തുമുള്ളൊരു ജനതയാണ് നാമെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞു. ആ ഉന്മേഷവും ഐക്യശക്തിയും ശുചിത്വപാലന പ്രവൃത്തികളിലും  കാണിക്കുവാൻ നമുക്ക് കഴിയണം. എങ്കിൽ മാത്രമേ രാഷ്ട്രപിതാവിനോടും അദ്ദേഹത്തിന്റെ ചിന്തകളോടും പ്രതിജ്ഞാബദ്ധത പുലർത്താൻ നമുക്ക് കഴിയൂ. അതിനുള്ള യത്നമാകട്ടെ നമ്മുടെ ചിന്തയും പ്രവൃത്തിയും.

**എച്ച്. ദിനേശൻ ഐ.എ.എസ്**

**സമ്പൂർണ്ണശ്രമം സമ്പൂർണ്ണ വിജയമാകുന്നു**
**- മഹാത്മാ ഗാന്ധി**

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ


എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.



# ഹരിതപെരുമാറ്റച്ചട്ടം : ഗാന്ധിയൻ പരിപ്രേക്ഷ്യം

**എസ്.എം. വിജയാനന്ദ്**

ഒരു തികഞ്ഞ പരിസ്ഥിതിവാദിയായിരുന്നു മഹാത്മാഗാന്ധി. നാം ഇന്നുപയോഗിക്കുന്ന പ്രകൃതിവിഭവങ്ങൾ നമുക്ക് പാരമ്പര്യമായി ലഭിച്ചതല്ല, മറിച്ച് വരുംതലമുറകളിൽ നിന്ന് കടമെടുത്തതാണ് എന്ന അദ്ദേഹത്തിന്റെ ഉദ്ബോധനം തന്നെയാണ് സുസ്ഥിരവികസനത്തിന്റെ ഉത്തമ നിർവ്വചനം. അത്യാർത്തിയില്ലാത്ത, പ്രകൃതിയോടിണങ്ങിയ ലളിത ജീവിതമാണ് അദ്ദേഹം നയിച്ചതും ഉപദേശിച്ചതും. സമാനമായി മുമ്പോ പിമ്പോ അതിനുദാഹരണം നമ്മുടെ മുന്നിലില്ല. മനുഷ്യരെയും പ്രകൃതിയെയും ചൂഷണം ചെയ്യുന്ന പ്രാദേശിക സമ്പദ് വ്യവസ്ഥയിലും പ്രാദേശിക വികസനത്തിലും ഊന്നിയ വികസന ദർശനമായിരുന്നു അദ്ദേഹത്തിന്റേത്.

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ശുചിത്വമാണ് ഏതൊരു മാതൃകാഗ്രാമത്തിന്റെയും പട്ടണത്തിന്റെയും മുഖമുദ്ര; ശുചിത്വപരിപാലനം ഏതൊരു പ്രാദേശിക സർക്കാരിന്റെയും മുഖ്യ കർത്തവ്യവും. പ്രാദേശിക വികസനത്തിന്റെ അടിസ്ഥാന ഘടകം ശുചിത്വമാണ്. എന്നാൽ ശുചീകരണവും

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ശുചിത്വമാണ് ഏതൊരു മാതൃകാ ഗ്രാമത്തിന്റെയും പട്ടണത്തിന്റെയും മുഖമുദ്ര.




*മഹാത്മാഗാന്ധിയുടെ ജന്മദിനത്തിൽ തിരുവനന്തപുരം ഗാന്ധിപാർക്കിൽ നടന്ന സംസ്ഥാനതല ആചരണ പരിപാടികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.*

മാലിന്യനിർമ്മാർജ്ജനവും വികസന പ്രവർത്തനമായി അംഗീകരിക്കപ്പെടുന്നതുവരെ, ദശകങ്ങളോളം, ആ ഗാന്ധിയൻ വികസനസങ്കല്പം ഇന്ത്യയിൽ അവഗണിക്കപ്പെട്ടു.

മറ്റെല്ലാ കാര്യങ്ങളിലുമെന്നപോലെ ശുചിത്വത്തിലും ഗാന്ധിജിക്ക് അഗാധമായ ഉൾക്കാഴ്ചയും സമഗ്രമായ സങ്കല്പനങ്ങളും ഉണ്ടായിരുന്നു. പൊതുജനാരോഗ്യ സംരക്ഷണത്തിൽ ശുചിത്വത്തിന്റെ പ്രാധാന്യം അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. വീടും പൊതു സ്ഥലങ്ങളും രോഗവിമുക്തമായി സംരക്ഷിക്കുന്നതിന് ശുചിത്വം അനിവാര്യമാണെന്ന് അദ്ദേഹം എടുത്തുപറഞ്ഞു. എന്നാൽ അതിലൊക്കെ ഉപരിയാണ് ശുചിത്വപരിപാലനത്തിൽ അദ്ദേഹത്തിന്റെ ദർശനം. ഒമ്പതു തലങ്ങളിൽ അത് അദ്ദേഹം വിശകലനം ചെയ്തിട്ടുണ്ട്.

1. സദാചാരപരം: ശുചിത്വമില്ലായ്മ ദുശ്ശീലത്തിനു സമമായി അദ്ദേഹം കണ്ടു.
2. ആത്മീയം : മനസ്സിന്റെയും ആത്മാവിന്റെയും സംശുദ്ധിയിലധിഷ്ഠിതമാണ് ശുചിത്വം, ആത്മീയതയുടെ സഹജഘടകമാണ് ശുചിത്വം.
3. മതാചാരം: ശുചിത്വം ദൈവികത്വത്തിനോട് ചേർന്നുനില്ക്കുന്ന ഒന്നാണ് - അശുദ്ധമായ ശരീരവും മനസ്സുമായി ദൈവാരാധന നടത്തുന്നവർക്ക് ദൈവാനുഗ്രഹം അസാധ്യമാണ്.
4. സാംസ്കാരികം: ഒരു പരിഷ്കൃതസമൂഹത്തിന്റെ മുഖ്യ ലക്ഷണമാണ് ശുചിത്വം.
5. സൗന്ദര്യാത്മകം: വൃത്തിയും ശുദ്ധിയുമുള്ള കുടുംബങ്ങൾ സമൂഹജീവിതത്തെ സുന്ദരവും ശാന്തവുമാക്കുന്നു.
6. സാമൂഹികം: പരിസരം വൃത്തിയാക്കുന്നവരെ വൃത്തിഹീനർ എന്ന് അധിക്ഷേപിക്കുന്ന പരിഹാസാത്മകമായ ജാതിവ്യവസ്ഥയിലേക്ക് വിരൽചൂണ്ടുന്ന സൂചകമായി ഗാന്ധി അതിനെ കണ്ടു. വ്യക്തിശുചിത്വത്തിലൂടെയും ഗാർഹികശുചിത്വത്തിലൂടെയും അയിത്തത്തിന്റെ നീചഭാവങ്ങളെ ഉന്മൂലനം ചെയ്യാമെന്ന് അദ്ദേഹം വിശ്വസിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. അങ്ങനെ സാമൂഹിക മുന്നേറ്റത്തിനുള്ള ഉപാധിയായി ശുചിത്വത്തെ അദ്ദേഹം സ്വരാജിൽ പ്രതിഷ്ഠിച്ചു.
7. സാമ്പത്തികം: "പാഴ് വസ്തുക്കളിൽനിന്ന് സമ്പത്ത്" എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് ഗാന്ധിജിയാണ്.
8. പാരിസ്ഥിതികം: ജൈവവളത്തിന്റെ മഹത്വവും പ്രാധാന്യവും അദ്ദേഹം നമ്മെ നിരന്തരം ഓർമ്മിപ്പിച്ചു. അത് മണ്ണിനെ പരിപോഷിപ്പിച്ചുകൊണ്ടേയിരിക്കും. ഒരിക്കലും അത് മണ്ണിന്റെ വീര്യം കെടുത്തുന്നില്ല. പാഴ്വസ്തുക്കളെ വിവേകപൂർവം അതതു ദിവസം കമ്പോസ്റ്റ് ചെയ്ത് മികച്ച വളമാക്കി മാറ്റിയാൽ ധാന്യങ്ങളുടെയും പയർവർഗങ്ങളുടെയും ഉല്പാദനം പതിന്മടങ്ങാക്കി വർധിപ്പിക്കാൻ കഴിയും.
9. രാഷ്ട്രീയം - സ്വാതന്ത്ര്യത്തെക്കാൾ പ്രധാനമാണ് ശുചിത്വം - യഥാർത്ഥ സ്വരാജിന്റെ ഒരവിഭാജ്യഘടകമാണത്.

ശുചിത്വത്തിന്റെ മേല്പറഞ്ഞ എല്ലാ ഘടകങ്ങളും സ്വജീവിതത്തിലും പ്രവൃത്തിയിലും യാഥാർത്ഥ്യമാക്കാൻ അദ്ദേഹം ഉടനീളം ശ്രമിച്ചിരുന്നുവെന്ന വസ്തുത എടുത്തുപറയേണ്ടതുണ്ട്.

പാശ്ചാത്യ സംസ്കാരത്തെ മറ്റൊരു കാര്യത്തിലും പ്രകീർത്തിക്കുകയോ അനുകരിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യാത്ത ഗാന്ധിജി പക്ഷെ ശുചിത്വത്തിന്റെ കാര്യത്തിൽ പാശ്ചാത്യനാടുകളിൽനിന്ന് അതിന്റെ ശാസ്ത്രവും പ്രയോഗവും പഠിക്കാനും പ്രാദേശികാവശ്യങ്ങൾക്കനുസൃതമായി അതിനെ പ്രയോജനപ്പെടുത്താനും ഇന്ത്യൻ ജനതയെ ഉപദേശിച്ചു. നമ്മുടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും നിലനിന്ന ശുചിത്വമില്ലായ്മയിൽ മനംമടുത്താണ് അദ്ദേഹം അതു ചെയ്തത്.

"സ്വീകരണമുറിയോളം വൃത്തിയുള്ളതാവണം കക്കൂസുകൾ" എന്ന ഗാന്ധിജിയുടെ വാക്കുകൾ പ്രസിദ്ധമാണ്. "പേനയ്ക്കും പെൻസിലിനും നല്കുന്ന മഹത്വം ചൂലിനും മൺകോരികയ്ക്കും നല്കണം" എന്നും ഗാന്ധിജി അഭിപ്രായപ്പെടുകയുണ്ടായി.

## പാലിക്കേണ്ട പാഠങ്ങൾ

വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ ഓരോ വ്യക്തിക്കും ഉത്തരവാദിത്തമു

"നിങ്ങൾ സ്വയം ചൂലും ബക്കറ്റുമെടുക്കാൻ തയ്യാറാകാത്തിടത്തോളം പട്ടണങ്ങളെയും നഗരങ്ങളെയും വൃത്തിയാക്കി സൂക്ഷിക്കാൻ നമുക്കു കഴിയില്ല" എന്നും അദ്ദേഹം മുന്നറിയിപ്പു നല്കി.

ണ്ടെന്ന് ഗാന്ധിജി ഉറച്ചു വിശ്വസിച്ചിരുന്നു. "ഓരോരുത്തരും തങ്ങളുടെ തന്നെ തോട്ടിയായിരിക്കണ"മെന്ന് അദ്ദേഹം നിർദ്ദേശിച്ചു. "നിങ്ങൾ സ്വയം ചൂലും ബക്കറ്റുമെടുക്കാൻ തയ്യാറാകാത്തിടത്തോളം പട്ടണങ്ങളെയും നഗരങ്ങളെയും വൃത്തിയാക്കി സൂക്ഷിക്കാൻ നമുക്കു കഴിയില്ല" എന്നും അദ്ദേഹം മുന്നറിയിപ്പു നല്കി.

ഗ്രാമപഞ്ചായത്തുകളുടെ പ്രാഥമിക കർത്തവ്യം ശുചീകരണമാണെന്ന് ഗാന്ധിജി ഉറച്ചു വിശ്വസിച്ചു. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം കൂടുതൽ പ്രസക്തമാണ്: "ഒരു മുനിസിപ്പാലിറ്റിക്കും ശുചിത്വം, ജനബാഹുല്യം എന്നിവയെ നികുതി ചുമത്തിയോ പണം ഈടാക്കിയുള്ള സേവനത്തിലൂടെയോ അത്രയെളുപ്പം കൈകാര്യം ചെയ്യാൻ കഴിയില്ല." പൗരന്മാരുടെ ബാഹ്യവും ആന്തരികവുമായ ശുചിത്വം സൂക്ഷിക്കുന്ന പരിപാവനമായ ദൗത്യം മുനിസിപ്പൽ കൗൺസിലർമാർ ഏറ്റെടുക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. "തോട്ടികൾ എന്ന് സ്വയം വിശേഷിപ്പിക്കുന്നതിൽ കൗൺസിലർമാർ അഭിമാനം കൊള്ളണമെന്നും ആ ദൗത്യം പാവപ്പെട്ടവരെന്നോ സമ്പന്നരെന്നോ വ്യത്യാസമില്ലാതെ സർവവിഭാഗം ജനങ്ങളെയും കർമ്മസന്നദ്ധരാക്കി നിർവഹിക്കണമെന്നും" അദ്ദേഹം ഉദ്ബോധിപ്പിച്ചു.

പാഴ്‌വസ്തുക്കളെ ഗാന്ധിജി അക്കാലത്തുതന്നെ മൂന്നായി തരംതിരിച്ചു കണ്ടിരുന്നു എന്നത് ശ്രദ്ധേയമാണ്. ഒന്ന് കമ്പോസ്റ്റിംഗിലൂടെ വളമാക്കാനുള്ളവ, രണ്ട്: പുനഃചംക്രമണത്തിലൂടെ പുനരുപയോഗിക്കാൻ കഴിയുന്നവ (ഗ്രാമീണ സംരംഭകർ മുഖേന) മൂന്ന്: മറ്റൊരു ഉപയോഗവുമില്ലാത്തവ - അവ കത്തിച്ചു കളയേണ്ടവ.

അത്തരത്തിൽ വികേന്ദ്രീകൃതവും പ്രാദേശികവും പങ്കാളിത്തപരവുമായ മാതൃകയാണ് മഹാത്മാഗാന്ധി മുന്നോട്ടു വച്ചത്. പട്ടണങ്ങളിൽപോലും പാഴ്‌വസ്തു പരിപാലനം പ്രാഥമികമായി വ്യക്തികളുടെയും കുടുംബങ്ങളുടെയും ഉത്തരവാദിത്തമാണ്. പാഴ്‌വസ്തുക്കളുടെ ജൈവഘടകങ്ങൾ മണ്ണിനെ സമ്പുഷ്ടമാക്കാനായി തിരികെ മണ്ണിലേക്കുതന്നെ ചെന്നുചേരണം. കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഇതൊരു അനിവാര്യ ആവശ്യമായി മാറിയിട്ടുണ്ട്. പാഴ്‌വസ്തുക്കളെ തരംതിരിച്ച് കഴിയുന്നത്ര ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കാൻ കഴിയണം. വളമായും പുനഃചംക്രമണത്തിലൂടെയും പ്രയോജനപ്രദമായ ഉല്പന്നങ്ങളായി അവയെ പരമാവധി ഉപയോഗപ്പെടുത്തണം. അതിനൊന്നും കഴിയാത്തവ മാത്രം മാലിന്യസംസ്കരണത്തിനായി നീക്കം ചെയ്യണം.

പാഴ്‌വസ്തു സംസ്കരണത്തിലും മാലിന്യനിർമ്മാർജ്ജനത്തിലും ഓരോരുത്തരുടെയും - വ്യക്തികൾ, കുടുംബങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹിക സംഘടനകൾ - പങ്കും പങ്കാളിത്തവും കൃത്യമായി നിർണ്ണയിക്കുകയും വ്യക്തത വരുത്തുകയും ചെയ്യണം. ഇനി നിയമങ്ങളുടെ അനിവാര്യത - ഗാന്ധിജി ശിക്ഷയുടെ കാര്യം പ്രത്യക്ഷമായി ആവശ്യപ്പെട്ടിട്ടില്ലെങ്കിൽ തന്നെയും ശുചിത്വമില്ലായ്മയോടും പരിസരമലിനീകരണത്തോടുമുള്ള അദ്ദേഹത്തിന്റെ അസഹിഷ്ണുത പരോക്ഷമായി അതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

അപരിഹാര്യമായ വിനാശം വിതച്ച വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് നമ്മുടെ പ്രഥമ ചുമതല പരിസ്ഥിതി പുനഃസ്ഥാപനമാണ്. ആധുനിക യന്ത്രങ്ങളുടെയോ സങ്കീർണ്ണമായ സാങ്കേതിക വിദ്യകളുടെയോ 'പുറംമോടി'യല്ല, നമുക്കു വേണ്ടത്. ലളിതവും സുസ്ഥിരവുമായ പ്രാദേശിക സംരംഭങ്ങളാണ്. അതാണ് നമുക്ക് എന്നും അഭിമാനവും ആവേശവും പകരുക. സാവധാനം എന്നാൽ സുസ്ഥിരമായ പുരോഗതി, അതാവട്ടെ നമ്മുടെ ലക്ഷ്യം."



## വീടില്ലാത്തവർക്ക് ആശങ്ക വേണ്ട

ലൈഫ് പദ്ധതിയിൽ അഞ്ച് ലക്ഷത്തോളം ഭവനരഹിതരെയും ഭൂരഹിത ഭവനരഹിതരെയും കണ്ടെത്തിയിട്ടുണ്ടെന്നും ഇവർക്കെല്ലാം സമയബന്ധിതമായിത്തന്നെ ഭവനനിർമ്മാണത്തിന് ധനസഹായം നൽകുമെന്നും അതിൽ ആശങ്ക വേണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമ പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ രണ്ടാം ഘട്ടമായി പണി പൂർത്തീകരിച്ച വീടുകളുടെ താക്കോൽ ദാനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ദീർഘകാലം ചെമ്മരുതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റും മുൻ എം.എൽ.എയുമായിരുന്ന എ. അലിഹസ്സന്റെ നാമധേയത്തിൽ പുനർ നിർമ്മിച്ച മിനി സ്റ്റേഡിയത്തിന്റെ ഉദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു.

അപരിഹാര്യമായ വിനാശം വിതച്ച വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് നമ്മുടെ പ്രഥമ ചുമതല പരിസ്ഥിതി പുനഃസ്ഥാപനമാണ്.

*ലേഖകൻ മുൻ ചീഫ് സെക്രട്ടറിയാണ്.*

# കുതിച്ചുയരാം നവകേരളത്തിനായി

**എച്ച്. ദിനേശൻ ഐ.എ.എസ്**

മലയാള മണ്ണിനെയും മനസ്സിനെയും പിടിച്ചുലച്ച പ്രളയം കടന്നുപോയിട്ട് രണ്ട് മാസമാകുന്നു. നവകേരളസൃഷ്ടിക്കായി സർക്കാരും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നവകേരളസൃഷ്ടിയിൽ നിർണ്ണായകമായ പങ്കാണ് വഹിക്കുവാനുള്ളത്.

പ്രളയത്തിൽ പൂർണ്ണമായും ഭാഗികമായും തകർന്ന ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാത്ത രീതിയിൽ ദൈനംദിന പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ധാരാളം പ്രശ്നങ്ങൾ പ്രളയബാധിത തദ്ദേശസ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഓഫീസുകളിലെ വിലപ്പെട്ട രേഖകൾ പലതും നശിച്ചുപോയിട്ടുണ്ട്. അവയുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ച് അത് വിജ്ഞാപനമായി പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. പൊതുജനങ്ങൾക്ക് നൽകിയിട്ടുള്ള വിവിധ സാക്ഷ്യപത്രങ്ങൾ, ലൈസൻസ് മുതലായവ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. അവ വീണ്ടും നൽകുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തകർന്ന കെട്ടിടങ്ങൾ, പാലങ്ങൾ, വീടുകൾ തുടങ്ങിയവയുടെ പുനർനിർമ്മാണത്തിന് മുൻഗണന നൽകി തദ്ദേശസ്ഥാപനങ്ങൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമ്പോൾ തന്നെ പദ്ധതി പ്രവർത്തനം, നികുതിപിരിവ്, മറ്റ് ദൈനംദിന പ്രവർത്തനങ്ങൾ തുടങ്ങിയവ വീഴ്ചകൂടാതെ നടപ്പാക്കേണ്ടതുണ്ട്.

പദ്ധതിപ്രവർത്തനങ്ങളിലും നികുതിപരിവിലും പുതിയൊരു സംസ്കാരം തന്നെ സൃഷ്ടിച്ച വർഷമാണ് കടന്നുപോയത്. 2017-18 ന്റെ വിജയകരമായ തുടർച്ചയെന്നപോലെ 2018-19ൽ ചരിത്രത്തിലാദ്യമായി സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ 2018 മാർച്ച് 31 നകം പദ്ധതി അംഗീകാരം നേടി ഏപ്രിൽ ഒന്നു മുതൽ പദ്ധതി നിർവ്വഹണം ആരംഭിച്ചു. പദ്ധതിപ്രവർത്തനങ്ങൾ ചിട്ടയായും കൃത്യതയോടെയും നടന്നുവന്ന ഘട്ടത്തിലാണ് മഹാപ്രളയം അതിന്റെ താളം തെറ്റിച്ചത്. എന്നിരുന്നാലും സെപ്തംബർ 30 വരെയുള്ള തദ്ദേശസ്ഥാപനങ്ങളുടെ ചെലവുപുരോഗതി പരിശോധിച്ചാൽ അത് മുൻവർഷങ്ങളെക്കാളും വളരെ മുന്നിലാണെന്ന് കാണാം (പട്ടിക ശ്രദ്ധിക്കുക).

ഈ മാസം 10 വരെയുള്ള കണക്കുകൾ പ്രകാരം പദ്ധതിച്ചെലവ് 30 ശതമാനം കടന്നിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ കണ്ണൂർ, പാലക്കാട്, കോഴിക്കോട്, പത്തനംതിട്ട ജില്ലകൾ മുമ്പിലാണ്. തദ്ദേശസ്ഥാപ നതലത്തിൽ കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകൾ, ചിറ്റൂർ -തത്തമംഗലം, മുക്കം, പാലക്കാട് നഗരസഭകൾ, വയനാട്, തിരുവനന്തപുരം ജില്ല പഞ്ചായത്തുകൾ, തളിപ്പറമ്പ്, ഓച്ചിറ, നീലേശ്വരം ബ്ലോക്ക് പഞ്ചായത്തുകൾ, കാട്ടാക്കട, കുട്ടിലങ്ങാടി, എരമംകുറ്റൂർ, രാമന്തളി, നന്ദിയോട് ഗ്രാമപഞ്ചായത്തുകൾ തുടങ്ങിയവ ചെലവു പുരോഗതിയിൽ വളരെ മികച്ച പ്രകടനമാണ് നടത്തിയിട്ടുള്ളത്.

പ്രളയത്തിനു ശേഷമുള്ള സാഹചര്യം പരി

**പദ്ധതി പുരോഗതി കഴിഞ്ഞ 5 വർഷങ്ങളിൽ**

| വർഷം | ചെലവ് % |
|---|---|
| 2014 സെപ്റ്റം.30 | 11.23 |
| 2015 സെപ്റ്റം.30 | 10.81 |
| 2016 സെപ്റ്റം.30 | 2.27 |
| 2017 സെപ്റ്റം. 30 | 20.57 |
| 2018 സെപ്റ്റം. 30 | 26.72 |

**പദ്ധതി ചെലവ് – തദ്ദേശസ്ഥാപന തലത്തിൽ**

**(2018 ഒക്ടോബർ 10 വരെ)** (രൂപ കോടിയിൽ)

| നം. | തദ്ദേശഭരണ സ്ഥാപനം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|
| 1 | ജില്ല പഞ്ചായത്ത് | 897.21 | 317.13 | 35.54 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 893.47 | 316.61 | 35.44 |
| 3 | ഗ്രാമപഞ്ചായത്ത് | 3310.56 | 1013.55 | 30.62 |
| 4 | മുനിസിപ്പാലിറ്റി | 909.00 | 263.90 | 29.03 |
| 5 | മുനിസിപ്പൽ കോർപ്പറേഷൻ | 716.71 | 167.39 | 23.36 |

## പദ്ധതി തുക വിനിയോഗം

2018 ഒക്ടോബർ 10 വരെ (രൂപ കോടിയിൽ)

| ഇനം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ്% |
|---|---|---|---|
| ജനറൽ | 3785.5 | 1392.51 | 36.79 |
| എസ്.സി.പി | 1289.42 | 309.9 | 24.03 |
| റ്റി.എസ്.പി. | 193.87 | 44.52 | 22.96 |
| റ്റി.എഫ്. സി. | 1453.72 | 331.52 | 22.8 |

## വാർഷിക പദ്ധതി പുരോഗതി – ജില്ലകൾ തിരിച്ച്

2018 ഒക്ടോബർ 10 വരെ (രൂപ കോടിയിൽ)

| നം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|
| 1 | കണ്ണൂർ | 400.11 | 146.62 | 36.64 |
| 2 | പാലക്കാട് | 628.71 | 213.51 | 33.96 |
| 3 | കോഴിക്കോട് | 524.49 | 174.85 | 33.34 |
| 4 | പത്തനംതിട്ട | 278.66 | 92.8 | 33.30 |
| 5 | കാസർഗോഡ് | 253.39 | 80.5 | 31.77 |
| 6 | തിരുവനന്തപുരം | 818.53 | 256.66 | 31.36 |
| 7 | വയനാട് | 227.55 | 70.21 | 30.85 |
| 8 | മലപ്പുറം | 642.81 | 196.64 | 30.59 |
| 9 | കോട്ടയം | 371.51 | 113.06 | 30.43 |
| 10 | കൊല്ലം | 605.44 | 183.6 | 30.33 |
| 11 | തൃശ്ശൂർ | 603.29 | 171.54 | 28.43 |
| 12 | ഇടുക്കി | 335.98 | 95.45 | 28.41 |
| 13 | ആലപ്പുഴ | 431.88 | 120.35 | 27.87 |
| 14 | എറണാകുളം | 599.6 | 162.79 | 27.15 |

ശോധിച്ച് ആവശ്യമെങ്കിൽ വാർഷികപദ്ധതിയിൽ ഉചിതമായ മാറ്റം വരുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. അത്യാവശ്യമില്ലാത്തതും നടപ്പാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഒഴിവാക്കി പ്രളയത്തിൽ തകർന്ന ആസ്തികളുടെ പുനർനിർമ്മാണത്തിന് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കാൻ തദ്ദേശസ്ഥാപനങ്ങൾ മുന്നോട്ട് വന്നത് അഭിനന്ദനീയമാണ്. എന്നാൽ അതിന്റെ തുടർപ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പാക്കേണ്ടതുണ്ട്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ തുടക്കത്തിൽ തന്നെ ഓരോ പാദത്തിലുമുണ്ടാകേണ്ട ചെലവുശതമാനം സർക്കാർ മുൻകൂട്ടി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതുപ്രകാരം 2018 ഡിസംബർ മാസത്തിനുള്ളിൽ 70 ശതമാനമോ അതിൽ കൂടുതലോ ചെലവ് തദ്ദേശസ്ഥാപനങ്ങൾ വരുത്തേണ്ടതുണ്ട്. ആ രീതിയിൽ കാര്യങ്ങൾ പുരോഗമിക്കുന്നതിന് വേണ്ട നടപടികളാണ് ഓരോ സ്ഥാപനവും കൃത്യമായും സ്വീകരിക്കേണ്ടത്. പൊതുവിഭാഗം ഫണ്ട് ചെലവഴിക്കുന്നതിൽ കാണിക്കുന്ന ജാഗ്രതയും ശ്രദ്ധയും SCP, TSP ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്നതിലുമുണ്ടാകണം. എങ്കിലേ സമഗ്രവികസനം സാധ്യമാകൂ.

പദ്ധതിപ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നതിന് ഇനിയുള്ള ആറ് മാസം നിർണ്ണായകമാണ്. അതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരണം. പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സൂക്ഷ്മവിശകലനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം. വിവിധ പദ്ധതികളുടെ ഗുണഭോക്തൃയോഗങ്ങൾ അടിയന്തരമായി നിർവ്വഹണ ഉദ്യോഗസ്ഥർ വിളിച്ചുചേർക്കണം. പ്രവർത്തനപുരോഗതി വിലയിരുത്തി ടാർജറ്റ് കൈവരിക്കുന്നതിന് സമയക്രമം നിശ്ചയിച്ച് നൽകണം. ധനസഹായ പദ്ധതികളിൽ ഗഡുക്കൾ കൃത്യമായി നൽകാൻ ശ്രദ്ധിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം രണ്ടാഴ്ചയിലൊരിക്കലെങ്കിലും തദ്ദേശസ്ഥാപന മേധാവികൾ വിളിച്ചുചേർക്കണം. തടസ്സങ്ങളുണ്ടെങ്കിൽ സ്ഥാപനതലത്തിൽ പരിഹാര്യമായവ പരിഹരിക്കണം. അല്ലാത്തവ മേലധികാരികളുമായി ബന്ധപ്പെട്ട് പരിഹാരം കാണണം. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കൈക്കൊള്ളേണ്ട തീരുമാനങ്ങൾ കൃത്യസമയങ്ങളിൽ തന്നെ എടുക്കണം. അവ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നടപടികൾക്കായി നൽകണം. ജില്ലയിലെ വകുപ്പുമേധാവികൾ പദ്ധതിപ്രവർത്തനം വിലയിരുത്തുകയും ഏറ്റവും പിന്നോക്കമായ തദ്ദേശസ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ അവലോകനം നടത്തുകയും വേണം. പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് സൂപ്പർവൈസർമാരുടെ സേവനം ഉപയോഗപ്പെടുത്തണം.

ഈ സാമ്പത്തിക വർഷത്തെ പദ്ധതിപ്രവർത്തനങ്ങൾ നൂറ് ശതമാനം ലക്ഷ്യം കൈവരിക്കുന്നതിനോടൊപ്പം തന്നെ 2019-20 വർഷത്തെ പദ്ധതി ആസൂത്രണപ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. അതുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും സംയുക്തയോഗങ്ങളും മിക്ക സ്ഥലങ്ങളിലും നടന്നു കഴിഞ്ഞു എന്നറിയുന്നത് ശുഭോദർക്കമാണ്. നവംബർ പകുതിയോടെ ആസൂത്രണ ഗ്രാമ/വാർഡ് സഭകൾ ചേർന്ന് ഡിസംബർ അവസാനത്തോടെ പദ്ധതി രൂപീകരണം പൂർത്തീകരിക്കുന്നതിന് ചിട്ടയായ പ്രവർത്തനം സംഘടിപ്പിക്കേണ്ടതുണ്ട്. ഈ സാമ്പത്തിക വർഷം അവസാനം പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കാൻ സാധ്യതയുള്ളതിനാൽ ഇക്കാര്യങ്ങളിൽ ഗൗരവപൂർണ്ണമായ സമീപനം കൈക്കൊള്ളേണ്ടതാണ്.

ജനപ്രതിനിധികളും ജീവനക്കാരും സേവനമനോഭാവത്തോടെ സ്വയം സമർപ്പിക്കേണ്ട നാളുകളാണ് വരുന്നത്.

## ഫണ്ട് വിനിയോഗത്തിൽ മാതൃകാപരമായി മുന്നേറുന്ന തദ്ദേശസ്ഥാപനങ്ങൾ

**(2018 ഒക്ടോബർ 10 വരെയുള്ള കണക്ക്)** (രൂപ കോടിയിൽ)

**കോർപ്പറേഷനുകൾ–**

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|
| 1 | കോഴിക്കോട് | 118.62 | 39.89 | 33.63 |
| 2 | കണ്ണൂർ | 28.18 | 8.80 | 31.23 |

**മുനിസിപ്പാലിറ്റികൾ**

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ്% |
|---|---|---|---|---|---|
| 1 | ചിറ്റൂർ തത്തമംഗലം | പാലക്കാട് | 10.03 | 4.87 | 48.55 |
| 2 | മുക്കം | കോഴിക്കോട് | 4.99 | 2.18 | 43.69 |
| 3 | പാലക്കാട് | പാലക്കാട് | 32.56 | 14.20 | 43.61 |

**ജില്ലാ പഞ്ചായത്തുകൾ**

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1 | വയനാട് | 37.93 | 17.20 | 45.35 |
| 2 | തിരുവനന്തപുരം | 80.68 | 33.85 | 41.96 |

**ബ്ലോക്ക് പഞ്ചായത്തുകൾ**

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 1 | തളിപ്പറമ്പ് | കണ്ണൂർ | 7.66 | 4.60 | 60.05 |
| 2 | ഓച്ചിറ | കൊല്ലം | 6.02 | 3.59 | 59.63 |
| 3 | നീലേശ്വരം | കാസർഗോഡ് | 3.96 | 2.35 | 59.34 |
| 4 | കാഞ്ഞങ്ങാട് | കാസർഗോഡ് | 4.82 | 2.65 | 54.98 |
| 5 | മലമ്പുഴ | പാലക്കാട് | 7.50 | 3.98 | 53.07 |

**ഗ്രാമപഞ്ചായത്തുകൾ**

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 1 | കാട്ടാക്കട | തിരുവനന്തപുരം | 5.44 | 3.21 | 59.01 |
| 2 | കുട്ടിലങ്ങാടി | മലപ്പുറം | 3.23 | 1.85 | 57.28 |
| 3 | എരമം കുറ്റൂർ | കണ്ണൂർ | 3.16 | 1.78 | 56.33 |
| 4 | രാമന്തളി | കണ്ണൂർ | 2.63 | 1.48 | 56.27 |
| 5 | നന്ദിയോട് | തിരുവനന്തപുരം | 4.60 | 2.57 | 55.87 |
| 6 | പരിയാരം | കണ്ണൂർ | 3.14 | 1.70 | 54.14 |
| 7 | അമ്പൂരി | തിരുവനന്തപുരം | 2.97 | 1.57 | 52.86 |
| 8 | ഇടവ | തിരുവനന്തപുരം | 2.96 | 1.56 | 52.70 |
| 9 | ചെറുവത്തൂർ | കാസർഗോഡ് | 2.64 | 1.39 | 52.65 |

തദ്ദേശസ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വരുന്ന ലൈഫ് പദ്ധതി സമയബന്ധിതമായി ലക്ഷ്യം കൈവരിക്കുന്നതിന് നമുക്ക് കഴിയണം. അർഹതയുള്ള ഗുണഭോക്താക്കളിൽ പലരുടെയും വസ്തു ബാങ്കിൽ പണയപ്പെടുത്തിയതു കാരണം കരാറിലേർപ്പെടാൻ കഴിഞ്ഞിരുന്നില്ല. ഇത് പലയിടത്തും പദ്ധതിനടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിരുന്നു. എന്നാൽ അത്തരം കേസുകൾ പ്രത്യേകം പരിഗണിച്ച് ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കരാറിലേർപ്പെടുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. മാത്രമല്ല, ലൈഫ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിലായി ഇനിയും പൂർത്തീകരിക്കാനുള്ള 7685 ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പ്രത്യേക ടീം രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി പിരിവിൽ 2017-18 സാമ്പത്തിക വർഷം റിക്കാർഡ് നേട്ടമാണ് കൈവരിച്ചത്. പിരിവ് ശരാശരി 82.83 ശതമാനമായിരുന്നു. ഈ നേട്ടം കൂടുതൽ മികവോടെ വരുംവർഷങ്ങളിലും തുടരേണ്ടതിനാൽ 2018-19 ൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും തനത് നികുതി-നികുതിയേതര വരുമാനം നൂറു ശതമാനവും പിരിച്ചെടുക്കണം. പഞ്ചായത്തുകളുടെ തനത് വരുമാനത്തിന്റെ 80% ത്തോളം പ്രദാനം ചെയ്യുന്ന വസ്തുനികുതിയുടെ കളക്ഷൻ ടാർജറ്റ് അടിയന്തരമായി നിജപ്പെടുത്തി പിരിച്ചെടുക്കുന്നതിനായി സഞ്ചയ വിവരശേഖരത്തിൽ എല്ലാ കെട്ടിടങ്ങളുടെയും യഥാർത്ഥ വിവരങ്ങൾ ഉൾപ്പെടുത്തി സഞ്ചയ ഡേറ്റാ ശുദ്ധീകരണം പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും സെക്രട്ടറിമാരും നടപടി സ്വീകരിക്കണം. ആവശ്യമെങ്കിൽ നിയമപരമായ നടപടി സ്വീകരിക്കുന്നതിലും വീഴ്ച വരുത്തരുത്.

2019-ൽ ലോകസഭാ തെരഞ്ഞെടുപ്പ് കടന്നുവരികയാണ്. കൂടുതൽ ജോലിത്തിരക്കുകളിലേക്കും ഉത്തരവാദിത്തങ്ങളിലേക്കും പോകുന്ന തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികളും ജീവനക്കാരും സേവനമനോഭാവത്തോടെ സ്വയം സമർപ്പിക്കേണ്ട നാളുകളാണ് വരുന്നത്. കഠിനാദ്ധ്വാനത്തിന് മനസ്സുണ്ടെങ്കിൽ ഏത് പ്രതികൂല അവസ്ഥകളെയും അനുകൂലമാക്കി മാറ്റുന്നതിനുള്ള മാന്ത്രികപ്രവർത്തനം കാഴ്ചവെയ്ക്കുവാൻ നമുക്കു കഴിയും. വസ്തുനികുതി പിരിവിലൂടെ തനതുവരുമാനം വർദ്ധിപ്പിച്ചും പൂർണ്ണമായ പദ്ധതിച്ചെലവിലൂടെ പ്രാദേശിക വികസനം സമഗ്രമാക്കിയും മുന്നേറാൻ എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും കഴിയട്ടെ.

*(ലേഖകൻ പഞ്ചായത്ത് ഡയറക്ടറാണ്.)*



### പ്രളയകാല സന്നദ്ധപ്രവർത്തന മാതൃക

# നവകേരള നിർമ്മിതിയിലും തുടരാനാകണം

**ഡോ.ആർ. അജയകുമാർ വർമ്മ**

സംസ്ഥാനം അപ്രതീക്ഷിതവും അസാധാരണവുമായ ഒരു ദുരന്തത്തെയാണ് അഭിമുഖീകരിച്ചത്. ദുരന്തസമയത്ത് അടിയന്തര രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളായ കേരള പൊതുസമൂഹം പ്രത്യേകിച്ചും യുവതലമുറ ഒരു വലിയ മാതൃക സൃഷ്ടിച്ചിരിക്കുകയാണ്.

സമൂഹം ഒന്നടങ്കം രക്ഷാപ്രവർത്തനങ്ങളിലും ദുരന്ത ലഘൂകരണ/ആശ്വാസ പ്രവർത്തനങ്ങളിലും പങ്കുചേർന്നപ്പോൾ ആ പ്രവർത്തനങ്ങൾ പ്രയോഗികതലത്തിൽ നടപ്പിലാക്കിയത് സന്നദ്ധ പ്രവർത്തകരായിരുന്നു. രക്ഷാപ്രവർത്തനങ്ങളിൽ മാത്രമായിരുന്നില്ല മറിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായ ഭക്ഷണവും മരുന്നും ഉൾപ്പെടെയുള്ള സകല അടിയന്തര അവശ്യവസ്തുക്കളും ശേഖരിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലും ഔദ്യോഗിക സംവിധാനങ്ങൾക്കൊപ്പം നിന്നു പ്രവർത്തിച്ച സന്നദ്ധ പ്രവർത്തകസംഘം സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രക്രിയയ്ക്ക് ശുഭസൂചനകളായി നിലകൊള്ളും.

പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണം പല കാരണങ്ങളാലും വലിയ പ്രതിസന്ധി നിറഞ്ഞവയായിരുന്നു. ശക്തവും അതി-തീവ്രവുമായ മഴയിൽ കേരളത്തിലെ 981 വില്ലേജുകൾ (ആകെയുള്ളതിന്റെ 59%) വെള്ളത്തിനടിയിലാവുകയോ, മണ്ണിടിച്ചിലിന് വിധേയമാകുകയോ

വെള്ളപ്പൊക്കം ശുചിത്വ മേഖലയിൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.



ഉണ്ടായി. 8 ലക്ഷത്തിലധികം വീടുകളെ അത് ബാധിച്ചു. ആലപ്പുഴ, എറണാകുളം, കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലെ 428 തദ്ദേശ സ്വയംഭരണ സർക്കാർ പ്രദേശത്തെ (41 മുൻസിപ്പാലിറ്റികൾ, 387 ഗ്രാമപഞ്ചായത്തുകൾ) 5233 വാർഡുകൾ വെള്ളത്തിൽ മുങ്ങി. ഇടുക്കിയിലെ വിവിധ പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ കാരണം അപകടകരമായ സ്ഥിതിവിശേഷം സംജാതമായി. കോഴിക്കോട്, പാലക്കാട് ജില്ലകളിലെ വിവിധ പ്രദേശങ്ങൾ അതിവേഗം വെള്ളപ്പൊക്കത്തിനും മണ്ണിടിച്ചിലിനും വിധേയമായി. അതിതീവ്രമായ പാരിസ്ഥിതിക ആഘാതമാണ് ഈ പ്രദേശങ്ങളിൽ എല്ലാം ഉണ്ടായത്. തിരുവനന്തപുരത്തെയും കണ്ണൂരിലെയും നദീതീരങ്ങളും വെള്ളപ്പൊക്കത്തിനു താൽക്കാലികമായെങ്കിലും വിധേയമായി. സമീപകാലത്ത് കേട്ടുകേഴ്‌വിപോലും ഇല്ലാത്തത്ര ഭയാനകമായ സ്ഥിതിവിശേഷമാണ് വളരെവേഗത്തിൽ സംസ്ഥാനം അഭിമുഖീകരിച്ചത്. കണക്കറ്റ ദുരിതാശ്വാസ ക്യാമ്പുകൾ അടിയന്തരമായി ഒരുക്കേണ്ടിവന്നു. ഇവിടെയെല്ലാം സുരക്ഷിതമായ ഭക്ഷണത്തിന് പുറമേ അവശ്യം വേണ്ട ശുദ്ധമായ കുടിവെള്ളത്തിന്റെ വിതരണം, ടോയിലറ്റ് സൗകര്യങ്ങൾ ഉറപ്പാക്കൽ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ, സാംക്രമിക രോഗപ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ ഇവയെല്ലാം ഞൊടിയിടയ്ക്ക് ഒരുക്കേണ്ടി വന്നു. ജലപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും സാമൂഹ്യ-രാഷ്ട്രീയ നേതാക്കളും കൈ-മെയ്യ് മറന്ന് പ്രവർത്തിച്ചത് സമൂഹശക്തിയുടെ വലിയ സാധ്യതകൾക്ക് സൂചന നൽകുന്നതായിരുന്നു.

## ദുരിതാശ്വാസ ക്യാമ്പുകളിലെ ശുചിത്വപാലനം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംയോജിത ഫ്ളഡ് കൺട്രോൺ റിലീഫ് യൂണിറ്റിന്റെ ഭാഗമായി ദുരിതാശ്വാസ ക്യാമ്പുകളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും കുറ്റമറ്റ രീതിയിൽ മാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളിലാണ് ശുചിത്വമിഷൻ ആദ്യഘട്ടത്തിൽ കേന്ദ്രീകരിച്ചത്. ഓരോ ക്യാമ്പിലും ശുചിത്വം ഉറപ്പാക്കുന്നതിനു വേണ്ട മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കി പ്രചരിപ്പിച്ചു. ക്യാമ്പുകളുടെ എണ്ണം വർദ്ധിച്ചതോടെ കൂടുതൽ താൽക്കാലിക ടോയിലറ്റുകൾ പ്രാദേശിക സങ്കേതമുപയോഗിച്ച് നിർമ്മിക്കുന്നതിനും യുണീസെഫ് പോലെയുള്ള ഏജൻസികളുമായും സ്വകാര്യ ഏജൻസികളുമായും ബന്ധപ്പെട്ട് ബയോ ടോയിലറ്റ് ഉൾപ്പെടെ 300ലധികം ടോയിലറ്റുകൾ താമസം

ദുരിതാശ്വാസ ക്യാമ്പുകളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും കുറ്റമറ്റ രീതിയിൽ മാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളിലാണ് ശുചിത്വമിഷൻ ആദ്യഘട്ടത്തിൽ കേന്ദ്രീകരിച്ചത്.



വിനാ ലഭ്യമാക്കി. ക്യാമ്പുകളിലെ ടോയിലറ്റുകൾ നിറഞ്ഞു കവിഞ്ഞ സാഹചര്യത്തിൽ എറണാകുളത്തെ ബ്രഹ്മപുരം, വെല്ലിംഗ്ടൺ ഐലന്റ് എന്നിവിടങ്ങളിലെ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ചേർത്തല വാരനാട് മക്ഡവൽ കമ്പനി, ഹരിപ്പാട് എൻ.ടി.പി.സി, ആലപ്പുഴ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ മലിനജല സംസ്കരണ പ്ലാന്റ് എന്നീ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സീവേജ് ജലം സംസ്കരിക്കുന്നതിന് വ്യവസ്ഥ ചെയ്തു. യൂണീസെഫിന്റെ വാഷ് ഇൻസ്റ്റിറ്റ്യൂട്ട് ലഭ്യമാക്കിയ 4 മൊബൈൽ മലിന ജല സംസ്കരണ പ്ലാന്റും അടിയന്തര സാഹചര്യം നേരിടുന്നതിൽ സഹായപ്രദമായി. ക്യാമ്പുകളിൽ പരമാവധി മാലിന്യം കുറയ്ക്കുന്നതിനും അഴുകുന്നതും അഴുകാത്തതുമായ മാലിന്യങ്ങൾ തരംതിരിക്കുന്നതിനും അഴുകുന്ന മാലിന്യങ്ങൾ കംപോസ്റ്റുകുഴിയിൽ നിക്ഷേപിച്ച് സംസ്കരിക്കുന്നതിനും അഴുകാത്തവ ക്ലീൻ കേരള കമ്പനിയോ മറ്റു സേവനദാതാക്കളോ വഴി ശേഖരിച്ച് മാറ്റുന്നതിനും വ്യവസ്ഥ ചെയ്തു. മലിനീകരണ നിയന്ത്രണ ബോർഡ്, ഹരിതകേരളം മിഷൻ ഇവരുടെ സേവനങ്ങളും പ്രയോജനപ്രദമായി. പല ക്യാമ്പുകളിലും സ്റ്റീൽ ഗ്ലാസുകളും പ്ലേറ്റുകളും ഉപയോഗിക്കുക വഴി നിത്യേനയുണ്ടാകുന്ന മാലിന്യത്തിന്റെ അളവും നിയന്ത്രിക്കുന്നതിനായി. കൃത്യസമയങ്ങളിൽ ബ്ലീച്ചിംഗ് പൗഡർ വിതറി ഡിസിൻഫക്ഷൻ നടത്തിയതിനാൽ വൃത്തിഹീനമായ സാഹചര്യം ഒഴിവാക്കുന്നതിനും അതുവഴി സാംക്രമിക രോഗങ്ങൾ പൂ



ർണ്ണമായും നിയന്ത്രണവിധേയമാകുന്നതിനും സാഹചര്യമൊരുക്കി.

## പ്രളയമാലിന്യവും ശുചീകരണവും

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കണക്ക് പ്രകാരം 6, 93, 287 വീടുകളും 6191 പൊതുസ്ഥാപനങ്ങളും നിരവധിയായ മറ്റു കെട്ടിടങ്ങളും പൊതുസ്ഥലങ്ങളും വെള്ളത്തിനടിയിലായി. പല വീടുകളും പൂർണ്ണമായോ ഭാഗികമായോ തകർന്നു. വീടുകളിലും പുരയിടത്തിലും പൊതുഇടങ്ങളിലും വലിയതോതിൽ മണ്ണിടിച്ചിൽ ഉണ്ടായി. മരങ്ങളും ചില്ലകളും പ്ലാസ്റ്റിക് കവറുകളും മാലിന്യങ്ങളും പലസ്ഥലങ്ങളിലും കുന്നുകൂടി. മിക്ക വീട്ടുസാധനങ്ങളും ഉപയോഗശൂന്യമായി. മെത്തകൾ, തുണികൾ, ഫർണിച്ചർ, പ്ലാസ്റ്റിക് പാത്രങ്ങൾ, ഇലക്ട്രിക്കൽ- ഇലക്ട്രോണിക് ഉപകരണങ്ങൾ, ഭക്ഷ്യപദാർത്ഥങ്ങൾ, ധാന്യങ്ങൾ, പക്ഷി മൃഗാദികളുടെ ശവശരീരങ്ങൾ തുടങ്ങി മാലിന്യങ്ങൾ മാറ്റാതെ വീടുകൾ ഉപയോഗിക്കാനാവില്ല എന്ന സ്ഥിതിയുണ്ടായി. മണ്ണിടിഞ്ഞ് കിണറുകൾ ഉപയോഗശൂന്യമായി അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട അപകടകരമായ സ്ഥിതിയാണ് സംജാതമായത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും കൂട്ടായ ആലോചനയുടെ അടിസ്ഥാനത്തിൽ കൃത്യമായ മുൻഗണനാക്രമം നിശ്ചയിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയും ചിട്ടയോടെയുള്ള പ്രവർത്തനമാണ് പ്രളയജലം ഇറങ്ങിതുടങ്ങിയ ദിവസം മുതൽ നിർവ്വഹിക്കപ്പെട്ടത്. ലക്ഷക്കണക്കിന് സന്നദ്ധ പ്രവർത്തകരാണ് തുടർ ദിവസങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ശുചീകരണത്തിനായി അണിനിരന്നത്.

## ശുചീകരണത്തിലെ മുൻഗണനകൾ

പല പ്രദേശങ്ങളിലും പക്ഷി-മൃഗാദികളുടെ ശവശരീരം അഴുകാൻ തുടങ്ങുന്ന സ്ഥിതിയുണ്ടായി. പക്ഷികളുടെയും മൃഗങ്ങളുടെയും മൃതശരീരങ്ങൾ പ്രളയാനന്തര സാഹചര്യത്തിൽ എപ്രകാരം സംസ്കരിക്കാമെന്ന് കാണിച്ചും ഉത്തരവാദിത്വം നിർവ്വഹിച്ചും വിശദമായ മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലകളിൽ പ്രചരിപ്പിച്ചു. 6 ജില്ലകളിൽ മാത്രം 5850 വലിയ മൃഗങ്ങളുടെയും 8807 ചെറുമൃഗങ്ങളുടെയും 8,22,553 കോഴിയുൾപ്പെടെയുള്ള പക്ഷികളുടെയും മൃതശരീരങ്ങൾ സംസ്കരിച്ചു. ഭീതിദമായ അന്തരീക്ഷം ഒഴിവാക്കുന്നതിന് ഇത് സഹായിച്ചു. തുടർന്ന് വീടുകളുടെയും പൊതു സ്ഥാപനങ്ങളുടെയും ശുചീകരണത്തിനുള്ള വിശദമായ പ്രോട്ടോക്കോൾ തയ്യാറാക്കി. ശുചീകരണത്തിൽ ഏർപ്പെടുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ, കരുതേണ്ട ഉപകരണങ്ങൾ, ക്ലീനിംഗിനു സഹായകരമായ വസ്തുക്കൾ, ക്ലീനിംഗ് സമയത്തു സ്വീകരിക്കേണ്ട മുൻഗണനകൾ തുടങ്ങിയ പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള മാർഗ്ഗ

ഇവയ്ക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനം സംസ്ഥാനം വെളിയിട വിസർജ്ജന മുക്തപ്രദേശമായി നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്.

നിർദ്ദേശങ്ങളാണ് തയ്യാറാക്കി പ്രചരിപ്പിച്ചത്. 300 ടണ്ണിലധികം ബ്ലീച്ചിംഗ് പൗഡർ, 100 ടണ്ണിലധികം കുമ്മായം, 10000 ലിറ്റർ ഫിനൈൽ കോൺസെൻട്രേറ്റ്, 7 ടൺ ബാക്ടീരിയൽ ഇനോകുലം, 10 ടൺ ദുർഗന്ധപരിഹാര പൊടി, 400 ലിറ്റർ ഹൈഡ്രജൻ പെറോക്സൈഡ് തുടങ്ങിയവ കേന്ദ്രീകൃതമായി സ്വരൂപിച്ച് വിതരണം ചെയ്തു. 15000 ലധികം മൺ കോരികകൾ, 75000 ഓളം ഗംബൂട്ടുകൾ, 2 ലക്ഷത്തോളം കൈയുറകൾ, മാസ്കുകൾ, ഒരു ലക്ഷത്തോളം ചൂല്, ബ്രഷ്, 20000 ലധികം ബക്കറ്റുകൾ, മഗ്ഗുകൾ തുടങ്ങിയവയും ലഭ്യമാക്കി. ഏകദേശം 460297 മനുഷ്യദിനങ്ങൾ സന്നദ്ധ സേവനമായി സംഘടിപ്പിച്ചു. കൂടാതെ 6568 നൈപുണ്യ സാങ്കേതിക പ്രവർത്തകരുടെ ശ്രമഫലമായി ഇലക്ട്രിക്കൽ ഉപകരണങ്ങളും പൈപ്പുകളും റിപ്പയർ ചെയ്യുന്നതിനും സാധിച്ചു. 6 ജില്ലകളിൽ മാത്രമായി 693287 വീടുകൾ ശുചീകരിച്ചു. 6191 പൊതുസ്ഥാപനങ്ങളും 319540 കിണറുകളും ശുചീകരിച്ചു. ക്ലീനിംഗ് സമയത്ത് സ്വരൂപിച്ച 4316 ടൺ അഴുകുന്ന മാലിന്യങ്ങൾ കുഴി കംപോസ്റ്റ് സംവിധാനം ഉപയോഗപ്പെടുത്തി സംസ്കരിച്ചും ധാന്യമില്ലുകളിലും സംഭരണശാലകളിലും സൂക്ഷിച്ചിരുന്ന ഒരു ലക്ഷത്തിലധികം ടൺ ധാന്യങ്ങളും ഇതേരീതിയിൽ സംസ്കരിച്ചു.

വ്യാപകമായ ശുചീകരണത്തെ തുടർന്ന് വലിയ അളവിൽ അജൈവ മാലിന്യം ശേഖരിക്കുന്നതിനും അത് നിശ്ചിത സ്ഥലത്ത് സംഭരിക്കുന്നതിനും കാരണമായി. ഓരോ പ്രദേശത്തും കുന്നുകൂടിയ ഈ മാലിന്യം സംസ്കരിക്കുന്നതിനുള്ള ഉത്തരവാദിത്തം ക്ലീൻ കേരള കമ്പനിക്കു നല്കിയെങ്കിലും അവർ മാത്രമായി അത് ചെയ്യുക എന്നത് അസാധ്യമായിരുന്നു. അജൈവ മാലിന്യം ശേഖരിക്കുന്നതിനും പുനഃചംക്രമണത്തിനു സ്വീകരിക്കുന്നതിനും ശാസ്ത്രീയമായി നിർമാർജ്ജനം ചെയ്യുന്നതിനും വിവിധ സേവനദാതാക്കളെ നിയോഗിച്ചു. ശുചീകരണ സമയത്ത് 140 ഇടങ്ങളിലായി സൂക്ഷിച്ച 4690 ടൺ അജൈവ മാലിന്യം 74 സ്ഥലങ്ങളിൽ സംഭരിക്കുകയുണ്ടായി. വയനാട്ടിൽ ശേഖരിച്ച 600 ടണ്ണിലധികം അജൈവമാലിന്യം ക്ലീൻ കേരള കമ്പനി വഴി കേരള സ്ക്രാപ് മർച്ചന്റ്സ് അസോസിയേഷന് കൈമാറുകയുണ്ടായി. പത്തനംതിട്ടയിൽ ശേഖരിച്ച 1800 ലധികം ടൺ അജൈവ മാലിന്യത്തിൽ 1100 ടണ്ണിലധികം പുനഃചംക്രമണത്തിനായി ക്രിസ്ഗ്ലോബൽ എന്ന സേവനദാതാവിന് കൈമാറി. ആലപ്പുഴയിൽ ശേഖരിച്ച 900 ഓളം ടൺ മാലിന്യത്തിന്റെ ഒരു ഭാഗവും ക്രിസ് ഗ്ലോബൽ എന്ന കമ്പനിക്ക് കൈമാറുകയുണ്ടായി. എറണാകുളം ജില്ലയിൽ ശേഖരിച്ച അജൈവ മാലിന്യങ്ങൾ ബ്രഹ്മപുരത്ത് സംഭരിച്ചു. വിവിധ പഞ്ചായത്തുകളും നഗരസഭകളും അവർ ശേഖരിച്ച മാലിന്യങ്ങൾ നേരിട്ട് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KEIL) കമ്പനി നടത്തുന്ന എൻജിനിയേർസ് ലാൻഡ് ഫില്ലിൽ എത്തിക്കുകയുണ്ടായി.

## പ്രചാരണപ്രവർത്തനങ്ങൾ

ദുരിതാശ്വാസ ക്യാമ്പുകളിലെ ശരിയായ ശുചിത്വപാലനത്തിനും മാലിന്യശേഖരണവും സംസ്കരണവും കാര്യക്ഷമമാക്കുന്നതിനും വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

## തുടർ പ്രവർത്തനങ്ങൾ

വെള്ളപ്പൊക്കം ശുചിത്വ മേഖലയിൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഏകദേശം 83506 ടോയിലറ്റുകൾക്കും നഗരപ്രദേശങ്ങളിൽ 10532 ടോയിലറ്റുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 655 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗാർഹികതലത്തിലും സ്ഥാപനത്തിലും സാമൂഹികതലത്തിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള കംപോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ, പ്രൊസസ്സിംഗ് യൂണിറ്റുകൾ, റിസോഴ്സ് റിക്കവറി സെന്ററുകൾ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് ഇവ പുനസ്ഥാപിക്കുന്നതിന് 712 കോടി രൂപ ചെലവാകും എന്നു കണക്കാക്കപ്പെടുന്നു. ഈ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനം സംസ്ഥാനം വെളിയിട വിസർജ്ജനമുക്ത പ്രദേശമായി നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്.

*ലേഖകൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ്.*





# പൊതുവിദ്യാലയങ്ങൾ മികവിലേക്ക്

**കെ.വി.മോഹൻ കുമാർ ഐ.എ.എസ്**

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് പൊതുസമൂഹത്തിന്റെ സ്വീകാര്യതയും ആവേശകരമായ അംഗീകാരവും ലഭിച്ച വർഷമാണിത്. കാൽ നൂറ്റാണ്ടിലേറെ വരുന്ന കേരളത്തിലെ പൊതുവിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി പൊതുവിദ്യാലയങ്ങളിലെ മൊത്തം കുട്ടികളുടെ എണ്ണം ഈ വർഷം മുൻ വർഷത്തെക്കാൾ ഉയർന്നു. ലോകത്തിന്റെ ഏത് ഭാഗത്തുമുള്ള സമപ്രായക്കാരായ കുട്ടികൾ ആർജിക്കുന്ന ശേഷിയും അറിവും നമ്മുടെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും ഉറപ്പാക്കാനാകുംവിധം പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു എന്നതാണ് ഈ സ്വീകാര്യതയുടെ അടിസ്ഥാനം. പൊതു സമൂഹം അർപ്പിക്കുന്ന വിശ്വാസവും പ്രതീക്ഷയും മാനിച്ചും ഗുണമേന്മാവിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം പരിഗണിച്ചും നമ്മുടെ പൊതുവിദ്യാഭ്യാസരംഗം കൂടുതൽ മികവുറ്റതാക്കുന്നതിൽ വ്യത്യസ്തമായ കർമ്മപദ്ധതികളാണ് ഇക്കുറി ആവിഷ്കരിച്ചിട്ടുള്ളത്.

### ഭൗതിക സൗകര്യ വികസനം

പൊതുവിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച കർമ്മപരിപാടികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 141 വിദ്യാലയങ്ങളിൽ ചുരുങ്ങിയത് 5 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. ഈ വിദ്യാലയങ്ങളിലെല്ലാം അടിസ്ഥാനസൗകര്യം മെച്ചപ്പെടുന്നതിന് മാസ്റ്റർപ്ലാനിനെ ആധാരമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യ

പൊതുവിദ്യാഭ്യാസരംഗം കൂടുതൽ മികവുറ്റതാക്കുന്നതിൽ വ്യത്യസ്തമായ കർമ്മപദ്ധതികളാണ് ഇക്കുറി ആവിഷ്കരിച്ചിട്ടുള്ളത്.



മായ സാങ്കേതിക നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. പലയിടങ്ങളിലും നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. ആയിരത്തിൽ കൂടുതൽ കുട്ടികളുള്ള വിദ്യാലയങ്ങളിൽ ചുരുങ്ങിയത് 3 കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെയുള്ള വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രൈമറി വിദ്യാലയങ്ങളുടെ വികസനത്തിന് ഡി.പി.ഐ യുടെ പ്ലാൻ ഫണ്ടിൽ നിന്ന് ഒരു കോടി രൂപ വരെ ധനസഹായം നൽകുന്നതിനൊപ്പം ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, സമഗ്ര ശിക്ഷ എന്നിവ വഴിയും അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികളുണ്ട്. പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി 150 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വിദ്യാലയങ്ങൾക്ക് അടിസ്ഥാനസൗകര്യ വികസനത്തിനും പൈതൃക കെട്ടിടങ്ങളുടെ പരിപാലനത്തിനുമായി പ്രത്യേക ഫണ്ട് നൽകുന്നതാണ്. കൂടാതെ 500 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകൾക്ക് 50 ലക്ഷം രൂപ മുതൽ ഒരു കോടി രൂപവരെ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് വരുന്നു. വിവിധ പദ്ധതികളുടെ ആദ്യഘട്ടം ഈ വർഷം പൂർത്തിയാകുന്നതോടെ നമ്മുടെ വിദ്യാലയങ്ങളുടെ മുഖഛായ മാറി മറിയും .

## ഓട്ടിസം പാർക്ക്

നവകേരളം ഭിന്നശേഷി സൗഹൃദകേരളമാകുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന് പിന്തുണയെന്നോണം വിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ഓട്ടിസം പാർക്ക്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 18 ഓട്ടിസം പാർക്കുകളാണ് ഈ വർഷം സ്ഥാപിക്കുക. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങൾ സന്ദർശിച്ച് ഓട്ടിസം പാർക്ക് വികസിപ്പിക്കുന്നതിനുള്ള പ്രാഥമിക പരിശോധന പൂർത്തീകരിച്ചു. അതത് പ്രദേശത്തിന്റെ സവിശേഷതകൾ പരിഗണിച്ച് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾ ഉടൻ പൂർത്തീകരിച്ച് ഓട്ടിസം പാർക്കുകളുടെ നിർമ്മാണം പൂർത്തിയാക്കി അടുത്ത അക്കാദമിക വർഷം മുതൽ പ്രവർത്തന സജ്ജമാക്കാനാണ് ശ്രമിക്കുന്നത്. ഇതിനായി യുദ്ധകാലാടിസ്ഥാനത്തിലുള്ള മുന്നൊരുക്കങ്ങൾ നടന്നുവരികയാണ്.

## അക്കാദമിക ആക്ഷൻ പ്ലാനുകൾ

കേരളത്തിന്റെ വിദ്യാഭ്യാസചരിത്രത്തിൽ ആദ്യമായി സാധാരണക്കാരുൾപ്പെടെ എല്ലാ വിഭാഗക്കാർക്കും വിദ്യാഭ്യാസ ആസൂത്രണത്തിൽ ഇടം നൽകിയാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാനുകൾ വികസിപ്പിച്ചത്. അക്കാദമിക മാസ്റ്റർപ്ലാൻ വികസിപ്പിക്കൽ പ്രക്രിയ ജനകീയമായി പൂർത്തീകരിച്ചെങ്കിലും അവ പ്രതീക്ഷിച്ചവിധം പരിപൂർണ്ണതയിലെത്തിക്കാൻ സാധിച്ചില്ല. ദീർഘകാലം കൊണ്ട് നേടിയെടുക്കേണ്ട വിദ്യാഭ്യാസ സ്വപ്നങ്ങൾ ഉൾപ്പെടെ വ്യത്യസ്ത തരത്തിലും തലങ്ങളിലുമുള്ള ആഗ്രഹങ്ങളുടെ സമാഹാരമായി ചിലയിടങ്ങളിലെങ്കിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ മാറിയിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ച് സമയബന്ധിതമായി ഏറ്റെടുക്കാവുന്ന ക്രിയാത്മക പ്രവർത്തനങ്ങളുടെ സഞ്ചയമായി അക്കാദമിക മാസ്റ്റർ പ്ലാനുകൾ മാറ്റിയെടുക്കാനും നിശ്ചയിച്ച പ്രവർത്തന

നവകേരളം ഭിന്നശേഷി സൗഹൃദകേരളമാകുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന് പിന്തുണയെന്നോണം വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ഓട്ടിസം പാർക്ക്.



ങ്ങൾ പൂർത്തീകരിക്കാനുമുള്ള ഇടപെടലുകൾ ഇക്കുറിയുണ്ടാകും. ഇതിനായി ഓരോ പ്രവർത്തനത്തിന്റെയും വിശദാംശങ്ങളടങ്ങുന്ന പ്രവർത്തന രൂപരേഖ (ആക്ഷൻ പ്ലാൻ) തയ്യാറാക്കി ആര്, എപ്പോൾ, എങ്ങനെ നടപ്പിലാക്കുമെന്നും ആവശ്യമായ വിഭവങ്ങൾ എങ്ങനെ കണ്ടെത്തുമെന്നും നിശ്ചയിക്കും. ഓരോരുത്തരും ഏറ്റെടുത്ത ചുമതലകൾ കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കിയോ എന്ന് പ്രധാന അദ്ധ്യാപകർക്കൊപ്പം ബി.ആർ.സികളും പരിശോധിച്ച് ഉറപ്പുവരുത്തും. ഏറ്റവും ചുരുങ്ങിയത് 5 പ്രധാന പ്രവർത്തനങ്ങളെങ്കിലും ഓരോ വിദ്യാലയവും ഈ വർഷം നടപ്പിലാക്കുംവിധമാണ് പ്രവർത്തന രൂപരേഖ തയ്യാറാക്കുക. ഇത് സംബന്ധിച്ച മാർഗരേഖ വികസിപ്പിക്കുന്നതിന് മുന്നോടിയായി പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തന രൂപരേഖയുടെ മാതൃക തയ്യാറാക്കിക്കഴിഞ്ഞു.

### അക്കാദമിക പ്രവർത്തനങ്ങളുടെ ഏകോപനം

പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ സ്വന്തം നിലയ്ക്ക് നടത്തിപ്പോരുന്ന വിവിധ അക്കാദമിക പ്രവർത്തനങ്ങൾ പലപ്പോഴും ആവർത്തനത്തിനും അധിക ജോലി ഭാരം അടിച്ചേൽപ്പിക്കുന്നതിനും ഇടവരുത്തുന്നുണ്ട്. ഇതുവഴിയുണ്ടാകുന്ന ആവർത്തനച്ചെലവ് നവീനമായ മറ്റ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ട ഫണ്ട് കവർന്നെടുക്കുന്നുമുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ച് അക്കാദമിക പ്രവർത്തനങ്ങളുടെ ഏകോപനത്തിന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞംഈവർഷംമുൻകൈയെടുക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി വിവിധ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്ന 284 അക്കാദമിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ധാരണയായിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി 1615.82 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഓരോ ഏജൻസിയും നടപ്പിലാക്കേണ്ട പരിപാടികളുടെ സമയക്രമവും നിശ്ചയിച്ചു. സമാന സ്വഭാവമുള്ള പരിപാടികളെ ഏകോപിപ്പിച്ചും ആവർത്തനങ്ങൾ ഒഴിവാക്കിയുമാണ് സമയക്രമം നിശ്ചയിച്ചിട്ടുള്ളത്. ഗുണപരമായ മാറ്റത്തിന് നിദാനമായേക്കാവുന്ന ഈ ഏകോപിത പ്രവർത്തനം മികവിന്റെ വർഷത്തിൽ മികവുറ്റ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഭൗതിക സൗകര്യ വികസന രംഗത്തുണ്ടാവുന്ന അഭൂതപൂർവ്വമായ മുന്നേറ്റവും അക്കാദമിക പ്രവർത്തനങ്ങളിലെ കൂടുതൽ ചിട്ടപ്പെടുത്തിയ പ്രവർത്തനങ്ങളും വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റത്തിന് നാന്ദികുറിക്കും. അതുവഴി പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിലൂടെ നമ്മുടെ പൊതുവിദ്യാലയങ്ങളെ അക്ഷരാർത്ഥത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അവകാശാധിഷ്ഠിത, വിദ്യാർത്ഥീകേന്ദ്രീകൃത പഠനരീതി എല്ലാവർക്കും ജനകീയ ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസം എന്ന സർക്കാരിന്റെയും പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെയും സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള ചവിട്ടുപടിയാണ്.

**ഭൗതിക സൗകര്യ വികസനരംഗത്തുണ്ടാവുന്ന അഭൂതപൂർവ്വമായ മുന്നേറ്റവും അക്കാദമിക പ്രവർത്തനങ്ങളിലെ കൂടുതൽ ചിട്ടപ്പെടുത്തിയ പ്രവർത്തനങ്ങളും വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റത്തിന് നാന്ദികുറിക്കും.**

# തദ്ദേശസ്വയംഭരണ സർവ്വീസ് യാഥാർത്ഥ്യത്തിലേക്ക്

**എം. വിജയകുമാരൻ നായർ**

> തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുമാണ് വകുപ്പുകൾ ഏകീകരിക്കുന്നത്.

ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പ്രഖ്യാപിച്ചിട്ടുള്ള ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ് യാഥാർത്ഥ്യമാകാൻ പോവുകയാണ്. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിയ കരട് ചട്ടങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയിട്ട് ഇപ്പോൾ രണ്ടു ദശകം പിന്നിട്ടിരിക്കുന്നു. ഈ കാലയളവിലെ അനുഭവപാഠങ്ങളുടെ വെളിച്ചത്തിൽ ചില മാറ്റങ്ങൾ അനിവാര്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഗുണമേന്മയുള്ള സേവനവും കൂടുതൽ വികസനവും ലഭിക്കണമെങ്കിൽ വിവിധ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിൽ ഏകോപനമുണ്ടാകേണ്ടത് അത്യാവശ്യമാണ്. ഒരു പുതിയ കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള നവകേരളം കർമ്മ പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഏകീകൃത വകുപ്പ് സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

തദ്ദേശസ്വയംഭരണ രംഗത്ത് നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട വകുപ്പുകൾ ഏകീകരിക്കുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം നിറവേറ്റുന്നതിനു വേണ്ടിയാണ് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കാനും അതിനാവശ്യമായ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കാനും ഗവൺമെന്റ് തീരുമാനിച്ചത്. ഈ ചുമതല ലോക്കൽ ഗവൺമെന്റ് കമ്മീഷനെയാണ് ഏല്പിച്ചത്. വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്താണ് കരട് ചട്ടങ്ങൾ തയ്യാറാക്കിയത്. തുടർനടപടികൾക്കായി ഏകീകൃത വകുപ്പിന്റെ തലവനായി പ്രിൻസിപ്പൽ ഡയറക്ടറെ ഗവൺമെന്റ് നിയമിച്ചു. അത് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതിന് ചട്ടങ്ങൾക്ക് അന്തിമ രൂപം നല്കുകയും അതിനനുസരിച്ചുള്ള ഏകീകരണ പ്രക്രിയ ആരംഭിക്കുകയും വേണം. വകുപ്പുകളുടെ ഏകീകരണം എന്നാൽ തസ്തികകളുടെ ഏകീകരണമായിട്ടല്ല ലോക്കൽ ഗവൺമെന്റ് കമ്മീഷൻ കാണുന്നത്.

അഞ്ചു വകുപ്പുകളുമായി ബന്ധപ്പെട്ട് വിവിധ കാറ്റഗറികളിലുള്ള ജീവനക്കാരെ ഉൾപ്പെടുത്തി ചട്ടം ഉണ്ടാക്കുക എന്നത് ശ്രമകരമായ ജോലിയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും അതിന്റെ പ്രവർത്തനം



കാര്യക്ഷമമാക്കാനമാണ് വകുപ്പുകൾ ഏകീകരിക്കുന്നത്. എന്നാൽ ജീവനക്കാർക്ക് ഇതുമൂലം പ്രയാസമുണ്ടാകാതെ നോക്കേണ്ട ഉത്തരവാദിത്തം കമ്മീഷന്റെ മുന്നിൽ ഒരു വെല്ലുവിളിയായി ഉയർന്നുവന്നു. ജീവനക്കാരുടെ ഭാഗത്തുനിന്ന് ചില ആശങ്കകളും ഉയർന്നുവന്നിരുന്നു.

എല്ലാ വിഭാഗം ജീവനക്കാരുടെയും ആശങ്കകൾക്ക് മിക്കവാറും പരിഹാരം കാണാൻ കമ്മീഷൻ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ദോഷം വരാതെയും എന്നാൽ ഏകീകരണം മൂലം സർവ്വീസിലുള്ളവർക്ക് വർദ്ധിച്ച ഗുണം ലഭിക്കത്തക്കവിധത്തിൽ കരട് ചട്ടം തയ്യാറാക്കാനാണ് കമ്മീഷൻ ശ്രമിച്ചിട്ടുള്ളത്. ഏകീകരണം മൂലം ഉണ്ടാകുന്ന പ്രധാന മാറ്റങ്ങൾ ചുവടെ കൊടുക്കുന്നു.

### തദ്ദേശസ്വയംഭരണ സർവ്വീസ്

കരട് ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ്, മുനിസിപ്പൽ കോമൺ സർവീസ് എന്നിവയെ പുനഃസംഘടിപ്പിച്ച് രൂപീകരിക്കുന്ന വകുപ്പിന്റെ പേര് തദ്ദേശസ്വയംഭരണ വകുപ്പ് (Local Self Government Department) എന്നായിരിക്കുന്നതാണ്. ഈ വകുപ്പിന്റെ അദ്ധ്യക്ഷൻ 'പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്' എന്നറിയപ്പെടുന്നതാണ്. ഗവൺമെന്റ് സെക്രട്ടറി പദവിയിലുള്ള സീനിയർ ഐ.എ.എസ് ഉദ്യോഗസ്ഥനെയാണ് പ്രിൻസിപ്പൽ ഡയറക്ടറായി നിയമിക്കേണ്ടത്.

ഏകീകൃത വകുപ്പിൽ മൂന്ന് പ്രധാന വിഭാഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. പൊതു വിഭാഗം, സാങ്കേതിക വിഭാഗം, പ്രത്യേക വിഭാഗം.

### പൊതു വിഭാഗം

പൊതുവിഭാഗത്തെ മൂന്ന് ഉപ വിഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. മൂന്ന് ഉപവിഭാഗങ്ങളുടെയും തലവൻമാരായി ഐ.എ. എസ് കേഡറിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണ്.

1. റൂറൽ ഗവേണൻസ്
   (ഗ്രാമഭരണ നിർവഹണം)
2. അർബൻ ഗവേണൻസ്
   (നഗരഭരണ നിർവഹണം)
3. അഡ്മിനിസ്ട്രേഷൻ
   (പൊതുഭരണ നിർവഹണം)

### സാങ്കേതിക വിഭാഗം

സാങ്കേതിക വിഭാഗത്തെ രണ്ടായി വിഭജിച്ചിരിക്കുന്നു.

1. ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ആന്റ് എഞ്ചിനീയറിംഗ് വിംഗ്.
   ഇതിന്റെ ചുമതല ചീഫ് എഞ്ചിനീയർക്കാണ്.
2. നഗരഗ്രാമാസൂത്രണ വിംഗ്

ഈ വിഭാഗത്തിന്റെ ചുമതല ചീഫ് ടൗൺ പ്ലാനർക്കാണ്.

### പ്രത്യേക വിഭാഗം

പ്രത്യേക വിഭാഗത്തിന് 4 ഉപ വിഭാഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

1. പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റ് മാനേജ്മെന്റ് വിംഗ്
   ചുമതല- ജോയിന്റ് ഡയറക്ടർ (ഹെൽത്ത്)
2. എംപവർമെന്റ് വിംഗ്
   ചുമതല ഡെപ്യൂട്ടി ഡയറക്ടർ (എംപവർമെന്റ്)
3. ഹ്യൂമൻ റിസോഴ്സസ് ആന്റ് ട്രെയിനിംഗ്
   ചുമതല- ഡെപ്യൂട്ടി ഡയറക്ടർ (ഹ്യൂമൻ റിസോഴ്സസ് ആന്റ് ട്രെയിനിംഗ്)
4. കമ്മ്യൂണിക്കേഷൻ വിംഗ്-
   ചുമതല - സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

### സെക്രട്ടറി തസ്തികകളുടെ ഏകീകരണം

തദ്ദേശസ്വയംഭരണ വകുപ്പിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സെക്രട്ടറി തസ്തിക. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പൽ ഗ്രേഡ് III സെക്രട്ടറി തസ്തികകളിലേക്ക് പ്രമോഷൻ വഴിയുള്ള നിയമനവും പി.എസ്.സി വഴി നേരിട്ടുള്ള നിയമനരീതിയുമാണ് നിലവിലുള്ളത്. ഈ മൂന്നു വിഭാഗത്തിലെയും നിയമനരീതിയും അനുപാതവും വ്യത്യസ്തമാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകളിൽ 60 ശതമാനം നേരിട്ടുള്ള പ്രമോഷനും ബാക്കി 40 ശതമാനം പി.എസ്.സി വഴിയുമാണ് നിയമിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പൽ ഗ്രേഡ് III സെക്രട്ടറി തസ്തികകളിൽ പ്രമോഷൻ വഴി നിയമനം ലഭിക്കണമെങ്കിലും പി.എസ്.സി പരീക്ഷ പാസ്സാകണം. മാത്രവുമല്ല അനുപാതത്തിൽ വ്യത്യാസവുമുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ വകുപ്പുതല പ്രമോഷൻ തസ്തികയിലേക്ക് സെക്രട്ടേറിയറ്റ് അടക്കമുള്ള വിവിധ വകുപ്പുകളിലെ ജീവനക്കാർക്കും അർഹത നൽകിയിരിക്കുന്നു. ഇത് നിലവിലുള്ള ജീവനക്കാരുടെ പ്രമോഷൻ സാദ്ധ്യത കുറയ്ക്കുന്നതാണ്. പ്രമോഷൻ ലഭിക്കണമെങ്കിൽ മിനിമം ഗ്രാഡ്വേഷനും ഉണ്ടായിരിക്കണം. ഇത്തരത്തിലുള്ള വിവേചനം എല്ലാം അവസാനിപ്പിച്ച് മൂന്നു തസ്തികകളും പരസ്പരം മാറാവുന്ന തരത്തിൽ ഒറ്റ സ്കെയിലാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികകൾക്ക് സമാനമായി 60:40 എന്ന അനുപാതത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി തസ്തികകളിലേക്കും നേരിട്ട് പ്രമോഷൻ നൽകാനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഇത്തരത്തിലുള്ള വിവേചനം എല്ലാം അവസാനിപ്പിച്ച് മൂന്നു തസ്തികകളും പരസ്പരം മാറാവുന്ന തരത്തിൽ ഒറ്റ സ്കെയിലാക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

### ജില്ലാ പഞ്ചായത്ത് സെക്രട്ടറി

ത്രിതല സംവിധാനത്തിൽ ജില്ലാ പഞ്ചായത്തുകളിലെ ഭരണാധികാരിയാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി. ഈ തസ്തിക തദ്ദേശ സ്വയംഭരണ വകുപ്പുകളിലെ ജീവനക്കാർക്ക് ലഭിച്ചിരുന്നില്ല. വിവിധ വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ സെലക്ഷൻ തസ്തികയായിട്ടാണ് അത് നിശ്ചയിച്ചിരുന്നത്. പുതിയ ചട്ടങ്ങളിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തിക തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഇതോടെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ തുടങ്ങിയ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഏകീകൃത വകുപ്പിൽ നിന്നുള്ള ജീവനക്കാർക്ക് സെക്രട്ടറിമാരായി പ്രവർത്തിക്കാൻ അവസരം ലഭിക്കുന്നതാണ്.

### ജില്ലാ ചീഫ് കോർഡിനേറ്റിംഗ് ഓഫീസർ ആന്റ് അഡീഷണൽ സെക്രട്ടറി റ്റു ഡി.പി.സി

ഏകീകൃത വകുപ്പിന്റെ ജില്ലാ മേധാവിയായി ജോയിന്റ് ഡയറക്ടർക്ക് സമാനമായ തസ്തികയിൽ ഒരാളെ (ജില്ലാ ഓഫീസറായി) നിശ്ചയിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയെ ശക്തിപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ച് ജില്ലാ പദ്ധതി രൂപീകരണത്തിലും മറ്റും നേതൃത്വം നൽകുന്നതിന് ഇദ്ദേഹത്തെ ജില്ലാ ആസൂത്രണ സമിതിയുടെ അഡീഷണൽ സെക്രട്ടറി കൂടി ആക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. (ജില്ലാ ആസൂത്രണ സമിതിയുടെ സെക്രട്ടറി ഇപ്പോൾ കളക്ടറാണ്).

### എൽ.എസ്.ജി.ഡി. അസിസ്റ്റന്റ്

ഇപ്പോഴുള്ള ക്ലറിക്കൽ തസ്തികയുടെ പേര് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എന്നാക്കി നിശ്ചയിച്ചിട്ടുണ്ട്. നിയമനത്തിനുള്ള മിനിമം വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു ആയും മാറ്റിയിട്ടുണ്ട്.

### നഗരകാര്യരംഗത്തെ പ്രധാന മാറ്റങ്ങൾ

മുനിസിപ്പൽ കോമൺ സർവ്വീസ് ഇനി മുതൽ പൊതുസർവ്വീസിന്റെ ഭാഗമായിരിക്കുന്നതാണ്. മുനിസിപ്പൽ കൗൺസിലുകളെ ഇപ്പോൾ മൂന്നു ഗ്രേഡുകളായിട്ടാണ് തരം തിരിച്ചിരിക്കുന്നത്. എന്നാൽ മുനിസിപ്പൽ കോർപ്പറേഷനുകളെ ഒറ്റ ഗ്രേഡായാണ് കണക്കാക്കിയിരിക്കുന്നത്. ഭരണ സൗകര്യത്തിനായി മുനിസിപ്പൽ കോർപ്പറേഷനുകളെ രണ്ട് ഗ്രേഡുകളായി തിരിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. അഞ്ചു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവ ഒന്നാം ഗ്രേഡിലും അഞ്ചു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നിവ രണ്ടാം ഗ്രേഡിലുമായിരിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിമാരുടെ തസ്തികകളിലും മാറ്റം വരുന്നതാണ്.

കോർപ്പറേഷനുകളിലെ സെക്രട്ടറി തസ്തികയും അഡീഷണൽ സെക്രട്ടറി തസ്തികയും ഇപ്പോൾ ഒരേ സ്കെയിലിലാണ്. ഈ അപാകത പരിഹരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒന്നാം ഗ്രേഡ് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി തസ്തിക ജോയിന്റ് ഡയറക്ടറുടേതിന് തുല്യമാക്കി ഉയർത്തിയിട്ടുണ്ട്. നിലവിലുള്ള അഡീഷണൽ സെക്രട്ടറി തസ്തിക ഇപ്പോഴുള്ള സ്കെയിലിൽ തുടരുന്നതാണ്.

രണ്ടാം ഗ്രേഡ് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി തസ്തിക നിലവിലുള്ള സ്കെയിലിൽ തുടരുകയും എന്നാൽ അഡീഷണൽ സെക്രട്ടറി തസ്തിക ഒന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിയുടേതിന് തുല്യമാക്കുകയും ചെയ്തിട്ടുണ്ട്.

നഗരകാര്യ വകുപ്പിൽ ഇപ്പോൾ മൂന്ന് മേഖലാ ഓഫീസുകൾ ഉണ്ട്. ഏകീകൃത ജില്ലാ ഓഫീസ് വരുന്നതിനാൽ ഈ മേഖലാ ഓഫീസുകൾ ആവശ്യമില്ലെന്നാണ് കമ്മീഷൻ കരുതുന്നത്. മേഖലാ ഓഫീസുകളിൽ ചെയ്തു വന്നിരുന്ന ജോലികൾ അതാത് ജില്ലകളിൽ തന്നെ ചെയ്യാവുന്നതാണ്. പൊതുജനങ്ങൾക്ക് ജില്ലാ തലത്തിൽ സേവനം ലഭിക്കുന്ന എന്ന ഗുണവും ഇതിനുണ്ട്.

നഗരസഭകൾ ഇപ്പോൾ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം വകുപ്പു തലത്തിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗവും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗവും ഇല്ല എന്നതാണ്. ഇതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ട്. ഇതിന് പരിഹാരമായി ഈ രണ്ടു വിഭാഗവും ആരംഭിക്കാൻ നിർദ്ദിഷ്ട ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കോടതിയിൽ പല കേസ്സുകളും പരാജയപ്പെടാനുള്ള കാരണമായി ചൂണ്ടിക്കാണിക്കുന്നത് നിയമജ്ഞാനമുള്ളവർ കേസ്സ് ഫയലുകൾ കൈകാര്യം ചെയ്യാത്തതുകൊണ്ടാണെന്നാണ്. ഇക്കാര്യം പരിഹരിക്കുന്നതിന് നിയമബിരുദമുള്ള സർവ്വീസിലുള്ളവരുടെ സേവനം ഉപയോഗിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### പബ്ലിക് ഹെൽത്ത് വിഭാഗം

നഗരസഭകളിലാണ് ആരോഗ്യവിഭാഗം ഇപ്പോൾ ശക്തമായി പ്രവർത്തിക്കുന്നത് ഹെൽത്ത് ഓഫീസറന്മാർ എം.ബി.ബി.എസ്സ് ഡോക്ടർമാരും അതിനു മുകളിൽ യോഗ്യതയുള്ളവരു

ജീവനക്കാർക്ക് ദോഷം വരാതെയും എന്നാൽ ഏകീകരണം മൂലം സർവ്വീസിലുള്ളവർക്ക് വർദ്ധിച്ച ഗുണം ലഭിക്കത്തക്കവിധത്തിൽ കരട് ചട്ടം തയ്യാറാക്കാനാണ് കമ്മീഷൻ ശ്രമിച്ചിട്ടുള്ളത്.

മാണ്. എന്നാൽ ഇവരുടെ സേവനം ഇപ്പോൾ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായിട്ടാണ് കൂടുതലും പ്രയോജനപ്പെടുത്തുന്നത്. സമഗ്രമായ മാറ്റം ഈ രംഗത്ത് ആവശ്യമാണ്.

അതിനാൽ മാലിന്യസംസ്കരണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും രോഗ പ്രതിരോധത്തിനും ഊന്നൽ നല്കുന്ന വിധത്തിൽ ആരോഗ്യ വിഭാഗത്തെ പുനഃസംഘടിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഹെൽത്ത് ഓഫീസറുടെ വിവിധ ഗ്രേഡിലുള്ള തസ്തികകൾ ക്രമപ്പെടുത്തി പബ്ലിക് ഹെൽത്ത് ഓഫീസർ എന്നാക്കിയിട്ടുണ്ട്.

കോർപ്പറേഷനിൽ എൻവയോൺമെന്റ് മാനേജർ തസ്തികയും മുനിസിപ്പാലിറ്റികളിൽ ഡെപ്യൂട്ടി എൻവയോൺമെന്റ് മാനേജർ തസ്തികയും കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അസിസ്റ്റന്റ് എൻവയോൺമെന്റ് മാനേജർ തസ്തികയും പുതുതായി ചേർത്തിട്ടുണ്ട്.

## എൻവയോൺമെന്റ് മാനേജരും ക്ലീൻസിറ്റി മാനേജരും

ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിൽ ശുചിത്വപരിപാലനവും ഖരദ്രവ്യമാലിന്യവും മാനേജ് ചെയ്യുന്നതിന് നിലവിലുള്ള ഹെൽത്ത് സൂപ്പർവൈസറുടെ തസ്തിക പ്രമോഷൻ തസ്തികയായി ഉയർത്തി ക്ലീൻസിറ്റി മാനേജർ എന്നാക്കി മാറ്റാൻ നിർദ്ദേശിച്ചിട്ടുണ്ട്.

## അർബൻ പ്ലാനർ

നഗരങ്ങൾക്ക് ആവശ്യമായ മാസ്റ്റർ പ്ലാനുകളും ഡി.ടി.പി സ്കീമുകളും തയ്യാറാക്കുന്നത് നഗര-ഗ്രാമാസൂത്രണ വകുപ്പാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഇത് തയ്യാറാക്കേണ്ടത്. കെട്ടിടനിർമ്മാണ ചട്ടവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ചും നഗരസഭകൾക്ക് പ്ലാനർമാരുടെ സേവനം ആവശ്യമാണ്. ഈ സാഹചര്യത്തിലാണ് നഗര-ഗ്രാമാസൂത്രണ വിഭാഗത്തിനുകീഴിൽ നിലവിലുള്ള ടൗൺപ്ലാനർമാരെ കോർപ്പറേഷനുകളിൽ അർബൻ പ്ലാനർമാരായി പ്രവർത്തിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്.

## ചില വിശദാംശങ്ങൾ

ഗ്രാമവികസന കമ്മീഷണറേറ്റിലെ ഒരു വനിത കോ-ഓർഡിനേറ്റർ തസ്തിക പുനഃസംഘടിപ്പിച്ച് സ്റ്റേറ്റ് എംപവർമെന്റ് ഓഫീസർ ആക്കിയിരിക്കുന്നു. ദുർബലവിഭാഗങ്ങളുടെ പ്രശ്നപരിഹാരത്തിന് തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ സംവിധാനം പ്രയോജനപ്പെടും.

ഗ്രാമവികസന കമ്മീഷണറേറ്റിലെ രണ്ടാമത്തെ വനിത കോ-ഓർഡിനേറ്ററുടെ തസ്തിക പുനഃസംഘടിപ്പിച്ച് മനുഷ്യവിഭവശേഷിയും ട്രെയിനിംഗും വിങ്ങിന്റെ നേതൃസ്ഥാനത്ത് വയ്ക്കുന്നു. ജീവനക്കാർക്ക് സമയബന്ധിതമായി ട്രെയിനിംഗ് നല്കുന്നതിന് ഈ മാറ്റം സഹായകമാകുന്നതാണ്.

ഗ്രാമവികസന വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന റൂറൽ ഇൻഫർമേഷൻ ബ്യൂറോയും പഞ്ചായത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ള പബ്ലിസിറ്റി ഓഫീസറെയും സംയോജിപ്പിച്ച് കമ്മ്യൂണിക്കേഷൻ ആന്റ് എക്സറ്റൻഷൻ വിംഗ് രൂപീകരിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. ഈ വിംഗിന്റെ ചുമതല സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർക്ക് (നിലവിൽ ഇൻഫർമേഷൻ ഓഫീസർ) നല്കിയിരിക്കുന്നു. നിലവിലുള്ള മറ്റ് തസ്തികകൾ പുന:സംഘടിപ്പിച്ച് ഡെപ്യൂട്ടി കമ്മ്യൂണിക്കേഷൻ ഓഫീസർ, പബ്ലിസിറ്റി ഓഫീസർ, അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ എന്ന് നിർണയിച്ചിരിക്കുന്നു. ഈ തസ്തികകളിൽ യോഗ്യതയുള്ള ജീവനക്കാർക്ക് പ്രവർത്തിക്കാൻ അവസരം ലഭിക്കുന്നതാണ്.

## ലൈബ്രേറിയൻ ആന്റ് കൾച്ചറൽ ഓഫീസർ

വിവിധ ഗ്രേഡുകളുള്ള ലൈബ്രേറിയന്മാരാണ് നഗരസഭകൾക്കും പഞ്ചായത്തുകൾക്കുമുള്ളത്. ഇവരെയെല്ലാം പൂൾ ചെയ്ത് ഒരു പുതിയ പ്രവർത്തനശ്രേണി രൂപീകരിക്കാൻ നിർദ്ദേശിക്കുന്നു. പുന:സംഘടിപ്പിക്കപ്പെടുന്ന ലൈബ്രേറിയന്മാർ ലൈബ്രേറിയൻ ആന്റ് കൾച്ചറൽ അസിസ്റ്റന്റ് എന്നീ പേരുകളിൽ അറിയപ്പെടുന്നതാണ്.

കരട് സ്പെഷ്യൽ റൂൾസ് അന്തിമമാകുന്നതോടെ ഏകീകൃത വകുപ്പിന്റെ സംസ്ഥാന ജില്ലാ തലങ്ങളിലും ഘടനാപരമായ മാറ്റങ്ങൾ വരുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികകൾക്കും അനുയോജ്യമായ പ്രവർത്തനവും ചുമതലയും കൂടി നിശ്ചയിച്ചു നൽകുന്നതാണ്. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജീവനക്കാർക്കും പ്രയോജനകരമായിരിക്കുമെന്നതിൽ സംശയമില്ല. അധികാരവികേന്ദ്രീകരണ നടത്തിപ്പിൽ മാതൃകയായ കേരളം പുതിയ ചുവടുവെയ്പുകളുമായി മുന്നോട്ടു പോകുന്നു എന്നത് അഭിമാനകരമായ കാര്യമാണ്.

**ഭരണ സൗകര്യത്തിനായി മുനിസിപ്പൽ കോർപ്പറേഷനുകളെ രണ്ട് ഗ്രേഡുകളായി തിരിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു.**

*ലേഖകൻ കേരള ലോക്കൽ ഗവൺമെന്റ് കമ്മിഷനിൽ കൺസൾട്ടന്റാണ്.*



# അധികാരവികേന്ദ്രീകരണ പാതയിൽ കേരളത്തിന് ഒരു പൊൻതൂവൽ

**ഡോ. ജോയ് ഇളമൺ**

അധികാരവികേന്ദ്രീകരണ പാതയിൽ കേരളത്തിന് ഒരു പൊൻതൂവൽ. 1996 ൽ ആരംഭിക്കുകയും 2016 ൽ രണ്ടാം ഘട്ടമായി നവകേരള സൃഷ്ടിക്കായി പുനക്രമീകരിക്കുകയും ചെയ്ത ജനകീയാസൂത്രണം ഭാരത സർക്കാർ രാജ്യമൊട്ടാകെ വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

നിരവധി മാനങ്ങളുണ്ട് ഈ നടപടിയിൽ. ഒന്ന്- കേരളപ്പിറവി മുതൽ പ്രഥമ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധികാരവികേന്ദ്രീകരണത്തിനായി ഉയർത്തിയ വാദങ്ങളും ആശയങ്ങളും മുഴുവനായല്ലെങ്കിലും ഒരു പരിധിവരെ ഭാരതസർക്കാർ അംഗീകരിച്ചിരിക്കുന്നു. കേരളത്തിന്റെ പ്രാദേശിക വികസനപാതയാണ് രാജ്യത്തിന് സ്വീകരിക്കാവുന്ന മാതൃക എന്ന് പ്രത്യക്ഷമായും പരോക്ഷമായും സമ്മതിക്കുന്നു. എന്നാൽ ഇതിലേക്ക് നയിക്കേണ്ട ഭൂപരിഷ്കരണവും സാക്ഷരതയും വിദ്യാഭ്യാസവും ആരോഗ്യവുമടക്കമുള്ള മേഖലയിലെ മാറ്റങ്ങളുടേതടക്കമുള്ള അനുബന്ധപ്രവർത്തനങ്ങൾക്ക് ഇനിയുമൊരുപാടു നാൾ ഭാരതം കാത്തിരിക്കേണ്ടിവരുമെന്ന് മനസ്സിലാക്കണം.

രണ്ട്- സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ എക്കാലവും തുടർന്നുവന്നിരുന്ന വികസന ആസൂത്രണ പ്രവർത്തനങ്ങൾ നാലു വർഷങ്ങൾക്കു മുമ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കിയെങ്കിലും സാമൂഹ്യനീതിയിലും ജനക്ഷേമത്തിലുമൂന്നിയ വികസനത്തിന് ആസൂത്രണം അനിവാര്യമാണെന്ന കേരളത്തിന്റെ നിലപാടിന് മറ്റൊരു രീതിയിൽ അംഗീകാരം ലഭിച്ചു. പഞ്ചവത്സര വാർഷിക പദ്ധതി രൂപീകരണ-നിർവ്വഹണ പ്രവർത്തനങ്ങൾ അഭംഗുരം തുടരുന്ന ഏക സംസ്ഥാനമായിരുന്നു കേരളം. ജനകീയാസൂത്രണം ഇന്ത്യയൊട്ടാകെ വ്യാപിപ്പിക്കുവാനും എല്ലാ ഗ്രാമപഞ്ചായത്തുകളിലും പദ്ധതിരൂപീകരണം അനിവാര്യമാക്കുകയും ചെയ്തതിലൂടെ വികസനത്തിനായി ആസൂത്രണം അത്യന്താപേക്ഷിതമാണെന്ന് രാജ്യം അംഗീകരിച്ചിരിക്കുന്നു. കേരളം വഴികാട്ടിയും.

മൂന്ന് – ജനകീയാസൂത്രണത്തിന്റെ ഇംഗ്ലീഷായി ഉപയോഗിച്ചുവരുന്ന "People's Plan Campaign" എന്ന പേര് തന്നെയാണ് ഇന്ന് ഇന്ത്യയെമ്പാടും ഉപയോഗിക്കുന്നത്. ഹിന്ദിയിലാകട്ടെ "എല്ലാവരുടെയും പദ്ധതി" എന്ന നാമകരണവും.

നാല് – പൊതുജനങ്ങളെയും ഉദ്യോഗസ്ഥരെയും ഒന്നിച്ചു ചേർത്തുകൊണ്ട് ജനപ്രതിനിധികളുടെ നേതൃത്വത്തിലുള്ള ജനകീയാസൂത്രണം ഒരു ക്യാമ്പയിൻ രീതിയിലാണ് കേരളം 1996 ലും 2016 ലും ചിട്ടപ്പെടുത്തിയത്. 2015 മുതൽ ദേശീയ തലത്തിൽ ഗ്രാമപഞ്ചായത്ത് വികസനപദ്ധതിക്ക് ശ്രമമാരംഭിച്ച് ചിലയിടങ്ങളിലെങ്കിലും പ്രവർത്തനമാരംഭിച്ചിരുന്നുവെങ്കിലും 2018-ൽ പുതിയ പരിപാടിയിലൂടെ 'ക്യാമ്പയിൻ' രൂപത്തിൽ തന്നെയായെങ്കിൽ മാത്രമേ മുന്നോട്ടുപോകാനാവൂ എന്ന തിരിച്ചറിവും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

അഞ്ച് – അഖിലേന്ത്യാതലത്തിൽ നടപ്പിലാക്കുന്ന ജനകീയാസൂത്രണ മാർഗ്ഗരേഖ കേരളത്തിൽ തയ്യാറാക്കിവരാറുള്ള ജനകീയാസൂത്രണ മാർഗ്ഗരേഖയുടെ പതിപ്പ് തന്നെയാണ്. ആസൂത്രണ പ്രക്രിയയും അതിലുൾപ്പെടുന്ന വിഷയങ്ങളും രീതികളും സഹായസംവിധാനങ്ങളുമെല്ലാം കേരളത്തിന്റെ അനുഭവങ്ങൾക്കനുസരിച്ചാണ്. സന്നദ്ധസേവനത്തിന് പ്രാദേശികമായി വിദഗ്ധരെ കണ്ടെത്തുന്നതിനുമൊക്കെയുള്ള നിർദ്ദേശങ്ങൾ ഏറെക്കുറെ കേരളമാതൃക തന്നെ.

ആറാമതായി ശ്രദ്ധിക്കേണ്ടത് സ്വയംസഹായ സംഘങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിലാണ്.

> ജനകീയാസൂത്രണം ഭാരത സർക്കാർ രാജ്യമൊട്ടാകെ വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

*ലേഖകൻ കില ഡയറക്ടറാണ്*

തദ്ദേശ സ്ഥാപനങ്ങളുടെ കുടക്കീഴിൽ എന്നാൽ സമ്പൂർണ്ണ സ്വയംഭരണ സ്വാതന്ത്ര്യത്തിലൂന്നിയ സ്വയംസഹായ സംഘരീതിയാണ് കുടുംബശ്രീയിലൂടെ കേരളം വിഭാവനം ചെയ്ത് നടപ്പിലാക്കിയത്. തദ്ദേശഭരണ പ്രക്രിയയിൽ സ്ത്രീകൾക്ക് ഇടംനേടാനും അവിഭാജ്യഘടകമാകാനും അവസരമൊരുങ്ങിയെന്ന മാത്രമല്ല തദ്ദേശഭരണ സംവിധാനം ശക്തിപ്പെടുത്താനും ഇത് കാരണമായി. എന്നാൽ ആന്ധ്രാപ്രദേശും തെലുങ്കാനയും ബീഹാറുമടക്കമുള്ള നിരവധി സംസ്ഥാനങ്ങളിൽ ഈ അയൽക്കൂട്ട സ്വയംസഹായ സംഘങ്ങളെ തദ്ദേശഭരണത്തിൽ നിന്നും അകറ്റിനിർത്തുകയും പലപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തകർക്കുന്നതിനുപയോഗിക്കുകയും ചെയ്യുന്ന രീതിയാണ് തുടർന്നു വന്നിരുന്നത്. ഇതിനിടയിലും കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒമ്പതോളം സംസ്ഥാനങ്ങളിൽ നിരവധി പഞ്ചായത്തുകളിൽ 'കേരളമാതൃക' പ്രവർത്തനങ്ങൾ നടത്തിവരികയായിരുന്നു. ഇതെല്ലാം അംഗീകരിച്ചുകൊണ്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ പഞ്ചായത്ത്-സ്വയംസഹായസംഘ പങ്കാളിത്തത്തിലൂന്നിയ ജനകീയാസൂത്രണമാണ് വേണ്ടതെന്ന് നിഷ്കർഷിച്ചിരിക്കുന്നു.

അവസാനമായി കേരളത്തിന്റെ ജനകീയാസൂത്രണ പ്രവർത്തനങ്ങളിലെ പ്രധാനഘടകമായിരുന്ന കാര്യശേഷി വികസന മാതൃകയും അഖിലേന്ത്യാ തലത്തിലുള്ള ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനതലത്തിലുള്ള പരിശീലകർ മുതൽ താഴെത്തട്ടിൽ വരെയുള്ള പരിശീലക ടീമുകളിലൂടെ എല്ലാ തലത്തിലും പരിശീലനം എന്ന രീതിയിലാണ് നിർദ്ദേശം.

ഇതൊക്കെയാണെങ്കിലും ശ്രദ്ധിക്കേണ്ട സുപ്രധാന വസ്തുതയുണ്ട്. 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് സംവിധാനം ഏർപ്പെടുത്തുമ്പോൾ സംസ്ഥാനങ്ങളാണ് അവ നടപ്പിലാക്കുവാനും തീരുമാനങ്ങളെടുക്കുവാനും ചുമതലപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിലാണ് ഓരോ സംസ്ഥാനവും പ്രത്യേക നിയമം തയ്യാറാക്കി പാസ്സാക്കിയത്. നേരിട്ട് ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കർശനമായി നടപ്പിലാക്കാൻ ആവശ്യപ്പെടുമ്പോൾ സംസ്ഥാനങ്ങളുടെ അധികാരത്തിലേക്കുള്ള കടന്നുകയറ്റമായി ചിത്രീകരിക്കുവാൻ സാധ്യതയുണ്ട്. സംസ്ഥാനങ്ങൾക്ക് സ്വീകരിക്കാവുന്ന മാതൃകാ-മാർഗ്ഗനിർദ്ദേശങ്ങൾ എന്ന നിലയിലാണ് ഇത് അവതരിപ്പിച്ചതെങ്കിൽ, സംസ്ഥാനങ്ങളുമായി ചർച്ചനടത്തി കൂട്ടായ യജ്ഞമായി ഇത് നടപ്പാക്കിയിരുന്നുവെങ്കിൽ രാജ്യമെമ്പാടും സ്ഥായിയായി നിലനിൽക്കുന്ന വികസനആസൂത്രണ പ്രക്രിയയായി ഇത് മാറാനുള്ള സാധ്യത ഇപ്പോഴത്തേതിനേക്കാൾ ഏറെയാകുമായിരുന്നു.

### പ്രളയമാലിന്യം പ്രശ്നമല്ല

# ക്ലീൻ കേരള കമ്പനിയുണ്ട്

കേരളം അഭിമുഖീകരിച്ച മഴക്കെടുതിയും പ്രളയവും മൂലം സംസ്ഥാനത്ത് വ്യാപകമായി വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും വെള്ളവും ചെളിയും മാലിന്യവും കയറി വാസയോഗ്യവും ഉപയോഗയോഗ്യവുമല്ലാത്തതായി മാറിയിരുന്നു. ഇത്തരത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണം വലിയൊരു വെല്ലുവിളി ഉയർത്തുന്ന ഒന്നായിരുന്നു. ശുചീകരണത്തിന്റെ ഭാഗമായി പുറന്തള്ളപ്പെടുന്ന അജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുക എന്ന ഉത്തരവാദിത്തമാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനിയെ ഏൽപ്പിച്ചിരുന്നത്.

പ്രളയബാധിത പ്രദേശങ്ങളിലെ അജൈവമാലിന്യ ശേഖരണത്തിനായി കൃത്യമായ പ്ലാൻ ഉണ്ടാക്കിയാണ് കമ്പനി പ്രവർത്തിച്ചത്. ഇപ്രകാരം ശേഖരിക്കുന്ന മാലിന്യങ്ങൾ പുന:ചംക്രമണത്തിനോ, സംസ്ക്കരണത്തിനോ ആയി ഉപയോഗിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. ഇതിനായി പ്രളയബാധിത പ്രദേശങ്ങളിലെ ക്യാമ്പുകളിൽ ഉണ്ടായിരുന്ന അജൈവമാലിന്യങ്ങൾ ശേഖരിക്കുക എന്ന പ്രവൃത്തിയാണ് ആദ്യം നടപ്പിലാക്കിയത്.

രണ്ടാം ഘട്ടമായി ശുചീകരണ പ്രക്രിയയിലൂടെ പുറന്തള്ളപ്പെടുന്ന അജൈവ മാലിന്യങ്ങൾ ശേഖരിക്കുക എന്ന പ്രവൃത്തിയും ഏറ്റെടുത്തു. ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ അതാത് തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ ഒന്നോ രണ്ടോ സ്ഥലത്ത് സൂക്ഷിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇവിടെനിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ജില്ലകളിൽ ജില്ലാഭരണകൂടം ഏർപ്പാടു ചെയ്യുതന്ന സ്ഥലങ്ങളിൽ എത്തിച്ച് തരംതിരിച്ച് പുനഃചംക്രമണത്തിനോ, സംസ്ക്കരണത്തിനോ ആയി മാറ്റുക എന്ന രീതിയിലായിരുന്നു കമ്പനിയുടെ പ്രവർത്തനം. പ്രധാനമായും പ്ലാസ്റ്റിക്, കുപ്പി, റബ്ബർ, ചില്ലുകുപ്പികൾ, റക്സിൻ, തുണി, മെത്ത, തലയിണ എന്നിവയായിരുന്നു ശേഖരിക്കുന്ന മാലിന്യങ്ങളിൽ ഉൾപ്പെട്ടിരുന്നത്.


ഇത്രയും ശ്രമകരമായ ഒരു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേരള സ്ക്രാപ്പ് മർച്ചന്റ് അസോസിയേഷനെ കൂടാതെ മാലിന്യസംസ്ക്കരണ മേഖലയിൽ പ്രവർത്തിക്കുന്നതും ഹരിതകേരളാ മിഷൻ ഹരിതസഹായ സ്ഥാപനങ്ങളായി തെരെഞ്ഞെടുത്തിട്ടുള്ളതുമായ ഗ്രീൻവേംസ് എക്കോ സൊലൂഷൻ, ക്രിസ്റ്റ് ഗ്ലോബൽ ട്രേഡേഴ്സ്, നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് എന്നീ ഏജൻസികളുടെ സഹകരണവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, ജില്ല ഭരണകൂടം എന്നിവരുടെ സഹകരണവും പങ്കാളിത്തവും വളരെ പ്രധാന്യം അർഹിക്കുന്നതാണ്. 2018 ഒക്ടോബർ 2 ലെ കണക്കനുസരിച്ച് പതിനായിരം ടൺ മാലിന്യം പ്രളയബാധിത പ്രദേശങ്ങളായ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ നിന്നും ശേഖരിച്ചിട്ടുണ്ട്.

**അജൈവ മാലിന്യ ശേഖരണം**

| ജില്ല | ശേഖരിച്ചത് (ടൺ) |
|---|---|
| പത്തനംതിട്ട | 1650.5 |
| കോട്ടയം | 249.64 |
| ആലപ്പുഴ | 973.94 |
| എറണാകുളം | 2496.48 |
| തൃശ്ശൂർ | 3177.127 |
| കോഴിക്കോട് | 260.019 |
| വയനാട് | 627.515 |
| മലപ്പുറം | 172.33 |
| പാലക്കാട് | 28.36 |
| **ആകെ** | 9635.911 |

# മൃഗസംരക്ഷണ മേഖലയിലെ
# പുനരധിവാസം

ഡോ. പി. ജി. വത്സല




അപ്രതീക്ഷിതമായുണ്ടായ പ്രളയത്തിൽ കേരളത്തിലെ മൃഗസംരക്ഷണ മേഖലയ്ക്കുണ്ടായത് 172 കോടി രൂപയുടെ നഷ്ടമാണ്. പ്രളയക്കെടുതി മൂലം പക്ഷി മൃഗാദികൾക്കും അനുബന്ധ സ്ഥാവര ജംഗമ വസ്തുവകകൾക്കും കനത്ത നഷ്ടമാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. പ്രളയക്കെടുതിയിൽ നിന്നും രക്ഷപ്പെട്ട മൃഗങ്ങൾക്ക് മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് തീറ്റ, വയ്ക്കോൽ, ആവശ്യമായ ചികിത്സ എന്നിവ നൽകുകയുണ്ടായി.



ദുരന്ത നിവാരണത്തിന്റെ ആദ്യഘട്ടത്തിലെ രക്ഷപ്പെടുത്തൽ കഴിഞ്ഞ് പുനരധിവാസത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ് നാമിപ്പോൾ. അതിന്റെ ആദ്യ പടിയാണ് പുനഃസ്ഥാപനം അഥവാ റീസെറ്റിൽമെന്റ്. ഉല്പാദനോപാദികളായ പക്ഷിമൃഗാദികൾ നഷ്ടപ്പെട്ട കർഷകർക്ക് അടിയന്തരമായി അവ പുനഃസ്ഥാപിച്ചു നൽകേണ്ടത് അനിവാര്യമാണ്. മൃഗസംരക്ഷണമേഖലയുടെ ശക്തമായ സാന്നിധ്യം കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണ പ്രസ്ഥാനത്തിന്റെ മുഖമുദ്രയാണ്. അതുകൊണ്ട് തന്നെ ത്രിതല പഞ്ചായത്തുകളുടെ ആസൂത്രണ പ്രക്രിയയിൽ പ്രളയബാധിതരുടെ ഉല്പാദനോപാദികൾ പുനഃസ്ഥാപിക്കുന്നതിന് ഗണ്യമായ പ്രധാന്യം നൽകേണ്ടതുണ്ട്. പാൽ, മുട്ട, മാംസം എന്നിവയുടെ പ്രാദേശിക ഉൽപാദനം വർദ്ധിപ്പിക്കാനും അതുവഴി ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിടുന്ന രീതിയിലുള്ള പദ്ധതികൾ ഈ പ്രദേശങ്ങളിൽ ഉണ്ടാകണം. സ്ഥലപരമായ ആസൂത്രണത്തോടൊപ്പം കർഷക കൂട്ടായ്മകളും ഈ സംരംഭങ്ങളിൽ പ്രാധാന്യമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതാത് പ്രദേശത്തെ പ്രളയബാധിതരുടെ കണക്കെടുപ്പ് നടത്തി അതിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതികൾ രൂപീകരിക്കുകയാണ് നിലവിൽ അഭികാമ്യം.

പക്ഷി മൃഗാദികൾ നഷ്ടപ്പെട്ടതുപോലെ പ്രളയത്തിൽ രക്ഷപ്പെട്ട മൃഗങ്ങളുടെ പരിപാലനവും

അനിവാര്യമായ ഒന്നാണ്. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ ഒരു ശതമാനത്തിനാണ് പ്രളയത്തിൽ ജീവഹാനി സംഭവിച്ചത്. എന്നാൽ ശേഷിക്കുന്നവ ഉല്പാദനശേഷി നഷ്ടപ്പെട്ട അവസ്ഥയിലാണ്. അവയ്ക്ക് നൽകാനായി തീറ്റയും വയ്ക്കോലും പല സ്ഥലങ്ങളിലും ലഭ്യമല്ലതാനും. അതിനാൽ നിലവിലുള്ള ഉരുക്കളുടെ സംരക്ഷണവും പുനരധിവാസത്തിന്റെ അവിഭാജ്യഘടകമാണ്. അവയ്ക്ക് ആവശ്യമായ തീറ്റ, പച്ചപ്പുൽ, ധാതുലവണ മിശ്രിതം എന്നിവ



നൽകി അവയുടെ ഉത്പാദനക്ഷമത വീണ്ടെടുക്കാൻ ഒട്ടും വൈകിക്കൂടാ. അതിനു വേണ്ടി ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിക്കേണ്ടത് അനിവാര്യമാണ്. പ്രളയബാധിത പ്രദേശത്ത് ഉരുക്കൾക്ക് അവയുടെ നിലവിലുള്ള ഉത്പാദനശേഷി പരിഗണിക്കാതെ തീറ്റ നൽകാനുള്ള പദ്ധതികളാണ് വേണ്ടത്. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതി, കറവ പശുക്കളുടെ തീറ്റ വിതരണ പദ്ധതി, ഇൻഷ്വറൻസ് പദ്ധതി, മുട്ടക്കോഴി വിതരണം എന്നിവയെല്ലാം ഏകോപിപ്പിച്ച് മൃഗസംരക്ഷണ മേഖലയുടെ സമഗ്രമുന്നേറ്റത്തിനായി നടപ്പിലാക്കണം.

പ്രളയബാധിത പ്രദേശങ്ങളിൽ സഹകരണ സ്ഥാപനങ്ങൾക്ക് കാര്യമായ ഇടപെടൽ ഈ രംഗത്ത് നടത്താൻ കഴിയും. മൃഗസംരക്ഷണ മേഖലയിൽ ഒന്ന്/രണ്ടു വർഷത്തേക്ക് പലിശ രഹിത വായ്പ നൽകിയാൽ മാത്രം കർഷകർക്ക് ഒരു പുത്തൻ ഉണർവ് നൽകാൻ കഴിയും. കുടുംബശ്രീയുടെ ഇടപെടലിനും ഈ സമയത്ത് കാര്യമായ മാറ്റങ്ങൾ വരുത്താൻ കഴിയും. ഉത്പാദന മേഖലയിലേക്ക് കുടുംബശ്രീയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുകയാണെങ്കിൽ സ്ത്രീകളുടെ വരുമാന വർദ്ധനവും തൊഴിൽസാദ്ധ്യതയും കാര്യമായി വർദ്ധിക്കും.

അതോടൊപ്പം പ്രളയബാധിത പ്രദേശങ്ങളിലെ നിരവധി മൃഗാശുപത്രികൾക്കും ക്ഷീര സംഘങ്ങൾക്കും കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും സേവനസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുമുള്ള പദ്ധതികളും ഉണ്ടാകേണ്ടതുണ്ട്.

ത്രിതല പഞ്ചായത്തുകളുടെ സമഗ്രമായ ഇടപെടലിലൂടെ പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ മേഖലയിൽ പുത്തനുണർവ്വും പുനരധിവാസവും സാധ്യമാക്കാൻ കഴിയും.

*ലേഖിക മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറാണ്.*



## കാർഷിക മേഖലയിൽ

# അതിജീവനം അതിവേഗം

**വിഷ്ണു എസ്.പി**

അവിചാരിതമായ മഹാപ്രളയത്തിനുശേഷം അതിജീവനത്തിന്റെ പാതയിലാണ് കാർഷിക കേരളം. സംസ്ഥാനമൊന്നാകെ പിടിച്ചുലച്ച വെള്ളപ്പൊക്കം തീരാത്ത നഷ്ടങ്ങളാണ് ജനങ്ങൾക്കും സമൂഹത്തിനുമാകെ വരുത്തിവച്ചിട്ടുള്ളത്. എന്നിരുന്നാലും ചിരസ്ഥായിയായ നമ്മുടെ കാർഷിക വിളകളെയും ഹരിതമുന്നേറ്റത്തിലൂടെ നേടിയെടുത്ത കാർഷിക സംസ്കൃതിയെയും നമുക്ക് തിരിച്ചു പിടിച്ചേ മതിയാകൂ. അതിനുള്ള യത്നത്തിലാണ് നാം ഓരോരുത്തരും.

5622 കോടി രൂപയുടെ പ്രാഥമിക നഷ്ടമാണ് കാർഷിക മേഖലയിൽ കണക്കാക്കപ്പെട്ടിട്ടുള്ളത്. ഏകദേശം 4 ലക്ഷം കർഷകരുടെ 147017 ഹെക്ടറോളം വരുന്ന കൃഷിയിടമാണ് നശിച്ചുപോയിട്ടുള്ളത്. പ്രകൃതിയുടെ താണ്ഡവം ഏറ്റവും കൂടുതൽ നാശം വിതച്ചത് ഇടുക്കി ജില്ലയിലാണ്. പല സ്ഥലങ്ങളിലും കൃഷിഭൂമി തന്നെ എവിടെയായിരുന്നുവെന്ന് തിരിച്ചറിയാൻ പറ്റാത്ത സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്. ഇരുന്നൂറിലധികം സ്ഥലങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടായതാണ് ജില്ലയിൽ നഷ്ടത്തിന്റെ വ്യാപ്തി വർദ്ധിക്കുവാൻ ഇടയാക്കിയത്. ആകെ നഷ്ടത്തിൽ 4230 കോടിയുടെ നാശനഷ്ടം ഇടുക്കിയിൽ മാത്രമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 70000 ഹെക്ടറിലധികം സ്ഥലത്ത് ജില്ലയിൽ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ഇതിൽ മൂന്നിലൊന്നും ഏലകൃഷി ചെയ്ത സ്ഥലങ്ങളാണ്.

രണ്ടാമത് ഏറ്റവും കൂടുതൽ നാശനഷ്ടം രേഖപ്പെടുത്തിയിട്ടുള്ളത് ആലപ്പുഴയിലാണ്, 370 കോടിയുടെ നാശനഷ്ടം. അതിൽ ഭൂരിഭാഗവും നെൽകൃഷി മേഖലയിലാണ്. ഇത്തരത്തിൽ ഓരോ ജില്ലയിലെയും പ്രധാന കാർഷിക മേഖലകളെല്ലാം തന്നെ തകർച്ച നേരിടുകയുണ്ടായി. പെരുമയാർജ്ജിച്ച കുരുമുളക് കൃഷി അപ്പാടെ നശിച്ച അവസ്ഥയിലാണ്. 51210 ഹെക്ടർ കുരുമുളക് കൃഷിയാണ് പലയിടങ്ങളിലായി നശിച്ചത്. ഏകദേശം 3975 കോടിയുടെ നാശനഷ്ടം ഈ ഇനത്തിൽ മാത്രം കണക്കാക്കപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ വാഴകൃഷിയും. 600 കോടിയുടെ നാശനഷ്ടം വാഴകർഷകർക്കുണ്ടായിട്ടുണ്ട്. വിവിധ ജില്ലകൾ തിരിച്ചുള്ള നാശനഷ്ടത്തിന്റെ കണക്ക് പട്ടികയിൽ കൊടുത്തിരി

പ്രകൃതിയുടെ താണ്ഡവം ഏറ്റവും കൂടുതൽ നാശം വിതച്ചത് ഇടുക്കി ജില്ലയിലാണ്. പല സ്ഥലങ്ങളിലും കൃഷിഭൂമി തന്നെ എവിടെയായിരുന്നുവെന്ന് തിരിച്ചറിയാൻ പറ്റാത്ത സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്.

ക്കുന്നു.

സംസ്ഥാനത്താകെ നെൽകൃഷിയിൽ 28000 ഹെക്ടർ സ്ഥലത്താണ് നാശനഷ്ടം ഉണ്ടായിട്ടുള്ളത്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ നെൽകൃഷിയെ പ്രളയം സാരമായി ബാധിക്കുകയും പതിനായിരക്കണക്കിന് ഹെക്ടറിലെ വിരിപ്പ് കൃഷി പൂർണ്ണമായും നശിക്കുകയും ചെയ്തു. പാലക്കാട്, ആലപ്പുഴ ജില്ലയിലെ കുട്ടനാട്, തൃശ്ശൂരിലെ കോൾ നിലങ്ങൾ എന്നിവിടങ്ങളിലെ പാടശേഖരങ്ങളുടെ തകർച്ച അതീവ ഗുരുതരമായിരുന്നു. പല സ്ഥലങ്ങളിലും പാടശേഖരങ്ങൾ ചെളിയും മണ്ണും കൊണ്ട് നിറഞ്ഞു. തുടർച്ചയായി വെള്ളം കെട്ടിനിന്നത് പുതുതായി ഇറക്കിയ കൃഷി പൂർണ്ണമായും നശിക്കുന്നതിന് കാരണമായി. തരിശുനിലങ്ങൾ പരമാവധി കതിരണിയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ നെൽകൃഷിയിൽ നടത്തിയ മുന്നേറ്റത്തിന് കനത്ത തിരിച്ചടിയാണ് പ്രളയം സൃഷ്ടിച്ചത്.

പ്രളയം കർഷകരുടെ ജീവനും സ്വത്തിനും കനത്ത നാശനഷ്ടം സൃഷ്ടിച്ചുവെങ്കിലും ചിരസ്ഥായിയായ നമ്മുടെ വിളകളെയും കാർഷിക സംസ്കൃതിയെയും തിരിച്ചുപിടിക്കേണ്ടത് നിലനില്പിന്റെ തന്നെ ആവശ്യമാണ്. അതുകൊണ്ടുതന്നെ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനു വേണ്ട നടപടികൾ എത്രയും പെട്ടെന്ന് കൈക്കൊള്ളുവാനായിരുന്നു കൃഷിവകുപ്പിന്റെയും സർക്കാരിന്റെയും തീരുമാനം. കൃഷിവകുപ്പും കൃഷിവകുപ്പ് മന്ത്രി അഡ്വ.വി.എസ്. സുനിൽ കുമാർ മുന്നിൽ നിന്ന് തന്നെ കൃഷിക്കാർക്ക് വേണ്ട സഹായങ്ങൾ നൽകുകയുണ്ടായി. താത്ക്കാലിക ബണ്ടുകളുടെ നിർമ്മാണം, കൃഷിത്തോട്ടങ്ങളുടെ ശുചീകരണം, സസ്യസംരക്ഷണ മാർഗങ്ങൾ എന്നിവ നടപ്പിലാക്കുന്നതിൽ കൃഷി ഉദ്യോഗസ്ഥരും ഗവേഷകരും കർഷകർക്കൊപ്പം പങ്കാളികളാവുകയായിരുന്നു. ജില്ലകൾ തോറും ക്യാമ്പുകൾ സംഘടിപ്പിക്കുകയും കർഷകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കാർഷിക മേഖലയിലെ പല പദ്ധതികളിലും മാനദണ്ഡങ്ങളിൽ അനുവദനീയമായ ഇളവുകൾ വരുത്തുകയുണ്ടായി. കൃഷിയെ വീണ്ടെടുക്കുന്നതിനായുള്ള പുനരുജ്ജീവന നടപടികൾ പ്രളയാനന്തരം അതിവേഗം തന്നെ ആരംഭിച്ചു. തകർന്ന നൂറ്റിഅൻപതിനടുത്ത് ബണ്ടുകളുടെ പുനർനിർമ്മാണത്തിനായി 20 ശതമാനം തുക അഡ്വാൻസായി പാടശേഖര സമിതികൾക്ക് നൽകിയിട്ടുണ്ട്. 25 ലക്ഷം രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഇത്തവണത്തേക്ക് മാത്രം ഇ-ടെൻഡർ നടപടികൾ ഒഴിവാക്കി അനുമതിയും നൽകി. പമ്പിംഗ് സബ്സിഡി വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ട്. കൃഷിയിറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം കണക്കാക്കി പമ്പിംഗ് സബ്സിഡി നൽകുന്നതിനും തൽസീസണിലെ കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. പുതിയ നെൽവിത്ത് കൃഷിനാശം സംഭവിച്ച സ്ഥലത്ത് വിതരണം ചെയ്യാൻ നടപടി എടുക്കുകയും ചെയ്തു. PMKSY പദ്ധതിപ്രകാരം ഏകദേശം 13500 പമ്പുസെറ്റുകൾ കർഷകർക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനും (പരമാവധി 15000 രൂപ) നടപടിയെടുത്തിട്ടുണ്ട്. കൃഷിവകുപ്പിന്റെ സത്വരമായ ഇടപെടലുകളിലൂടെ അതിജീവനം അതിവേഗം പുരോഗമിക്കുന്നുണ്ട് എന്നത് പലപ്രദേശങ്ങളിലും ആശ്വാസം പകരുന്നുണ്ട്. മറ്റു പ്രദേശങ്ങളിലെ വെള്ളമിറങ്ങിയിട്ടും വെള്ളം വറ്റാതിരുന്ന കുട്ടനാട് പ്രദേശത്തെ വെള്ളം വറ്റിക്കാൻ സൗദി അറേബ്യയിൽ നിന്നും 75 മുതൽ 100 HP ശേഷിയുള്ള പമ്പുസെറ്റുകൾ വരുത്തി പ്രവർത്തിപ്പിക്കുക യുണ്ടായി. വയനാട്ടിൽ ഇതിനകം തന്നെ കൃഷിനശിച്ച ഭൂരിഭാഗം സ്ഥലങ്ങളിലും രണ്ടാമത് വിതയും നടന്നുകഴിഞ്ഞു. 35000 ഹെക്ടറിൽ പുഞ്ചകൃഷി വ്യാപിപ്പിച്ച് ഇപ്പോഴുള്ള കുറവ് നികത്തുവാനാണ് കൃഷിവകുപ്പ് ശ്രമിക്കുന്നത്.

സമാനമായ നടപടികളാണ് മറ്റു കാർഷിക വിളകളുടെ പുനരുദ്ധാരണത്തിന് നടപ്പിലാക്കാനായി കൃഷിവകുപ്പ് തീരുമാനിച്ചിട്ടുള്ളത്. പുതുതായി കൃഷി ഇറക്കുന്നതിനു വേണ്ട വിത്ത്, നടീൽവസ്തുക്കൾ, ജൈവവളം ഉൾപ്പെടെയുള്ളവ



**കാർഷിക മേഖലയിലെ പല പദ്ധതികളിലും മാനദണ്ഡങ്ങളിൽ അനുവദനീയമായ ഇളവുകൾ വരുത്തുകയുണ്ടായി.**



ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയ അതേ മാതൃകയിൽ തന്നെ എല്ലാ കുടുംബങ്ങൾക്കുമാവശ്യമായ വിത്തുപാക്കറ്റുകൾ, പച്ചക്കറിത്തൈകൾ എന്നിവ വീണ്ടും സൗജന്യമായി നൽകുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

കർഷകർക്ക് നൽകുന്നതായിരിക്കും. പച്ചക്കറി കൃഷിയുടെ കാര്യത്തിൽ കഴിഞ്ഞ വർഷം സംസ്ഥാനം ഏറെ മുന്നേറ്റം നടത്തിയിരുന്നു. അത് എത്രയും പെട്ടെന്ന് തിരിച്ചു പിടിക്കണമെന്ന ഉദ്ദേശമാണ് വകുപ്പിനുള്ളത്. ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയ അതേ മാതൃകയിൽ തന്നെ എല്ലാ കുടുംബങ്ങൾക്കുമാവശ്യമായ വിത്തുപാക്കറ്റുകൾ, പച്ചക്കറിത്തൈകൾ എന്നിവ വീണ്ടും സൗജന്യമായി നൽകുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പതിനായിരം ഗ്രോബാഗ് യൂണിറ്റുകളും നഗരപ്രദേശങ്ങളിൽ വിതരണം ചെയ്യും. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷി വ്യാപനത്തിന് കൂടുതൽ സഹായം നൽകുവാനും ഉദ്ദേശിക്കുന്നുണ്ട്.

പ്രളയാനന്തരം മണ്ണിന്റെ സ്വഭാവത്തിലുണ്ടായ മാറ്റം പഠിക്കുന്നതിനും വിദഗ്ധ ഉപദേശം കർഷകർക്കു നൽകുന്നതിനുമായി കാർഷികസർവകലാശാല, ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ഒരു കോർ കമ്മിറ്റി രൂപീകരിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ വിവിധ മാദ്ധ്യമങ്ങൾ മുഖേന കർഷകരിലെത്തിക്കുകയും ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. കൃഷി ഓഫീസർമാരുടെ നേതൃത്വത്തിൽ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് പുനർജ്ജനി എന്ന കർഷകസമ്പർക്ക പരിപാടി വിവിധ ജില്ലകളിൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞത് വളരെ ഫലപ്രദമായിരുന്നു. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരുന്നുണ്ട്.

നാടിന്റെ സുരക്ഷയെ മുൻനിർത്തി പ്രകൃതിക്ക് ഇണങ്ങിയ വികസനപ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്ന തിരിച്ചറിവ് നമ്മളിലുണ്ടായിരിക്കുകയാണ്. കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചും ദൂഷ്യഫലങ്ങളെക്കുറിച്ചും പതിറ്റാണ്ടുകളായി നമ്മൾ ചർച്ചചെയ്യുന്നു. ലോകരാഷ്ട്രങ്ങൾ ഇനിയും ഒരു സമവായത്തിലെത്തേണ്ടിയിരിക്കുന്നു. പരിസ്ഥിതി ലോല മേഖലകളിൽ ഇനിമുതൽ ശാസ്ത്രീയമായിട്ടുള്ള കൃഷിമുറ സമ്പ്രദായങ്ങളായിരിക്കും നടപ്പിലാക്കുക. ഈ മേഖലകളിൽ ബഹുവിളകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുവാനാണ് കൃഷിവകുപ്പ് ഉദ്ദേശിക്കുന്നത്. നിർമ്മാണ പ്രവൃത്തികളെല്ലാം തന്നെ പ്രാദേശികമായി ലഭ്യമായുള്ള വസ്തുക്കൾ ഉപയോഗിച്ച് ലളിതമായ രീതിയിലായിരിക്കും. പരമ്പരാഗത കാർഷികവിളകൾ തിരികെക്കൊണ്ടുവരാനുള്ള പദ്ധതികളും കൃഷിവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇടുക്കി, കുട്ടനാട് കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക പാക്കേജുകൾ നടപ്പിലാക്കുവാനും കൃഷിവകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടം കൃഷിക്കു പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുവാനായിട്ടാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ദുരന്തങ്ങൾ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ

**പ്രളയക്കെടുതിയിലെ കൃഷിനാശം** (2018 സെപ്റ്റംബർ 26 വരെയുള്ള കണക്ക്)

| ജില്ല | ബാധിത പ്രദേശം (ഹെക്ടറിൽ) | ബാധിച്ച കർഷകർ (എണ്ണം) | കണക്കാക്കിയ നഷ്ടം (രൂപയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 1699.69 | 13487 | 7843,74,151 |
| കൊല്ലം | 869.73 | 9112 | 2341,80,559 |
| ആലപ്പുഴ | 12095.55 | 78733 | 37024,31,000 |
| പത്തനംതിട്ട | 12085.05 | 59555 | 13841,91,820 |
| കോട്ടയം | 7170.71 | 41267 | 12203,91,372 |
| ഇടുക്കി | 73732.43 | 41327 | 423000,46,020 |
| എറണാകുളം | 1296.66 | 8112 | 3727,85,580 |
| തൃശ്ശൂർ | 4767.31 | 22740 | 13733,90,693 |
| പാലക്കാട് | 6250.43 | 17376 | 11166,81,799 |
| മലപ്പുറം | 5567.15 | 28577 | 20969,22,843 |
| കോഴിക്കോട് | 627.04 | 4746 | 1550,88,836 |
| വയനാട് | 19528.20 | 58100 | 9664,91,570 |
| കണ്ണൂർ | 1127.57 | 10527 | 4199,68,000 |
| കാസർഗോഡ് | 199.29 | 5129 | 1017,03,500 |
| **ആകെ** | 147016.82 | 398788 | 562286,47,743 |

ചിന്തിക്കുന്ന വേളയിൽ ഇത്തരം ആഘാതങ്ങൾ കർഷകർക്കുണ്ടാക്കുന്ന നഷ്ടങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കൂടി നാം കണക്കിലെടുക്കേണ്ടതുണ്ട്. ഏറ്റവും പ്രധാനമായ താണ് വിള ഇൻഷ്വറൻസ്. പ്രകൃതി ദുരന്തങ്ങൾകാരണം കാർഷികവിളകൾക്കുണ്ടാകുന്ന യഥാർത്ഥ നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരത്തുക പരിഷ്കരിച്ച് സംസ്ഥാന സർക്കാർ വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ചെങ്കിലും പദ്ധതിയിൽ ചേർന്നിട്ടുള്ള കർഷകരുടെ എണ്ണം വളരെ കുറവായിരുന്നു. കർഷകരെ കൂടുതൽ ബോധവത്കരിച്ച് മുഴുവൻ പേരെയും ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

കൃഷി പുനരുജ്ജീവനത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും 1200 കോടി രൂപയുടെ കർമ്മപദ്ധതികൾ കൃഷിവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. നെല്ല്, പഴം-പച്ചക്കറി എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികളാണിതിലുള്ളത്. കുരുമുളക്, വാഴ, പൈനാപ്പിൾ, മാവ് തുടങ്ങിയ വിളകളുടെ പുനരുജ്ജീവനത്തിനായി ഒരു പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും നടത്തിപ്പിനായി 100 കോടി രൂപയുടെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വിഹിതമായുള്ള 100 കോടി രൂപയും ചേർത്ത് ആകെ 200 കോടി രൂപയുടെ ഒരു പുനരുദ്ധാരണ പദ്ധതി ഉടൻ നടപ്പിലാക്കുവാനും വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ മുമ്പ് നൽകിയിരുന്ന തോതിൽ 90:10 എന്ന അനുപാതത്തിലോ ഒറ്റത്തവണ ഗ്രാന്റ് ആയോ നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. അസാധാരണ രീതിയിലുള്ള സഹായഹസ്തം എല്ലാ മേഖലകളിൽ നിന്നും പ്രതീക്ഷിക്കുകയും ചെയ്യുന്നു. വെള്ളപ്പൊക്ക സമയത്ത് ചരിത്രപരമായ പ്രവർത്തനത്തിലൂടെ മാതൃക കാണിച്ച ഇവിടുത്തെ പൗരസമൂഹം നവകേരളത്തിന്റെ പുനർ നിർമ്മാണത്തിനും കൈകോർക്കുകതന്നെ ചെയ്യും. ഒരു വർഷത്തിനുള്ളിൽ തന്നെ കാർഷിക കേരളത്തിന്റെ പ്രതാപം മുൻപുള്ളതിനേക്കാൾ ഗംഭീരമായി തിരിച്ചുവരുത്താൻ കഴിയുമെന്നു തന്നെയാണ് സർക്കാരിന്റെയും കൃഷിവകുപ്പിന്റെയും വിശ്വാസം.

ഒരു വർഷത്തിനുള്ളിൽ തന്നെ കാർഷിക കേരളത്തിന്റെ പ്രതാപം മുൻപുള്ളതിനേക്കാൾ ഗംഭീരമായി തിരിച്ചുവരുത്താൻ കഴിയുമെന്നു തന്നെയാണ് സർക്കാരിന്റെയും കൃഷിവകുപ്പിന്റെയും വിശ്വാസം.

*ലേഖകൻ ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ കൃഷി ഓഫീസറാണ്.*



# മാലിന്യസംസ്ക്കരണ രംഗത്ത് കരുളായി മാതൃക

**അസൈനാർ വിശാരിയിൽ**

മാലിന്യ സംസ്കരണരംഗത്ത് അസാധാരണ മാതൃക സൃഷ്ടിച്ചിരിക്കുകയാണ് മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്ത്. കരുളായി പഞ്ചായത്തിലെ വീടുകളും പരിസരവും മാലിന്യമുക്തമാക്കിയിരിക്കുന്നു. മാലിന്യം എന്ന ഒന്നില്ല എന്ന തത്വത്തിൽ അധിഷ്ഠിതമായി ക്ലീൻ കേരള പദ്ധതിയുടെയും ഹരിതകേരളം മിഷന്റെയും പ്രവർത്തനത്തിലൂടെ കേരളം മുഴുവൻ മാതൃകയാക്കേണ്ട പഞ്ചായത്തായി കരുളായി മാറിയിരിക്കുന്നു. വീടുകളിൽ നിന്നും ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് മറ്റു വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളാക്കി മാറ്റുന്നതാണ് ഈ പദ്ധതി. കരുളായി പഞ്ചായത്തിൽ മാലിന്യമില്ലെന്ന് നാട്ടുകാർതന്നെ പറയുന്നു. ഇ-വേസ്റ്റുകൾ തരംതിരിച്ച് വിൽക്കുന്നത് എല്ലാവർക്കും ഒരു മൂലധനമാണ്. മാലിന്യം വിറ്റുകിട്ടുന്ന കാശും സർക്കാർ നിർദ്ദേശിക്കുന്ന വയബിലിറ്റി ഫണ്ടും ഉണ്ടെങ്കിൽ ഏതൊരു പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും മാലിന്യങ്ങൾ പൂർണ്ണമായും സംസ്ക്കരിക്കാൻ കഴിയും.

പഞ്ചായത്തിൽ 15 വാർഡുകളിലായി 5000ത്തോളം വീടുകളുണ്ട്. മാസത്തിൽ 3 ദിവസം വീടുകളിൽ ഹരിതകർമ്മസേന പ്രവർത്തകരെത്തും. പഞ്ചായത്തിന്റെ സഹകരണത്തോടെ ഓരോ വീടുകളിലും ഓരോ സഞ്ചികൾ കുടുംബശ്രീ വഴി വിതരണം ചെയ്തു. ഒരു മാസം വീടുകളിലെ മുഴുവൻ പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ ഈ സഞ്ചിയിൽ നിക്ഷേപിക്കുന്നു. തുടർന്ന് വീടുകളിൽ നിന്നും കടകളിൽ നിന്നും

നിശ്ചിത തുക ഈടാക്കി അജൈവ മാലിന്യങ്ങൾ ശേഖരിച്ചു വരുന്നു.

വീടുകളിൽ നിന്ന് ശേഖരിച്ച പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, ബാഗ്, കുട, ചെരുപ്പ് തുടങ്ങിയ മാലിന്യങ്ങൾ റീസൈക്ലിംഗിനായി കയറ്റിവിടുന്നു. കമ്പനികൾ ആവശ്യപ്പെടുന്ന രീതിയിൽ തരം തിരിച്ചാണ് റീസൈക്കിൾ ചെയ്യുന്നതിനു വേണ്ടി കയറ്റി അയ്ക്കുന്നത്.

18 വനിതതൊഴിലാളികളാണ് കരുളായി പഞ്ചായത്തിലുള്ളത്. ഇവർക്ക് മാസം പതിനായിരം രൂപ വരുമാനവും ലഭിക്കുന്നുണ്ട്. പ്ലാന്റും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിലും ഇവരുടെ പങ്ക് പ്രധാനമാണ്. നിശ്ചിത ഇടവേളകളിൽ ആരോഗ്യ പരിശോധനയും ഇവർക്ക് നൽകുന്നുണ്ട്. തുടക്കത്തിൽ ഒരു വാർഡിൽ നിന്ന് 1500 കിലോ മാലിന്യംവരെ ലഭിച്ചിരുന്നെങ്കിൽ ഇപ്പോഴത് 900 മുതൽ 1000 കിലോ വരെയായി കുറഞ്ഞിരിക്കുന്നു.

വാർഡുതലത്തിൽ അജൈവമാലിന്യശേഖരണത്തിനായി ശുചിത്വസേന രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജൈവമാലിന്യം ഉറവിടത്തിൽ സംസ്ക്കരിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികളും നടന്നു. മാലിന്യം നിർബന്ധമായും ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതിനെപ്പറ്റിയും പ്ലാസ്റ്റിക് ഉപയോഗിച്ചാലുണ്ടാകുന്ന നിയമ നടപടികളെക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകളിൽ വിശദീകരണം നൽകി. 2017 മുതൽ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. കരുളായി പഞ്ചായത്തിനെ അനുകരിച്ച് തൊട്ടടുത്ത ചാലിയാർ പഞ്ചായത്തിലും പദ്ധതി ആരംഭിച്ചിട്ടുണ്ട്. കരുളായി പഞ്ചായത്തിലെ ജനങ്ങളെല്ലാം പദ്ധതിക്ക് പൂർണ്ണ പിന്തുണ നൽകുന്നുണ്ട്. പഞ്ചായത്തിലെ ഭരണസമിതി അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പൂർണസഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നു.

## ഹരിതകേരളം - ക്ലീൻ കരുളായി

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ കിഴക്കേ അതിർത്തിയിൽ പശ്ചിമഘട്ടത്തിന്റെ നിലമ്പൂർ താഴ്‌വരയോട് ചേർന്ന് കിടക്കുന്ന ഒരു മലയോര പ്രദേശമാണ് കരുളായി. അടിസ്ഥാനപരമായി ഒരു കാർഷികമേഖലയാണീ പ്രദേശം. പശ്ചിമഘട്ടത്തിലെ പുൽമേട്ടകളിൽ നിന്നും ഉൽഭവിച്ചുവരുന്ന ചാലിയാറിനെ ജലസമൃദ്ധമാക്കുന്ന കരിമ്പുഴ, ചെറുപുഴ എന്നിവയാൽ ഈ പ്രദേശം വനപ്രദേശത്തെ വേർതിരിക്കുന്നു. ജാതിമതചിന്തകൾക്കപ്പുറം കുടിയേറ്റക്കാരോ മറുനാട്ടുകാരോ എന്ന വേർതിരിവില്ലാതെ എല്ലാവരെയും ഈ പ്രദേശം ഉൾക്കൊണ്ടു. 1969ലാണ് കരുളായി ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നത്. നിലവിൽ ആകെ 15 വാർഡുകളും 135 ച.കി.മീ വിസ്തീർണവും 26000 ത്തോളം ജനസംഖ്യയും. 6000ത്തോളം കുടുംബങ്ങളിൽ 700 ഓളം പട്ടികജാതി കുടുംബങ്ങളും 400ഓളം പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ട്.

(ലേഖകൻ കരുളായി
ഗ്രാമപഞ്ചായത്ത്
പ്രസിഡന്റാണ്)



### പശ്ചാത്തലം

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷത്തിലാണ് മാലിന്യസംസ്കരണത്തിന് പദ്ധതി വേണമെന്ന് തീരുമാനിക്കുന്നത്. പുഴകളും റോഡുകളും പൊതുസ്ഥാപനങ്ങളും വീടുകളും പരിസരവും ഓടകളും എല്ലാം മാലിന്യങ്ങൾ നിറഞ്ഞുകൂടുന്ന അവസ്ഥയിലേക്ക് മാറുകയും മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് ഡങ്കിപ്പനി, ചിക്കൻഗുനിയ തുടങ്ങി പലതരം രോഗങ്ങൾ പിടിപെടാൻ കാരണമാവുകയും ചെയ്ത സാഹചര്യത്തിലാണ് കരുളായി ഗ്രാമപഞ്ചായത്തിലെ ഇത്തരം മാലിന്യങ്ങൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കാൻ തീരുമാനിച്ചത്. അതിന് ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ പഞ്ചായത്ത് ശേഖരിച്ച് റീസൈക്ലിങ് കേന്ദ്രത്തിലേക്ക് കയറ്റി അയക്കുന്നതിനും തീരുമാനിച്ചു.








# പാണ്ടനാട് – ഒരു പ്രളയകുറിപ്പ്

**രജിത്ത്കുമാർ**

അവിചാരിതമായി കടന്നെത്തിയ മഹാപ്രളയത്തിന് മുന്നിൽ ആലപ്പുഴയിലെ പാണ്ടനാട് ഗ്രാമം വിറങ്ങലിച്ച് നിന്ന നിമിഷങ്ങൾ . ഇത്രയും പ്രളയദുരിതം ഒരുപക്ഷേ കേരളത്തിൽ മറ്റൊരിടത്തും ഉണ്ടായിട്ടില്ല. ഇങ്ങനെ വെള്ളം ഈ നാട്ടിലേക്ക് കയറുമെന്ന്, സ്വാതന്ത്ര്യദിനത്തിന്റെ ആഘോഷങ്ങൾക്ക് രാത്രി തങ്ങളുടെ വീടുകളിൽ നിന്ന് പലായനം ചെയ്യപ്പെടുമെന്ന് ഉറങ്ങാൻ കിടന്നപ്പോൾ പാണ്ടനാട്ടുകാർ കരുതിയില്ല. വലിയവനെന്നോ, ചെറിയവനെന്നോ, ജാതി സമവാക്യങ്ങളോ നോക്കാതെ വേലിക്കെട്ടുകൾ തകർത്ത് പുഴവെള്ളം എല്ലാ വീടുകളിലും എത്തി. നദിയിൽ നിക്ഷേപിച്ച എല്ലാ മാലിന്യങ്ങളും ഓരോ ഭവനത്തിലും എത്തി.

പമ്പയാർ, അച്ചൻകോവിലാർ, വരട്ടാർ എന്നീ മൂന്ന് നദികളുടെ ഇടയിലായാണ് പാണ്ടനാട് ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. നദികൾ ദിശമാറി ഒഴുകാൻ തുടങ്ങിയതോടെ പാണ്ടനാട് ഒരു വലിയ നദിയായി മാറി. മത്സ്യബന്ധന വള്ളങ്ങളിൽ രക്ഷാപ്രവർത്തനം ആരംഭിച്ചെങ്കിലും വെള്ളത്തിന്റെ കുത്തൊഴുക്കിൽപെട്ട് മതിലുകളിലും പോസ്റ്റുകളിലും ഇടിച്ച് വള്ളങ്ങൾ തകരുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. രക്ഷാപ്രവർത്തനത്തിന് എത്തിയവർക്ക് അപരിചിതമായ സാഹചര്യമാണ് പാണ്ടനാട്ടിൽ ഉണ്ടായിരുന്നത്. റോഡിൽ മിക്കയിടത്തും നിറയെ വെള്ളം, ബോട്ട് ഓടിച്ചു പോകാവുന്ന സ്ഥിതിയുണ്ട്. എന്നാൽ ചിലയിടങ്ങളിൽ തീരെ വെള്ളമില്ല ഇതോടെ ബോട്ട് ഓടിക്കുവാൻ കഴിയാതെ വരുന്നു. ഇടയ്ക്ക് നദിയിൽ നിന്നും അതിശക്തമായ ഒഴുക്ക്, റോഡ് മുറിച്ചുകൊണ്ടുള്ള ഒഴുക്കിൽ ബോട്ട് നിയന്ത്രിച്ചുകൊണ്ടുപോകുവാൻ കഴിയാത്ത സ്ഥിതി. ചിലത് ഓടിക്കുവാനും കഴിയുന്നില്ല. കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ കടലിൽ ജോലി ചെയ്തുവരുന്ന മത്സ്യത്തൊഴി

ലാളികൾക്ക് പോലും ആറിന്റെ ഒഴുക്കിൽ നന്നേ കഷ്ടപ്പെടേണ്ടി വന്നു. കേന്ദ്ര സംസ്ഥാന ദുരന്തനിവാരണസേന, സേന, നാവിക സേന, അർദ്ധസേന, ഫയർഫോഴ്സ്, കോസ്റ്റ്ഗാർഡ്, പോലീസ്, മത്സ്യത്തൊഴിലാളികൾ, പഞ്ചായത്ത്, റവന്യൂ ജീവനക്കാർ, സന്നദ്ധ സംഘടനകൾ, നാട്ടുകാർ എന്നിവരുടെ ഒത്തൊരുമിച്ചുള്ള രക്ഷാപ്രവർത്തനമാണ് മരണ സംഖ്യ നാലിൽ നിർത്താൻ സഹായിച്ചത്.

പ്രസിഡന്റും വൈസ് പ്രസിഡന്റും ഉൾപ്പെടെ പഞ്ചായത്ത് മെമ്പർമാർ പ്രളയദുരന്തത്തിൽ അകപ്പെട്ടതോടെ പഞ്ചായത്ത് സെക്രട്ടറി ഷൈലജയുടെ നേതൃത്വത്തിൽ 16-ാം തീയതി രാവിലെതന്നെ പ്രാദേശികമായി രക്ഷാപ്രവർത്തനങ്ങൾ തുടങ്ങുകയും പത്തനംതിട്ട ജില്ലയിലെ പരുമല ദേവസ്വംബോർഡ് ഹയർസെക്കന്ററി സ്കൂൾ, പരുമലപ്പള്ളി ഓഡിറ്റോറിയം, എൻ.എസ്.എസ്. കരയോഗ മന്ദിരം എന്നിവിടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പ് ആരംഭിക്കുകയും ചെയ്തു. തദ്ദേശവാസികളുടെയും സന്നദ്ധ പ്രവർത്തകരുടെയും സപ്ലൈകോയുടെയും സഹായത്താൽ ക്യാംപിലുള്ളവർക്ക് ഭക്ഷ്യ സാധനങ്ങളും വസ്ത്രങ്ങളും മറ്റും ഏർപ്പാടാക്കി.

വെള്ളം ഇറങ്ങിയപ്പോൾ ദുരിതം പ്രളയത്തേക്കാൾ ഉയർന്ന് ഒഴുകുകയാണ്. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട പാണ്ടനാട്ടിലെ ജനങ്ങൾക്ക് ആത്മവിശ്വാസം നല്കുക എന്നതായിരുന്നു പ്രസിഡന്റ്.ശിവൻകുട്ടി ഐലാരത്തിന്റെയും മറ്റ് ജനപ്രതിനിധികളുടെയും മുമ്പിലുള്ള പ്രധാന വെല്ലുവിളി. പ്രളയം നടന്ന് 8 ദിവസത്തിന് ശേഷം പഞ്ചായത്ത് ഓഫീസ് തുറക്കുമ്പോൾ കാണുന്ന കാഴ്ച ഭയാനകമായിരുന്നു. കംപ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും ഫയലുകളും സർവ്വീസ് ബുക്കുകളും ചെളിയിൽ മൂടപ്പെട്ടുകിടക്കുന്നു. ജനങ്ങൾ വീടുകളിലേക്ക് മടങ്ങിയെത്തിയപ്പോൾ കണ്ടത് ഇതിലും കരളലിയിക്കുന്ന കാഴ്ചകളായിരുന്നു. ഓരോ വീടുകളും ചെളി കൂമ്പാരങ്ങളായി മാറി. ചെളിയിൽ തെന്നിയാണ് വീടുകൾക്കുള്ളിൽ അവർ നടന്നത്. ചിലർക്ക് ചെളി നിറഞ്ഞ റോഡുകളിലൂടെ വീടുകളിൽ എത്തിപറ്റാൻ കഴിയാത്ത അവസ്ഥ, റോഡുകളിലും വീട്ടുമുറ്റത്തും വളർത്തു മൃഗങ്ങൾ ചത്തുകിടന്ന് അഴുകി ദുർഗന്ധം വമിക്കുന്ന കാഴ്ചകൾ.

വലിയൊരു ദൗത്യമാണ് അതിജീവനത്തിന്റെ രണ്ടാം ഘട്ടത്തിൽ പാണ്ടനാട് പഞ്ചായത്തിനെ കാത്തിരുന്നത്. കുടിവെള്ളം, ഭക്ഷണം, വസ്ത്രം, പാർപ്പിടം, രോഗപ്രതിരോധം, കാലവർഷം കവർന്നെടുത്ത സർട്ടിഫിക്കറ്റുകളും മറ്റ് വിലപ്പെട്ട രേഖകളും നല്കേണ്ടതായുണ്ട്. അതിന് ജനങ്ങളുടെ അഭയകേന്ദ്രമായ പഞ്ചായത്ത് ഓഫീസ് പ്രവർത്തനസജ്ജമാകേണ്ടത് അനിവാര്യമായിരുന്നു. വളരെയധികം പശപശപ്പുള്ള ചെളി കട്ട പിടിച്ചുകിടന്ന പഞ്ചായത്ത് ഓഫീസ് ആദ്യ ദിവസം തേക്കടിയിൽ നിന്നുള്ള പെരിയാർ ടൈഗർ റിസർവ്വിലെ 55 അംഗ സംഘത്തിന്റെ ശ്രമകരമായ ദൗത്യത്തിലൂടെയും രണ്ടാം ദിവസം തുമ്പ വിക്രം സാരാഭായ് സ്പേസ് സെന്ററിലെ ഫയർ &റെസ്ക്യൂ ടീമിന്റെ നേതൃത്വത്തിലും വൃത്തിയാക്കി. മുഴുവനായും കംപ്യൂട്ടർ വത്കരിച്ചിരുന്ന പഞ്ചായത്തിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നു. സമീപ പ്രദേശങ്ങളിലെ 5 പഞ്ചായത്തുകളിൽ നിന്നും ഓരോ കംമ്പൂട്ടറുകൾ വീതം താല്ക്കാലികമായി എടുത്ത് പഞ്ചായത്ത് ഓഫീസ് പ്രവർത്തനം ആരംഭിച്ചു. പിന്നീട് ദുരിതാശാസ്വ പ്രവർത്തനത്തിന്റെ ഭാഗമായി ടെക്നോപാർക്കിലെ മൈത്രി എന്ന സംഘടന 15 കംപ്യൂട്ടറുകൾ സംഭാവനയായി നല്കിയതോടെ ഓഫീസ് പ്രവർത്തനങ്ങൾ പഴയരീതിയിൽ തുടരാൻ കഴിഞ്ഞു.

ഇതോടൊപ്പം വിവിധ ജില്ലകളിൽ നിന്നും എത്തിയ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പഞ്ചായത്തിൽ ക്യാമ്പ് ചെയ്ത് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികളെയും ജീവനക്കാരെയും കുംബശ്രീ പ്രവർത്തകരെയും സന്നദ്ധ പ്രവർത്തകരെയും ഉപയോഗിച്ച് വീടുകളും കിണറുകളും പൊതുസ്ഥാപനങ്ങളും വൃത്തിയാക്കി. ദിവസേന 20 ടണ്ണോളം മാലിന്യങ്ങൾ ജൈവ, അജൈവ, ഇ-മാലിന്യങ്ങൾ ക്ലീൻ കേരള മിഷനുമായി ചേർന്ന് വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്തുകൊണ്ടിരുന്നു. കിണറുകൾ വൃത്തിയാക്കിയെങ്കിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് ദിവസേന 77000 ലിറ്റർ കിയോസ്കുകൾ വഴിയും ടാങ്കറുകളിൽ വീടുകളിൽ എത്തിച്ചും കൊടുക്കുന്നു.

പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും സന്നദ്ധ പ്രവർത്തനത്തിന് എത്തിയവർക്കും പ്രതിരോധ മരുന്നുകൾ നല്കിയും കിണറുകളിൽ ക്ലോറിനേഷൻ നടത്തിയും പകർച്ചവ്യാധികൾ പിടിപെടാതിരിക്കുവാനുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചു. തകർച്ചയുടെ ആഘാതം മാറാൻ ഏറെനാൾ വേണമെങ്കിലും ഒറ്റനോട്ടത്തിൽ പ്രളയത്തിന്റെ പരിക്കുകൾ ഉണങ്ങിത്തുടങ്ങി.



(ലേഖകൻ പാണ്ടനാട് ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്കാണ്)

# വാർത്തകൾ വിശേഷങ്ങൾ

## സർക്കാർ പരിപാടികൾക്ക് ഗ്രീൻപ്രോട്ടോക്കോൾ ബാധകമാക്കി

മന്ത്രിമാർ, എം.പി മാർ, എം.എൽ.എ മാർ എന്നിവർ പങ്കെടുക്കുന്ന പൊതുപരിപാടികൾ, സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവയും സർക്കാർ സംഘടിപ്പിക്കുന്ന പൊതുപരിപാടികളും ഗ്രീൻപ്രോട്ടോക്കോൾ പാലിച്ചുകൊണ്ടു മാത്രമേ സംഘടിപ്പിക്കാൻ പാടുള്ളു എന്നും ഇത്തരം പരിപാടികളിൽ പ്ലാസ്റ്റിക് കുപ്പിവെള്ളം, പ്ലാസ്റ്റിക്/ഡിസ്പോസിബിൾ വസ്തുക്കളിലുള്ള ആഹാര-പാനീയ വിതരണം, ഫ്ലക്സ്, പ്ലാസ്റ്റിക്കിലും തെർമോക്കോളിലുമുള്ള അലങ്കാരങ്ങൾ തുടങ്ങിയവ കർശനമായി ഒഴിവാക്കി പ്രകൃതിസൗഹൃദവസ്തുക്കൾ മാത്രം ഉപയോഗിച്ച് നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ (സാധാ) നം. 5784/2018/പൊഭവ, തീയതി 04.09.2018)

## ഖരമാലിന്യ പരിപാലനം: മോഹൻലാൽ ഗുഡ്‌വിൽ അംബാസിഡർ

തദ്ദേശസ്വയംഭരണ വകുപ്പ് സംസ്ഥാന സർക്കാരിന്റെ മുനിസിപ്പൽ ഖരമാലിന്യ പരിപാലന സംരംഭത്തിന്റെ (Urban Solid Waste Management Initiative) ഭാഗമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് വിവിധ ഇടങ്ങളിൽ വേസ്റ്റ്–ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി പത്മശ്രീ ഭരത് മോഹൻലാലിനെ പ്രഖ്യാപിച്ചു.

(സ.ഉ(സാധാ)നം. 2498/2018/തസ്വഭവ, തീയതി 25.09.2018)

## ഹോർഡിംഗുകൾ സ്ഥാപിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സംസ്ഥാനത്ത് ബോർഡുകൾ/ബാനറുകൾ/ഹോർഡിംഗുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചു. സംസ്ഥാനത്തൊട്ടാകെ വിവിധ ഏജൻസികളും സംഘടനകളും സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി കൂടാതെ പരസ്യബോർഡുകൾ/ബാനറുകൾ/ ഹോർഡിംഗുകൾ സ്ഥാപിക്കുന്നതു കാരണം അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നത്. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാത്ത തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കെതിരെ കർശനനടപടി സ്വീകരിക്കുന്നതായിരിക്കും.

(സർക്കുലർ നം. ആർ.സി 2/41/2018/തസ്വഭവ, തീയതി 06.10.2018)

## സർക്കുലർ റദ്ദ് ചെയ്തു

ടെൻഡർ, റീ-ടെൻഡർ നടപടികൾക്കു ശേഷവും പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറാകാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം 20 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന കാര്യം പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് പുറപ്പെടുവിച്ച 01.11.2017ലെ ഡി.എ1/839(1)/2017/തസ്വഭവ നമ്പർ സർക്കുലർ റദ്ദ് ചെയ്തു.

(സർക്കുലർ നം. ഡി.എ1/839(3)/2017/തസ്വഭവ, തീയതി 17.09.2018)

## 2019-20 വാർഷിക പദ്ധതി ആരംഭിക്കുന്നതിന് നിർദ്ദേശം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ (സാധാ)നം. 2462/2018/തസ്വഭവ, തീയതി 19.09.2018)

## ഗ്രാമപഞ്ചായത്ത് വികസന പദ്ധതി തയ്യാറാക്കണം

2019-20 വർഷത്തെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നമ്പർ ഡി എ1/653/2018/തസ്വഭവ, തീയതി 17.09.2018)

## ലൈഫ്: വസ്തു പണയപ്പെടുത്തിയവർക്കും കരാറിലേർപ്പെടാം

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് വസ്തു ബാങ്കുകളിൽ പണയപ്പെടുത്തിയിട്ടുള്ള ലൈഫ് ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായവർക്ക് വീട് അനുവദിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി കരാറിലേർപ്പെടുന്നതിന് അനുവാദം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ.(സാധാ)നം. 2544/2018/തസ്വഭവ, തീയതി 01.10.2018)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**

# വൃക്കരോഗികൾക്ക് തലോടലായി

ശ്രീരാജ് എൻ.



*'എടീ, നിയെന്താ ഇന്നലെ ട്യൂഷന് വരാഞ്ഞേ.? ഇടയ്ക്കിടക്ക് നീ മുങ്ങുന്നുണ്ട്. പത്താം ക്ലാസ്സാ, അത് മറക്കണ്ട'*

*കൂട്ടുകാരി ശകാരിച്ചപ്പോൾ അമ്മു ചെറുതായൊന്നു ചിരിച്ചു.*

*'ഇന്നലെ അച്ഛന് ഡയാലിസിസ് ഉണ്ടായിരുന്നു. എനിക്കായിരുന്നു ഡ്യൂട്ടി. അതാ വരാഞ്ഞത്.'*

*ഒന്നു നിർത്തി അവൾ തുടർന്നു 'ഞാൻ മിക്കവാറും ഇനി ട്യൂഷന് വരില്ല..'*

*'അതെന്താ? ആശ്ചര്യത്തോടെ കൂട്ടുകാരി കാര്യം തിരക്കിയപ്പോൾ ഇടറിയ ശബ്ദത്തിൽ അമ്മു പറഞ്ഞു.*

*'അച്ഛന്റെ ചികിത്സയ്ക്കെടുത്ത ലോൺ അടയ്ക്കാത്തതുകൊണ്ട് ബാങ്കിൽ നിന്ന് നോട്ടീസ് വന്നു. അമ്മയും ഏട്ടനും ഇന്നലെ ബാങ്കിൽ പോയി അത് പുതുക്കി വെച്ചു. അമ്മയ്ക്ക് താലി പോലും ഇനിയില്ല. ഏട്ടനെക്കൊണ്ട് ട്യൂഷൻ ഫീസ് കൂടി കൊടുപ്പിക്കുവാൻ എനിക്ക് വയ്യ. അത് അച്ഛന്റെ കാര്യങ്ങൾക്ക് പോലും തികയുന്നില്ല' അത് പറഞ്ഞ് തീരുമ്പോഴേക്കും അമ്മുവിന്റെ കണ്ണ് നിറഞ്ഞിരുന്നു.*

ഇത് ഒറ്റപ്പെട്ട ഒരനുഭവമല്ല. ഇതിലും ഭീകരമായ സാഹചര്യങ്ങളിലൂടെയാണ് നമ്മുടെ നാട്ടിലെ വൃക്കരോഗികളുടെ കുടുംബങ്ങൾ കടന്നു പോകുന്നത്. വൃക്കരോഗം ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക് തള്ളിയിടുമ്പോൾ ജീവിതം ചോദ്യചിഹ്നമായി പോകുന്നവർ. അവരെ ചേർത്തു പിടിക്കാൻ കോഴിക്കോട് ജില്ല പഞ്ചായത്തനൊരു പദ്ധതി - 'സ്നേഹസ്പർശം'

## എന്താണ് സ്നേഹസ്പർശം?

സ്നേഹസ്പർശം കോഴിക്കോട് ജില്ല പഞ്ചായത്തിന്റെ ഒരു ജീവകാരുണ്യ പദ്ധതിയാണ്. ജില്ല പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ ചീഫ് കോ-ഓർഡിനേറ്ററും ജില്ല പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായി പ്രവർത്തിക്കുന്നു. കൂടാതെ ജില്ല പഞ്ചായത്ത് സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻമാർ, എ.ഡി.എം, പഞ്ചായത്ത്, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളുടെ ജില്ലാ മേധാവികൾ, കോർപ്പറേഷൻ, നഗരസഭ, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ തുടങ്ങി ഉദ്യോഗസ്ഥരും പൊതുരംഗത്തും ആരോഗ്യരംഗത്തും പാലിയേറ്റീവ് രംഗത്തുമുള്ള പ്രതിനിധികൾ ഉൾപ്പെടുന്ന 62 അംഗങ്ങളുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ട്.

സമൂഹത്തിലാകെ വൃക്കരോഗികളും അവരുടെ കഷ്ടപ്പാടുകളും നാൾക്കുനാൾ വർദ്ധിച്ചുവരിക

**വൃക്കരോഗം ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക് തള്ളിയിടുമ്പോൾ ജീവിതം ചോദ്യചിഹ്നമായി പോകുന്നവർ. അവരെ ചേർത്തു പിടിക്കാൻ കോഴിക്കോട് ജില്ലപഞ്ചായത്തനൊരു പദ്ധതി - 'സ്നേഹസ്പർശം**



യാണ്. ഇന്ത്യൻ ജനസംഖ്യയുടെ 10 ശതമാനം പേർ വൃക്ക സംബന്ധമായ രോഗങ്ങളാൽ ബുദ്ധിമുട്ടുന്നു എന്നാണ് പഠനങ്ങൾ പറയുന്നത്. രോഗികളുടെ ഈ വർദ്ധനവ് കാരണം സ്നേഹസ്പർശം പദ്ധതിയുടെ ആദ്യവർഷങ്ങളിൽ പ്രതിമാസം 5-8 ലക്ഷം രൂപ ധനസഹായം നൽകിയിരുന്നത് ഇപ്പോൾ 25 ലക്ഷത്തോളം എത്തിനിൽക്കുകയാണ്. മുപ്പതോളം അപേക്ഷകളാണ് വൃക്കരോഗികളിൽ നിന്ന് മാത്രം ഓരോ മാസവും സ്നേഹസ്പർശത്തിന് ലഭിക്കുന്നത്. നിലവിൽ 3 കോടിയോളം രൂപയാണ് കോഴിക്കോട് ജില്ല പഞ്ചായത്ത് ഈ പദ്ധതിയിലൂടെ ധനസഹായമായി ഒരു വർഷം നൽകുന്നത്.

### പദ്ധതിയിലൂടെ നടപ്പാക്കുന്നത്

- പെരിട്ടോണിയൽ -ഹീമോ ഡയാലിസിസുകൾക്ക് ധനസഹായമായി പ്രതിമാസം 3000രൂപ നൽകുന്നു.
- വൃക്ക മാറ്റി വെച്ചവർ നിത്യവും കഴിക്കുന്ന 5000 രൂപയോളം വില വരുന്ന മരുന്നുകൾ സൗജന്യമായി നൽകുന്നു.
- ഗ്രാമപ്രദേശങ്ങളിലെ മാനസിക രോഗികൾക്ക് സൗജന്യ ചികിത്സ, മരുന്ന് എന്നിവയ്ക്കായി നവജീവൻ ക്ലിനിക്കുകൾ.
- വൃക്ക- ജീവിതശൈലീ രോഗങ്ങൾ തുടക്കത്തിലറിയാൻ സഹായിക്കുന്ന ഒരു മൊബൈൽ ക്ലിനിക്ക്.
- വൃക്ക രോഗ അവയവദാന ബോധവൽക്കരണ സെമിനാറുകൾ, ക്ലാസുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.
- അഗതികളായ എയ്ഡ്സ് രോഗബാധിതർക്ക് താമസം, ഭക്ഷണം, മരുന്ന് എന്നിവ ഉൾപ്പെടെ പരിചരിക്കാനായി രണ്ട് കെയർ സെന്റർ.

### ജനകീയ വിഭവസമാഹരണം

സ്നേഹസ്പർശത്തിനുവേണ്ടി ജനകീയവിഭവസമാഹരണത്തിന് വിവിധഘട്ടങ്ങളിലായി പദ്ധതികൾ ആവിഷ്കരിച്ചു. ജില്ലയിലെ വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, മത സ്ഥാപനങ്ങൾ, കച്ചവടക്കാർ, വ്യക്തികൾ, സ്ഥാപനങ്ങൾ മുഖേനയായിരുന്നു ആദ്യഘട്ട സമാഹരണം. സ്കൂളുകൾ വഴി 1.13 കോടിയും കുടുംബശ്രീ വഴി 1.20 കോടിയും സമാഹരിച്ചതിനുപുറമെ 2014 ൽ ജില്ല പഞ്ചായത്ത് നടത്തിയ ജനകീയ വിഭവസമാഹരണത്തിലൂടെ 2.67 കോടി രൂപ സമാഹരിച്ചു. രോഗികളുടെ വർദ്ധനവിനാൽ വീണ്ടും പ്രതിസന്ധിഘട്ടത്തിലെത്തിയപ്പോൾ 2016 ൽ ജില്ല പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതി മുന്നിട്ടിറങ്ങി തീവ്രയജ്ഞത്തിലൂടെ മുഴുവൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് ഏറ്റവും അടിത്തട്ടിലുള്ള വാർഡ്, ഗ്രാമസഭകൾ വരെ ജനകീയ കമ്മറ്റികൾ രൂപീകരിച്ച് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ ഉൾപ്പെടെ മുഴുവൻ വീടുകളിലും കയറി സമാഹരിച്ച 6.64 കോടി രൂപയായിരുന്നു ആശ്വാസമായത്. സമൂഹത്തിനേറെ ഗുണം ചെയ്യുന്ന ഈ പദ്ധതി ശാശ്വതമായി നിലനിർത്താൻ വേണ്ടി നടത്തിയ കഠിന പരിശ്രമത്തിന്റെ ഫലമായി ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഉൾപ്പെടുന്ന ഒരു സംയുക്ത പദ്ധതിയായി ഇത് മാറി. ഇതുവരെ ലഭ്യമായ 16.82 കോടി രൂപയിൽ 11.33 കോടി രൂപയും ഉപയോഗിച്ചു. വർഷാവർഷം ഓഡിറ്റ് നടത്തി ജനറൽ ബോഡി മുമ്പാകെ കണക്കുകൾ അവതരിപ്പിച്ച് വളരെ സുതാര്യമായി സ്നേഹസ്പർശം നടപ്പാക്കി വരുന്നു.

### പ്രാധാന്യം

വൃക്ക തകരാർ സംഭവിച്ച രോഗികളുടെ ഏറ്റവും വലിയ വെല്ലുവിളിയാണ് ഡയാലിസിസ് ചെയ്യുക എന്നത്. ഏറെ പണചെലവുള്ള ഈ പ്രക്രിയ തുടർച്ചയായി ചെയ്യുക എന്നത് സാധാരണക്കാരന് താങ്ങാൻ കഴിയാത്തതാണ്. ഈ പദ്ധതി നടപ്പാക്കി തുടങ്ങിയതോടെ ജില്ലയിൽ പല ചാരിറ്റി സ്ഥാപനങ്ങൾക്കും ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാൻ പ്രചോദനമായി. കുറഞ്ഞ ചെലവിൽ ഡയാലിസിസ് ലഭ്യമാകാൻ തുടങ്ങിയതോടെ ചെറിയ വരുമാനക്കാർക്കും കൃത്യമായി മുടങ്ങാതെ ഡയാലിസിസ് ചെയ്യാൻ കഴിയുന്നു എന്നത് ഈ പദ്ധതിയുടെ വലിയൊരു നേട്ടമാണ്.

വൃക്ക രോഗം തുടക്കത്തിൽ തിരിച്ചറിയുക എന്നത് അതിന്റെ ചികിത്സയെ സംബന്ധിച്ചിട

**പെരിട്ടോണിയൽ -ഹീമോ ഡയാലിസിസുകൾക്ക് ധനസഹായമായി പ്രതിമാസം 3000രൂപ നൽകുന്നു.**

ത്തോളം ഏറെ പ്രാധാന്യമുള്ളതാണ്. പലപ്പോഴും തിരിച്ചറിയാൻ സാധിക്കാതെ വരുന്നതാണ് ഇന്ന് ബഹുഭൂരിപക്ഷം വൃക്ക രോഗികളും ഡയാലിസിസിനെയോ വൃക്ക മാറ്റി വെയ്ക്കലിനെയോ ആശ്രയിക്കേണ്ട ഭീകരമായ അവസ്ഥയിൽ എത്തിപ്പെടാൻ കാരണം. സ്നേഹസ്പർശവും മലബാർ ഗോൾഡും ഇഖ്റ ഹോസ്പിറ്റലുമായ് ചേർന്നുകൊണ്ട് നടത്തുന്ന ഒരു മൊബൈൽ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലിനിക്കിലൂടെ മുതിർന്നവരിലും സ്കൂൾ വഴി കുട്ടികളിലും രക്ത, മൂത്ര പരിശോധന നടത്തി രോഗം കണ്ടെത്തുന്നതിനും ആവശ്യമെങ്കിൽ ചികിത്സ ആരംഭിക്കുന്നതിനും കഴിയുന്നു.

### ധനസഹായം

കോഴിക്കോട് ജില്ലക്കാരായ ഡയാലിസിസ് ചെയ്യുന്നവർക്കും വൃക്ക മാറ്റിവെച്ചവർക്കും ധനസഹായത്തിനായി അപേക്ഷിക്കാം. ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രവും വാർഡിലെ ജനപ്രതിനിധിയും അവരവരുടെ തദ്ദേശസ്വയംഭരണസ്ഥാപന അദ്ധ്യക്ഷനും ശുപാർശ ചെയ്തതുമായ അപേക്ഷ അതാത് പാലിയേറ്റീവ് യൂണിറ്റ് വഴി അന്വേഷിച്ച് മാർക്കിട്ട ശേഷം മാസാമാസം ചേരുന്ന എക്സിക്യൂട്ടീവ് കമ്മറ്റി പരിഗണിച്ച് ചെയർമാന്റെ അംഗീകാരത്തോടെയാണ് ധനസഹായം അനുവദിക്കുന്നത്. ആരും നോക്കാനില്ലാത്ത എയ്ഡ്സ് രോഗബാധിതരും ഗ്രാമങ്ങളിലെ നവജീവൻ ക്ലിനിക്കിലെത്തുന്ന മാനസികരോഗികളും ഉൾപ്പെടെ 1500 ലധികം ഗുണഭോക്താക്കൾ ഈ പദ്ധതിക്കുണ്ട്. വൃക്ക രോഗ പരിശോധന, ബോധവൽക്കരണം തുടങ്ങിയ സേവനങ്ങൾ ജില്ലയിലെ മുഴുവൻ പൊതുജനങ്ങൾക്കും പ്രയോജനകരമാണ്.

### മാനസികരോഗികൾക്കായി നവജീവൻ ക്ലിനിക്ക്

വേണ്ടത്ര പരിഗണന ലഭിക്കാത്തതിനാലും ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്തതിനാലും ഉൾഗ്രാമങ്ങളിൽ മാനസികരോഗത്താൽ ജീവിതം താളം തെറ്റിയവർ, സമൂഹത്തിൽ അധികമാരും ശ്രദ്ധിക്കാത്ത പ്രധാന ആരോഗ്യപ്രശ്നക്കാരാണ്. വാഹനങ്ങൾക്ക് കല്ലെറിഞ്ഞും ബഹളം വെച്ചും അലഞ്ഞുതിരിഞ്ഞും സ്കൂളിൽ പോകാതെ മുറിക്കുള്ളിൽ ഒതുങ്ങിയും വീട്ടുകാർക്ക് ഭാരവും നാട്ടുകാർക്ക് പരിഹാസ്യരുമാവുന്നവർക്കായി ആരംഭിച്ചതാണ് 'സ്നേഹസ്പർശം നവജീവൻ ക്ലിനിക്കുകൾ'. ചികിത്സയും മരുന്നും തുടർച്ചയായി ലഭിക്കുന്ന രീതിയിൽ ഇടപെട്ട് തുടങ്ങിയതോടെ ഉടഞ്ഞുപോയ പലജീവിതങ്ങളും സ്നേഹത്തിന്റെയും



'വൃക്കരോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. ജില്ലപഞ്ചായത്തിന്റെ ഈ തുടർ ചികിത്സാസഹായം നിലവിലുള്ളതുകൊണ്ട് ജില്ലയിൽ വൃക്ക രോഗികളുടെ പെട്ടെന്നുള്ള മരണങ്ങൾ കുറയാൻ കാരണമായിട്ടുണ്ട്. ഈ പദ്ധതി കാരണം വൃക്ക, മാനസിക, എയ്ഡ്സ് രോഗികളായിരുന്നിട്ടും സാധാരണ ജീവിതം നയിക്കാൻ അവർക്ക് കഴിയുന്നു എന്ന യാഥാർത്ഥ്യം ഏറെ സംതൃപ്തി തരുന്നു. ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഒരു സംയുക്ത പദ്ധതിയായി കേരളസർക്കാർ അംഗീകരിച്ചതിനെ തുടർന്ന് അതാത് വർഷത്തെ പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയിലേക്ക് തുക വകയിരുത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് 2017-18 ലും 2018-19 ലും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പാവങ്ങളുടെ കണ്ണീരൊപ്പുന്ന സ്നേഹസ്പർശം എന്നും കോഴിക്കോട് ജില്ലാപഞ്ചായത്തിനൊപ്പം ഉണ്ടാവും.'

**ബാബു പറശ്ശേരി**
ചെയർമാൻ, സ്നേഹസ്പർശം &
കോഴിക്കോട് ജില്ലപഞ്ചായത്ത് പ്രസിഡന്റ്

സമാധാനത്തിന്റെയും കരങ്ങളാൽ ചേർത്തു വെയ്ക്കാൻ കഴിഞ്ഞത് ഈ പദ്ധതിയുടെ മറ്റൊരു വലിയ സാമൂഹ്യ നേട്ടമാണ്.

### എയ്ഡ്സ് രോഗികൾക്കായി കെയർസെന്റർ

ഇന്ന് എയ്ഡ്സ് രോഗബാധിതർ കേരളത്തിൽ എല്ലായിടത്തുമുണ്ട്. ഇവരിൽ 25 ശതമാനത്തോളം പേർ ഒറ്റപ്പെട്ടുപോവുകയാണ്. ആശ്രയമില്ലാതാവുമ്പോൾ തല ചായ്ക്കാൻ ബസ്സ് സ്റ്റാൻഡുകളോ റെയിൽവേ പ്ലാറ്റ് ഫോമുകളോ ആശ്രയിക്കേണ്ടി വരുന്നവർ. ചികിത്സയും ഭക്ഷണവും പോലുമില്ലാതെ നരകജീവിതം നയിക്കേണ്ടിവരുന്ന ഇത്തരം അഗതികൾക്കായി ആരംഭിച്ചതാണ് 'സ്നേഹസ്പർശം കെയർ സെന്റർ'. കേരളത്തിന്റെ പല ഭാഗത്തുനിന്നുള്ളവർ ഭക്ഷണം, ചികിത്സ, മരുന്ന് തുടങ്ങി എല്ലാ അടിസ്ഥാനസൗകര്യങ്ങളോടും കൂടി രണ്ട് കെയർ സെന്ററുകളിൽ അന്തേവാസികളായി താമസിച്ചുവരുന്നു. അഞ്ച് കെയർടേക്കർമാരെയും ഒരു സൂപ്പർവൈസറെയും അവരെ പരിപാലിക്കുന്നതിനായി നിയമിച്ചിട്ടുണ്ട്. ഓണവും ക്രിസ്മസും പെരുന്നാളും സ്നേഹസ്പർശത്തോടൊപ്പം ആസ്വദിച്ചുകൊണ്ട് അവർ അവിടെ ജീവിക്കുന്നു.

കൂടാതെ രോഗബാധിതരുടെ മക്കൾക്കായി 'നിലാവുകൂട്ടം' എന്ന പേരിൽ ദശദിന ജീവിത നൈപുണ്യ ക്യാമ്പുകൾ സംഘടിപ്പിച്ച് വരുന്നു.

വൃക്ക മാറ്റി വെച്ചവർ നിത്യവും കഴിക്കുന്ന 5000 രൂപയോളം വില വരുന്ന മരുന്നുകൾ സൗജന്യമായി നൽകുന്നു.

ഏറെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടക്കുന്ന ജില്ലയാണ് കോഴിക്കോട്. അവയിൽ ഏറ്റവും മികച്ചതെന്ന് പറയാവുന്നതാണ് സ്നേഹസ്പർശം. വൃക്ക രോഗികൾ എല്ലാ ജില്ലകളിലുമുണ്ട്. എത്രത്തോളം കണ്ടു പിടിക്കപ്പെടുന്നു, എത്ര പേർക്ക് കൃത്യമായ സമയത്ത് ചികിത്സ ലഭ്യമാകുന്നു, ഡയാലിസിസും മരുന്നുകളും തുടരാൻ എത്ര പേർക്ക് കഴിയുന്നു എന്നീ കാര്യങ്ങളിൽ മാത്രമേ വ്യത്യാസം കാണുകയുള്ളൂ. കൃത്യമായി ഡയാലിസിസ് ചെയ്യാൻ സാഹചര്യമില്ലാത്തതിനാൽ ഭൂരിഭാഗവും മരണമടയുന്നത് ഹൃദയസ്തംഭനം മൂലമായിരിക്കും . നാടിന്റെ വികസനത്തിനൊപ്പം നിത്യരോഗങ്ങളാൽ കഷ്ടപ്പെടുന്നവർക്ക് ഒരു കൈതാങ്ങാണ് കോഴിക്കോട് ജില്ല ഭരണസംവിധാനങ്ങളുടെ നേതൃത്വത്തിൽ എല്ലാതലത്തിലുമുള്ള പൊതുപ്രവർത്തകരെയും ഉൾപ്പെടുത്തി ചിട്ടയോടെ പ്രവർത്തിക്കുന്ന ഈ പദ്ധതി. ഇത്തരം പദ്ധതികൾ സംസ്ഥാനത്ത് മാത്രമല്ല രാജ്യത്തിലുടനീളം പ്രാവർത്തികമാക്കാവുന്നതും ആരോഗ്യരംഗത്തെ അത്യാവശ്യവുമാണ്.



**യു.വി.ജോസ് ഐ.എ.എസ്**
ചീഫ് കോ-ഓർഡിനേറ്റർ, സ്നേഹസ്പർശം &
ജില്ല കളക്ടർ കോഴിക്കോട്

*ലേഖകൻ സ്നേഹസ്പർശം പദ്ധതിയുടെ കോ-ഓർഡിനേറ്ററാണ്. ഫോൺ 9946706100*

ഇതിലൂടെ അവരുടെ വ്യക്തിത്വ വികസനത്തിനും സാമൂഹ്യ അവബോധത്തിനും ഊന്നൽ നൽകി മികച്ച പരിശീലകരിലൂടെ കളിയും പാട്ടും പഠനവുമായി സ്വയം പര്യാപ്തരാക്കി ഉത്തമ പൗരന്മാരാക്കുക എന്ന ലക്ഷ്യത്തോടെ പഠനോപകരണങ്ങൾ സൗജന്യമായി നൽകികൊണ്ടാണ് ക്യാമ്പുകൾ അവസാനിപ്പിക്കാറുള്ളത്.

### സംയുക്ത പദ്ധതി

റോഡുകളും പാലങ്ങളും കൊണ്ട് വികസിക്കുന്ന നാടിനൊപ്പം ഞങ്ങളുടെ ജീവനും കൂടി ഒന്നു പരിഗണിക്കാമോ എന്ന് ഡയാലിസിസ് ചെയ്യുന്ന ഒരു കൂട്ടം രോഗികളുടെ അപേക്ഷ ഹൃദയത്തിൽ തട്ടിയ മുൻ ജില്ലപഞ്ചായത്ത് പ്രസിഡന്റ്. കാനത്തിൽ ജമീലയുടെ ഇടപെടലാണ് ഈ പദ്ധതിക്ക് തുടക്കമായത്.

പൊതുജനസഹായം കൊണ്ട് മാത്രം പ്രവർത്തിച്ചിരുന്ന ഈ പദ്ധതിക്ക് ശ്വാശ്വതമായ ഒരു നിലനിൽപ്പ് ആവശ്യമാണെന്ന് മനസ്സിലാക്കി സ്നേഹസ്പർശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു സംയുക്ത പദ്ധതിയായി ഡി.പി.സി. അംഗീകരിച്ചു. ഇപ്പോൾ ജില്ലപഞ്ചായത്ത്, കോഴിക്കോട് കോർപ്പറേഷൻ, ജില്ലയിലെ മുനിസിപ്പാലിറ്റികൾ,ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നീ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്.

# ദേശീയ പഞ്ചായത്ത് പുരസ്കാരം– 2019 നാമനിർദ്ദേശം ക്ഷണിച്ചു

2017-18വർഷത്തെ ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് ശാക്തീകരൺ പുരസ്കാർ, നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാർ എന്നീ ദേശീയപഞ്ചായത്ത്പുരസ്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങൾ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം ക്ഷണിച്ചിരിക്കുന്നു. ജില്ല/ബ്ലോക്ക് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് ശാക്തീകരൺ പുരസ്കാരത്തിന് മാത്രവും ഗ്രാമപഞ്ചായത്തുകൾക്ക് രണ്ട് പുരസ്കാരങ്ങൾക്കും അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ http://panchayataward.gov.in എന്ന വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്. അപേക്ഷകൾ 31.10.2018 ന മുമ്പായി ഓൺലൈനായി നല്കേണ്ടതാണ്. നിശ്ചിത തിയതിക്ക് മുമ്പായി താൽപര്യമുള്ള എല്ലാ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളും അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കഴിഞ്ഞ വർഷം ജില്ല പഞ്ചായത്തിന് 50 ലക്ഷം രൂപയും ബ്ലോക്ക്പഞ്ചായത്തിന് 25 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തുകൾക്ക് 15 ലക്ഷം രൂപ വീതവുമാണ് അവാർഡ് തുകയായി നല്കിയത്.

### 2018 ലെ ജേതാക്കൾ

**ദീൻ ദയാൽ ഉപാധ്യായപഞ്ചായത്ത് ശാക്തീകരൺ**

ജില്ല പഞ്ചായത്ത് - കൊല്ലം
ബ്ലോക്ക് പഞ്ചായത്ത് - ശ്രീകൃഷ്ണപുരം
ഗ്രാമ പഞ്ചായത്തുകൾ - ബുധനൂർ, ശാസ്താംകോട്ട, മാറാഞ്ചേരി.

**നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാർ**

പോരൂർ ഗ്രാമ പഞ്ചായത്ത്



# മുത്തശ്ശിയോട് ചോദിക്കാം

**ടി.ഷാഹുൽ ഹമീദ്**

## കുട്ടികളിൽ പ്രകൃതി സ്നേഹം വളർത്താൻ അഴിയൂരിൽ പദ്ധതി

പ്രകൃതിസ്നേഹം കുട്ടികളിൽ അങ്കുരിപ്പിക്കാൻ അഴിയൂർ ഗ്രാമ പഞ്ചായത്തിൽ നൂതനപദ്ധതി. മുത്തശ്ശിയോട് ചോദിക്കാം എന്ന പദ്ധതി മയ്യഴിയുടെ കഥാകൃത്ത് എം.മുകുന്ദൻ ഉൽഘാടനം ചെയ്തു. പഴയ തലമുറയിൽ നിന്നും അറിവുകൾ പുതുതലമുറയിലേക്ക് പകർന്ന് കുട്ടികളെ പ്രകൃതി സ്നേഹികളായി വളർത്തിക്കൊണ്ട് വരുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

മുത്തശ്ശിമാരെ വൃദ്ധസദനത്തിൽ തള്ളരുത്, അവരിൽ അനുഭവത്തിന്റെ മഹാജ്ഞാനം ഒളിഞ്ഞിരിപ്പുണ്ട് എന്ന സന്ദേശം കുട്ടികളിൽ എത്തിച്ച്, പ്രകൃതിയെ പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. മഹാപ്രളയവും കാലാവസ്ഥാ വ്യത്യായാനങ്ങളും സംഭവിക്കുന്ന വർത്തമാന കാലഘട്ടത്തിലാണ് പഞ്ചായത്തിലെ 15 സ്കൂളുകളിലെ 3750 കുട്ടികളിൽ പ്രകൃതി സംരക്ഷണ-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന ചോദ്യങ്ങൾ ഉൾകൊള്ളുന്ന മുത്തശ്ശിയോട് ചോദിക്കാം എന്ന പരിപാടി ആരംഭിച്ചത്.

### എന്തൊക്കെ ചോദ്യങ്ങൾ

കേരള സർക്കാരിന്റെ കീഴിലുള്ള CCDU (കമ്മ്യൂണിറ്റി & കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റ്) തിരുവനന്തപുരത്തിന്റെ സഹായത്തോടെ 54 ചോദ്യങ്ങൾ തയ്യാറാക്കുകയും പ്രധാന അധ്യാപകർ മുഖേന മുഴുവൻ കുട്ടികൾക്കും നൽകുകയും ചെയ്തു. ഓരോ കുട്ടിയും സ്വന്തം വീട്ടിലെയോ അയൽ വീട്ടിലെയോ മുത്തശ്ശിയോട് ചോദ്യങ്ങൾ ചോദിക്കുകയും അവരുടെ ഉത്തരങ്ങളിൽ നിന്ന് പഴമകളിലെ പരിസ്ഥിതി വിവരങ്ങൾ സ്വാംശീകരിച്ച് ഉത്തരങ്ങൾ രേഖപ്പെടുത്തി ക്ലാസ്സ് ടീച്ചർക്ക് നൽകുകയും ചെയ്യുന്നതോടെ പദ്ധതിയുടെ പ്രധാന പ്രവർത്തനം പൂർത്തീകരിക്കും; കുട്ടികളിലെ പ്രകൃതി സംരക്ഷണ സാമൂഹ്യബോധം അളക്കുന്നതിന് ഉതകുന്ന ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയത്. ശുദ്ധജല സ്രോതസുകളുടെ ഇന്നത്തെ അവസ്ഥ, ജലജന്യ രോഗങ്ങളിൽ അനുവർത്തിക്കേണ്ട പ്രതിരോധ മാർഗ്ഗങ്ങൾ, പരിസര ശുചിത്വം, വ്യക്തി

*മുത്തശ്ശിയോട് ചോദിക്കാം പദ്ധതി കഥാകൃത്ത് എം. മുകുന്ദൻ ഉൽഘാടനം ചെയ്യുന്നു.*



ശുചിത്വം, അടുക്കള കൃഷിയുടെ പ്രാധാന്യം, മാലിന്യ സംസ്കരണം, പഴമയിലെ പ്രകൃതി സംരക്ഷണ അറിവുകൾ എന്നിവ സംബന്ധിച്ച പഴയ കാലത്തെ വിവരങ്ങൾ ശേഖരിക്കുവാൻ ഉതകുന്ന ചോദ്യങ്ങളാണ് ഉള്ളത്. പണ്ടുകാലത്തെ കുടിവെള്ള സ്രോതസുകളുടെ വിവരണം, കിണർ പരിപാലനം, കിണർ ജലത്തിന്റെ ശുദ്ധത, ഔഷധച്ചെടികളുടെ പേരുകൾ, കുപ്പിവെള്ളത്തിന്റെ ദൂഷ്യഫലങ്ങൾ, ശുദ്ധജല ഉപയോഗത്തിലെ മിതത്വം, നീർത്തട സംരക്ഷണം, വരൾച്ച നിവാരണം, കണ്ടൽ കൃഷിവ്യാപനം മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യം, കുഴൽ കിണറുകളുടെ ദോഷങ്ങൾ, ജലമലിനീകരണം, ജലജന്യരോഗങ്ങൾ, വ്യക്തി ശുചിത്വം, അടുക്കള കൃഷി, ജൈവ വളങ്ങൾ', പച്ചക്കറികൃഷി വ്യാപനം, വീട്ടിലെ അണു നശീകരണ രീതികൾ, മാലിന്യ സംസ്കരണരീതികൾ,പ്ളാസ്റ്റിക്കിന്റെ ദൂഷ്യ ഫലങ്ങൾ, പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾ, മണ്ണൊലിപ്പ്, തോട് സംരംക്ഷണം, പ്രധാനപ്പെട്ട ഔഷധ ചെടികൾ, സൂക്ഷ്മ ജീവീകൾഎന്നീ വിഷയങ്ങളിൽ മുത്തശ്ശിമാരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് സ്വന്തം വീട്, പരിസരം, പൊതുസ്ഥലങ്ങൾ എന്നിവയുടെ അവസ്ഥ നേരിട്ട് മനസ്സിലാക്കാൻ ഈ പദ്ധതി കൊണ്ട് സാധിക്കുന്നതാണ്, കൂടാതെ പ്രകൃതിയുമായി ബന്ധപ്പെട്ട അറിവുകളും പഴഞ്ചൊല്ലുകളും എന്നിവ മുത്തശ്ശിമാരിൽ നിന്നും രേഖപ്പെടുത്തുകയും ചെയ്യും.

## തുടർ പ്രവർത്തനം

ഓരോ ക്ലാസ്സിലെയും കുട്ടികൾ മുത്തശ്ശിമാരിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ ക്ലാസ്സ് അടിസ്ഥാനത്തിൽ ക്രോഡീകരിക്കണം. അന്യം നിന്ന് പോകുന്ന ചെടികൾ, മരങ്ങൾ, സൂക്ഷ്മജീവികൾ, ജന്തുക്കൾ, പക്ഷികൾ, എന്നിവയുടെ വിവരങ്ങൾ, ജല സംരക്ഷണം, ശുചിത്വം എന്നിവ സംബന്ധിച്ച് കുട്ടികളുടെ അഭിപ്രായവും രേഖപ്പെടുത്തണം. മുത്തശ്ശിമാർ പറഞ്ഞിട്ടുള്ള പഴഞ്ചൊല്ലുകൾ, പഴമൊഴികൾ എന്നിവ രേഖപ്പെടുത്തി ഫോറങ്ങൾ ക്ലാസ്സ് ടീച്ചർ പഞ്ചായത്തിൽ നൽകുന്നതാണ്

കുട്ടികളുടെ അഭിപ്രായം കണക്കിലെടുത്ത് എല്ലാ സ്കൂളുകൾക്കും ഔഷധ ചെടികൾ വിതരണം ചെയ്യുന്നതാണ്. കൂടാതെ മുത്തശ്ശിമാർ പറഞ്ഞ കഥകൾ, കടംകഥകൾ, പഴഞ്ചൊല്ലുകൾ, നാടൻ പാട്ടുകൾ, മൊഴിമുത്തുകൾ, എന്നിവ സംബന്ധിച്ച് പുസ്തകം തയ്യാറാക്കുന്നതാണ്. ഇത് പഞ്ചായത്തിന്റെ ബയോഡൈവേർസിറ്റി മാനേജ്മെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്ത് തുടർ പദ്ധതി തയ്യാറാക്കുന്നതാണ്. പഴമയുടെ അനുഭവ സമ്പത്ത്പുതിയ തലമുറ സ്നേഹപൂർവ്വം സ്വീകരിക്കുന്ന ഒരു വ്യത്യസ്ത പരിപാടിയാണ് അഴിയൂരിലെ മുത്തശ്ശിയോട് ചോദിക്കാം എന്ന പരിപാടി.

*അഴിയൂർ ഗ്രാമപഞ്ചായത്ത്*
*സെക്രട്ടറിയാണ് ലേഖകൻ*
*9496048103*



ലോകമെമ്പാടും ഭക്ഷണം പാഴാക്കിക്കളയുന്ന കാഴ്ച കാണാം. നമ്മളോരോരുത്തരും തികഞ്ഞ അലംഭാവത്തോടെ മാത്രം കൈകാര്യം ചെയ്യുന്ന ഒരു വിഷയമാണിത്. എല്ലാവരും ഈ കാര്യത്തിൽ കാണിക്കുന്ന ശുഷ്ക മനോഭാവം ഭീകരവും ഭയാനകവുമാണ്. ഈ കഴിഞ്ഞ മാസങ്ങളിലാണല്ലോ നമ്മുടെ സംസ്ഥാനം നാളിതുവരെ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ മഹാ പ്രളയദുരന്തത്തിന് സാക്ഷിയായത്. പാവപ്പെട്ടവനും പണക്കാരനും ജാതി, മത, കക്ഷി രാഷ്ട്രീയ, സ്ഥല കാല ഭേദമന്യേ ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി മണിക്കൂറുകളോളം സമചിത്തതയോടെ ക്യൂ നിന്ന ആ ചിത്രം നമ്മുടെ മനസ്സുകളിൽ എന്നും തങ്ങിനിൽക്കും. വസ്ത്രവും ഭക്ഷണവും പാർപ്പിടവും ഒരു മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളായതുകൊണ്ടു തന്നെ ദുരന്ത സമയത്ത് നമ്മുടെ സമൂഹം ഏറ്റവും കൂടുതൽ ഈ കാര്യം ചർച്ച ചെയ്തതും. ലോകത്തിന്റെ സകല ഭാഗത്തു നിന്നും ദൈവത്തിന്റെ സ്വന്തം നാടെന്നു നമ്മൾ അഭിമാനിച്ച, സ്വകാര്യമായി അഹങ്കരിച്ച കേരള നാട്ടിലേക്കു വസ്ത്രവും ഭക്ഷണവുമാണ് ഏറ്റവുമധികം ഒഴുകിയെത്തിയത്. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ വർത്തമാന കാലത്തു സമ്പന്നത കുമിഞ്ഞു കൂടി ധാരാളിത്തവും പൊങ്ങച്ചവും കാട്ടി ചിലർ നടക്കുമ്പോൾ പട്ടിണിയും പരിവട്ടവുമായി സദാ ദരിദ്ര നാരായണന്മാരായി കഴിഞ്ഞു കൂടാനാണ് മറ്റു ചിലരുടെ വിധി. ഇതിൽ മുഴു പട്ടിണിക്കാരുമുണ്ട്.

ചില സമ്പന്ന രാജ്യങ്ങളിൽ ഈയിടെ സർക്കാർ ഏജൻസികൾ നടത്തിയ പഠനമനുസരിച്ചു നഗരസഭയുടെ കുപ്പത്തൊട്ടിയിൽ കൊണ്ട് തള്ളുന്ന പാഴ്വസ്തുക്കളിൽ 50 % വും ഉപയോഗിക്കാതെ വലിച്ചെറിയുന്ന ഭക്ഷണമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഒരാൾ ഒരു ദിവസം 5 ഉരുള ചോറാണ് പാഴാക്കുന്നത്. ഹോട്ടലുകളിലും കല്യാണ മണ്ഡപങ്ങളിലും ഉത്സവ പറമ്പുകളിലും മറ്റ് ആഘോഷ സ്ഥലങ്ങളിലും ഒന്ന് ശ്രദ്ധിച്ചാൽ പലപ്പോഴും കാണാവുന്ന കാഴ്ച അതിദയനീയമാണ്.

ആഫ്രിക്കയിലാണ് വർഷങ്ങളായി ദാരിദ്ര്യവും പട്ടിണിയും കൊടികുത്തി വാഴുന്നത്. ഇത് ഇല്ലായ്മ ചെയ്യാൻ ധാരാളം പ്രവർത്തനങ്ങൾ ആഗോള തലത്തിൽ നടക്കുന്നുണ്ട് . ലോകത്ത് ഓരോ അഞ്ചു സെക്ക



### ലോക ഭക്ഷ്യ ദിനം –ഒക്ടോബർ 16

# ഭക്ഷണം കഴിക്കാനുള്ളതാണ് ... പാഴാക്കാനുള്ളതല്ല

**നിസാർ മൊയ്തീൻ**

ന്റിലും ശരാശരി ഒരു കുട്ടി വീതം ഭക്ഷണം കിട്ടാതെ വിശപ്പു മൂലം മരണപ്പെടുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ദരിദ്ര രാജ്യമായ ഹൈത്തിയിൽ കളിമണ്ണിൽ ഉപ്പു കലർത്തി അടുപ്പിൽ ചുട്ടെടുത്ത് ബിസ്ക്കറ്റ് പോലെയാക്കി മണ്ണ് കഴിച്ച് വിശപ്പടക്കുന്നതിന്റെ വീഡിയോ ഈയിടെയാണ് സമൂഹ മാധ്യമങ്ങളിൽ വൈറൽ ആയത്. ലോക മനസാക്ഷിയുടെ കണ്ണ് തുറപ്പിക്കാൻ ഉതകുന്നതായിരുന്നു ഇത്.

ലോകത്താകമാനം അനേകായിരം ജനങ്ങൾ വിശന്നിരിക്കുമ്പോൾ ഒരു റൊട്ടിയുടെ രൂപത്തിലാണ് അവരുടെ മുൻപിൽ ദൈവം പ്രത്യക്ഷപ്പെടുന്നത് എന്നാണ് രാഷ്ട്രപിതാവ് മഹാത്മാഗാന്ധി അഭിപ്രായപ്പെട്ടത്.

ലോകത്തു ചിലയിടങ്ങളിൽ ഭക്ഷണം പാഴാക്കുന്നവരോട് കർശന സമീപനം കൈക്കൊള്ളുന്ന ഭക്ഷണ ശാലകളുണ്ട് ചില ജാപ്പനീസ് ഹോട്ടലുകളിൽ ഭക്ഷണം പാഴാക്കുകയാണെങ്കിൽ അതിന്റെ തുക കൂടി പിഴയായി ബില്ലിനോടൊപ്പം ചേർത്ത് നൽകുന്നതായി മാധ്യമ റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. നമ്മുടെ നാട്ടിലും മാതൃകാപരമായ ഇത്തരം നിയമ നടപടികൾക്കുള്ള നീക്കം നടത്തണം. ഇതിനായി സമൂഹവും തദ്ദേശ ഭരണ സ്ഥാപനങ്ങൾ അടക്കമുള്ള പ്രാദേശികഭരണകൂടവും വിവിധ മത രാഷ്ട്രീയ സംഘടനകളും കൈകോർക്കണം. എങ്കിൽ നമുക്ക് വലിയൊരളവിൽ മാറ്റം ഉണ്ടാക്കാൻ കഴിയും. ആവശ്യമായ ഉല്പാദന പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ മനോഭാവത്തിലും ഒരു മാറ്റമുണ്ടാക്കാൻ സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

നമ്മൾ പാഴാക്കി കളയുന്നത് മറ്റൊരാളുടെ ഭക്ഷണമാണെന്ന ബോധം എല്ലായ്പ്പോഴും നമ്മിൽ ഉണ്ടായിരിക്കണം.

നന്നായി ആലോചിച്ച് മാത്രം ഭക്ഷണ സാധനങ്ങൾ വാങ്ങുക, ഇതിനായി നേരത്തെ ആസൂത്രണം ചെയ്യുക, സൂക്ഷിച്ച് പാചകം ചെയ്യുക, ആവശ്യമായ അളവിൽ മാത്രമേ പാചകം ചെയ്യാവൂ, കഴിയുന്നത്ര പ്രാദേശികമായി ലഭിക്കുന്ന സാധനങ്ങൾ വാങ്ങാൻ ശ്രമിക്കുക. പറയുക, പ്രവർത്തിക്കുക മറ്റുള്ളവരെക്കൂടി ബോധവാന്മാരാക്കുക എന്നതാവണം നമ്മുടെ നയം. നമ്മൾ ഓരോരുത്തരും ഇതൊരു വെല്ലുവിളിയായും ഉത്തരവാദിത്തമായും ഏറ്റെടുക്കണം. അപ്പോഴേ സ്ഥായിയായ മാറ്റം ഉണ്ടാക്കാനാവൂ.




സ്വന്തം ജീവിതത്തിലും സ്വന്തം കുടുംബത്തിലും സുഹൃത്തുക്കൾക്കിടയിലും അവരവരുടെ പ്രദേശത്തെങ്കിലും അനാവശ്യമായി ഭക്ഷണങ്ങൾ പാഴാക്കുന്നില്ലെന്ന ഉറപ്പുവരുത്താൻ നമുക്കാവണം. അതിനുള്ള മാനസികമായ തയാറെടുപ്പിനൊപ്പം ഇന്ന് മുതൽ മരണം വരെ ജീവിതത്തിൽ ഒരിക്കലും ഒരു തരത്തിലും ഭക്ഷണ സാധനങ്ങൾ പാഴാക്കി കളയുകയില്ല എന്ന് ഉറച്ച പ്രതിജ്ഞ നാം ഓരോരുത്തരും എടുക്കണം. പാചകം ചെയ്ത ഭക്ഷണം മാത്രമല്ല വേണ്ട വിധം സൂക്ഷിക്കാതെയും വഹിച്ച് കൊണ്ട് പോകുമ്പോൾ ശ്രദ്ധിക്കാതെയും പാഴാക്കി കളയുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ അളവും വളരെ വലുതാണ്. നമ്മുടെ പച്ചക്കറി ചന്തകളും സൂപ്പർ മാർക്കറ്റുകളും ഭക്ഷണ ശാലകളും മറ്റും ഇതിൽ കൂടുതൽ ജാഗ്രത പുലർത്തണം. അതിലൂടെ മാത്രമേ വിശപ്പ് രഹിതമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള ശ്രമങ്ങളിൽ നമുക്കും പങ്കാളികളാവാൻ സാധിക്കുകയുള്ളൂ. അതിനാവട്ടെ നമ്മുടെ ഇനിയുള്ള ദിനങ്ങൾ എന്ന് ഈ ലോക ഭക്ഷ്യ ദിനത്തിൽ നമുക്ക് പ്രതിജ്ഞ എടുക്കാം.

*ലേഖകൻ ഡോണ്ട് വേസ്റ്റ് ഫുഡ് (DWF) ഗ്ലോബൽ ചെയർമാനാണ്.*
*www.dontwastefoodglobal.org*
*9447171074*

## ...എന്റെ വായനക്കാർ

### പ്രളയവും പഞ്ചായത്ത്‌രാജും

വാക്കുകളും ചിന്തകളും അനക്കമറ്റു നിന്ന ദുരന്തമുഖമാണ് പ്രളയത്തിലൂടെ നാം കണ്ടത്. നേരിട്ടും അല്ലാതെയും എല്ലാ മലയാളികളെയും ഈ വെള്ളപ്പൊക്കം ബാധിച്ചിരിക്കുന്നു. ഞാൻ, നീ എന്ന വ്യത്യാസം പോലും നിരർത്ഥകമായി മാറിയ നിമിഷങ്ങളിലൂടെയാണ് നാം കടന്നുപോയത്.

ഏത് ദുരന്തം വന്ന് കടന്നാക്രമിച്ചാലും ഒറ്റക്കെട്ടായി നാമതിനെ നേരിടുമെന്ന് അക്ഷരാർത്ഥത്തിൽ മലയാളജനത ലോകത്തിന് കാണിച്ചുകൊടുത്തിരിക്കുന്നു. പ്രളയാനന്തര അതിജീവനത്തിന്റെ വിവിധതലങ്ങൾ വായനക്കാർക്കായി വരച്ചുകാണിക്കുന്നതിൽ "പഞ്ചായത്ത് രാജ് മാസിക" വിജയിച്ചിരിക്കുന്നു. ഇനിയെന്തു ചെയ്യണം എന്ന് പറഞ്ഞുതന്നിരിക്കുന്നു. ഐക്യത്തോടെയുള്ള കേരളത്തിന്റെ മുന്നേറ്റത്തിൽ മാസികയുടെ അക്ഷരാഗ്നിയും വെളിച്ചമേകി.

**കെ.വി. സുഹ്റ, കിഴക്കഞ്ചേരി**

### പകർച്ചവ്യാധികൾക്കെതിരെ

പഞ്ചായത്ത് രാജ് സെപ്റ്റംബർ ലക്കം പ്രളയാനന്തരപതിപ്പ് സവിശേഷമായി. പ്രത്യേകിച്ച് ഡോ. ചിന്തയുടെ ആരോഗ്യശ്രദ്ധയ്ക്കായുള്ള ലേഖനം. പ്രളയശേഷം പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ള രോഗങ്ങളെ പ്രതിരോധിക്കാനും പ്രതിവിധി കണ്ടെത്താനും ആ ലേഖനം മാർഗ്ഗദർശകമായി. ഇത്തരത്തിലുള്ള കാമ്പുറ്റതും പ്രയോജനപ്രദവുമായ ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.


**ഹരികുമാർ വർമ്മ, വണ്ടാനം**

### മാതൃകാപ്രവർത്തനം

മഹാപ്രളയത്തിന്റെ ദിനങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പും അതിലെ ജീവനക്കാരും ജനപ്രതിനിധികളും ഏറ്റവും മാതൃകാപരമായും ജനമനസ്സുകൾ തൊട്ടറിഞ്ഞും പ്രവർത്തിച്ചതുകൊണ്ടു കൂടിയാണ് ദുരന്തതീവ്രത കുറയ്ക്കാനായത്. രക്ഷാപ്രവർത്തനത്തിൽ മാത്രമല്ല ദുരിതാശ്വാസക്യാമ്പുകളിലും ശുചീകരണപ്രയത്നത്തിലും അങ്ങേയറ്റം ആത്മാർത്ഥതയോടെയും ഉത്സാഹപൂർവ്വമായും അവർ തങ്ങളുടേതായ പങ്ക് വഹിച്ചു. അതിന്റെ ചുരുക്കെഴുത്താണ് സെപ്റ്റംബർ ലക്കം പഞ്ചായത്ത് രാജ് മാസിക. അഭിനന്ദനങ്ങൾ.

**നിധിൻ പി., ഇരിങ്ങാലക്കുട**

**കണ്ണും കാതും** | **വീ.സീ.അഭിലാഷ്**






## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** October 2018
Annual Subscription ₹120, Published on 20 October 2018

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by H.Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: H.Dineshan IAS